No. 172

September 2002

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# Nominated as the expert of the ISO

Dr B.Jayachandran, Professor and Head, Department of Physics S.N.College, Varkala has been nominated as an expert member from India to the International Organisation for Standardisation. (ISO-WG4 - space Environment Natural and Artificial). The nomination was made at its plenary meeting at Noordwijk in Netharlands recently. Professor M.I.Panasyuk, Head, Institute of Nuclear Physics of Moscow State University is the covener of the group. Dr. B.Jayachandran is the lone space scientist nominated from India.



## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

**വാർഷിക വരിസംഖ്യ 50 രൂപ മാത്രം**

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിറററിൽ നിന്നോ ലഭിക്കുന്നതാണ്.


ചീഫ് എഡിറററുടെ വിലാസം
**കെ. ജഗന്നാഥൻനായർ**. കീർത്തി, പരുത്തിവിള
ധനുവച്ചപുരം പി.ഒ., നെയ്യാററിൻകര
തിരുവനന്തപുരം
(ഫോൺ: 0471-232561)

മാനേജിംഗ് എഡിറററുടെ വിലാസം
**എസ്. ജയരാജ് കുമാർ**, ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്,
കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ.
തിരുവനന്തപുരം - 695 011 (ഫോൺ - 0471-440004)

ഓഫീസ്
എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്
മാതൃഭൂമി റോഡ്, വഞ്ചിയൂർ
തിരുവനന്തപുരം - 695 035, ഫോൺ - 0471-463494
Fax: 0471-468984. e-mail:akpcta@eth.net



AKPCTA

KERALA PRIVATE COLLEGE TEACHER

MONTHLY JOURNAL OF THE AKPCTA

**No. 172** **September 2002**



**EDITORIAL BOARD**

*Chief Editor*
K.JAGANNATHAN NAIR

*Managing Editor*
S.JAYARAJKUMAR

*Assistant Editor*
V.JAYAKUMAR

*Members*
Thomas Joseph
A. Prathapachandran Nair
V. Rajagopal
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
R.B.Rajalekshmi
M.Shahul Hameed
G.S.Suresh
M.S.Vasanthakumar
C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
T.A.Sudhakarakurup
Indulal



No. 172

CONTENTS


വർഗീയവൽക്കരണത്തിനും
വരേണ്യവൽക്കരണത്തിനുമെതിരെ
വിദ്യാഭ്യാസ ജാഥ
**പ്രൊഫ. തോമസ് ജോസഫ്**

●

Your income-tax for
2002-2003
**Thomichan Joseph**

●

പേക്കട്ടുകളും
പിരിച്ചുവിടലുകളും
**പ്രൊഫ. വി.എൻ. മുരളി**

●

മാധ്യമ പരിണാമം
ചരിത്രവും വർത്തമാനവും
**ഡോ. സുധീർ കിടങ്ങൂർ**

●

കോരനും ഭാരതിയും
പിന്നൊരാളും (കവിത)
**പി.ആർ. ഹരികുമാർ**

●

(വാർത്താമദ്ധ്യം)
കലാമിൻെറ മൗനം
**പ്രൊഫ. എം.എസ്. വസന്തകുമാർ**

എഡിറ്റോറിയൽ • Economic Focus
• AIFEUCTO NEWS • UGC News
• സമരപഥങ്ങൾ • ശാസ്ത്രജാലകം
• Sports Line • സർവീസ് പംക്തി
• Abstract of Ph.D Thesis
• സർക്കാർ ഉത്തരവുകൾ


**എഡിറ്റോറിയൽ**

# ഉന്നതവിദ്യാഭ്യാസ മേഖല കച്ചവടച്ചന്ത

അരനൂററാണ്ടുകാലത്തെ നിരന്തര പരിശ്രമത്തിന്റെയും പോരാട്ടത്തിന്റെയും ഫലമായി കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് കൈവരിച്ച നേട്ടങ്ങൾ അരനാഴികനേരം കൊണ്ട് നാലകത്ത് സൂപ്പിയും യു.ഡി.എഫും തകർത്തെറിഞ്ഞിരിക്കുന്നു. പ്രീ പ്രൈമറി മുതൽ പ്രൊഫഷണൽതലം വരെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ എല്ലാം തന്നെ സ്വകാര്യവ്യക്തികൾക്ക് കൈമാറാൻ തീരുമാനിച്ചിരിക്കുകയാണ്. സർക്കാർ മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളോടൊപ്പം സർക്കാർ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന സ്കൂൾ, കോളജുകളും അടച്ചുപൂട്ടൽ ഭീഷണി നേരിടുമ്പോൾ, അൺ എയിഡഡ് സ്കൂളുകളും കോളജുകളും ചോദിച്ചവർക്കെല്ലാം നൽകിക്കൊണ്ട് സർക്കാർ സേവനരംഗത്ത് നിന്ന് വളരെ വേഗത്തിൽ പിന്മാറുകയാണ്.

വളരെക്കുറച്ച് പണം മുടക്കി ഏറെ ലാഭം കൊയ്യാനുള്ള ആർത്തിയോടുകൂടി അബ്കാരികളും, കള്ളക്കച്ചവടക്കാരും കള്ളപ്പണക്കാരും രംഗത്തെത്തിയിട്ടുണ്ട്. ഇപ്പോൾ കേരളത്തിലങ്ങോളമിങ്ങോളം അനുവദിച്ചിട്ടുള്ള എൻജിനിയറിംഗ്, മെഡിക്കൽ കോളജുകളുടെ ഉടമസ്ഥരാരെന്ന് പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാകും.

ചിരകാലമായി സർക്കാർ നിയന്ത്രണത്തിലും, എൻ.എസ്.എസ്., എസ്.എൻ.ഡി.പി., എം.ഈ.എസ്, ക്രിസ്റ്റ്യൻ മാനേജുമെന്റുകൾ എന്നീ വിദ്യാഭ്യാസ ഏജൻസികൾ വഴിയുമാണ് കേരളത്തിലെ വിദ്യാഭ്യാസരംഗം സാധാരണക്കാർക്ക് പ്രയോജനപ്പെട്ടു വന്നിരുന്നത്. ദീർഘവീക്ഷണവും, സേവനതാല്പര്യവും ഈ സ്ഥാപനങ്ങൾ നടത്തുന്നവർക്കുള്ളതുകൊണ്ടാണ് മററു സംസ്ഥാനങ്ങളെക്കാൾ കേരളം സാക്ഷരതയിൽ മുന്നിലെത്തിയത്. ധനികനും ദരിദ്രനും ഒരുപോലെ വിദ്യാഭ്യാസം നേടാനുള്ള അവസരം ഒരു

ക്കുന്നതിൽ മുൻകാല ഗവൺമെന്റുകൾ ശ്രദ്ധിച്ചിരുന്നു.

2001 മേയ് മാസത്തിൽ ആന്റണിയുടെ നേതൃത്വത്തിൽ വന്ന യുഡിഎഫ് ഗവൺമെന്റാകട്ടെ വിദ്യാഭ്യാസം പരിപൂർണ്ണമായും സ്വകാര്യവ്യക്തികൾക്ക് തീറെഴുതിക്കഴിഞ്ഞു. ഇനി ധനികന് മാത്രം കടന്നുചെല്ലാൻ കഴിയുന്ന ഒരു മേഖലയായി വിദ്യാഭ്യാസരംഗം മാറുകയാണ്. ചാതുർവർണ്ണ്യ വ്യവസ്ഥിതിയുടെ കാലത്ത് സവർണ്ണർക്ക് മാത്രമായി സംവരണം ചെയ്തിരുന്ന അറിവിന്റെ ലോകം ഇനി സമ്പന്നന് മാത്രമായി തീരും. ബഹുഭൂരിപക്ഷം വരുന്ന നിർദ്ധനർ അറിവിന്റെ ലോകത്തുനിന്ന് എന്നന്നേയ്ക്കുമായി അകററപ്പെടും.

മൂന്നാം ലോകരാജ്യങ്ങളെ അടിമകളാക്കാൻ സാമ്രാജ്യത്വശക്തികൾ അന്തർദേശീയ തലത്തിൽ ചില ഫണ്ടിംഗ് ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്. വേൾഡ് ബാങ്ക് എ.ഡി.ബി. തുടങ്ങിയ ഏജൻസികളുടെ താൽപര്യങ്ങൾക്കും നിർദ്ദേശങ്ങൾക്കും വഴങ്ങി കേന്ദ്രത്തിലും കേരളത്തിലുമുള്ള ഗവൺമെന്റുകൾ വിദ്യാഭ്യാസരംഗം കച്ചവടച്ചരക്കാക്കിയിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസാവശ്യത്തിന് ഇനിമേൽ മുതൽമുടക്കുകയില്ലെന്ന തീരുമാനം ധവളപത്രത്തിൽ വ്യക്തമാക്കിയത് ഇപ്പോൾ നടപ്പാക്കുകയാണ്. ഉന്നതവിദ്യാഭ്യാസം വൻതുക മുടക്കിനേടാൻ ഒരു തള്ളിക്കയററം തന്നെ ഉണ്ടാകുമെന്നും അങ്ങനെ കോടികൾലാഭം കൊയ്യാൻ കഴിയുമെന്നുമാണ് കണക്കുകൂട്ടൽ. ഇതിന് മന്ത്രിമാർക്കും രാഷ്ട്രീയക്കാർക്കും കോടികൾ കോഴ നൽകിയാണ് സ്ഥാപനങ്ങൾ ആരംഭിക്കാൻ അനുവാദം നേടിയത്.

എൻജിനിയറിംഗ്, മെഡിക്കൽ കോളജുകൾക്ക് അഞ്ചുമുതൽ പത്തുവരെ കോടിരൂപാ കോഴയായി കൈപ്പററിയ കഥകൾ നാട്ടിൽപാട്ടാണ്. വ്യാജമദ്യവിൽപ്പനക്കാരനും കാട്ടുകള്ളനും, കള്ളക്കച്ചവടക്കാരനും നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പരസ്യം മാധ്യമങ്ങളിൽ നിറയുന്നത് ജനം അത്ഭുതത്തോടുകൂടി കാണുകയാണ്. നഗരത്തിലും ഗ്രാമങ്ങളിലും നിറഞ്ഞുകാണുന്ന പെട്ടിക്കടകളും തട്ടുകടകളുംപോലെ കേരളത്തിന്റെ മുക്കിനും മൂലയിലും മെഡിക്കൽ കോളജുകളും എൻജിനിയറിംഗ് കോളജുകളും നിറഞ്ഞു കഴിഞ്ഞു.

ഈ സ്ഥാപനങ്ങളുടെ സാമൂഹ്യബാധ്യതയോ, ഗുണമേന്മയോ സർക്കാറിന് പ്രശ്നമല്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിന് സർവ്വകലാശാലകളിൽ നിലവിലുള്ള നിയമവ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. എന്നാൽ പുറം വാതിലിലൂടെ കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും നിയന്ത്രണം സൂപ്പി-ആന്റണിമാർ കവർന്നെടുത്തുകൊണ്ട് നിയമം ലംഘിച്ചിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയിൽ മാത്രം ഒരു ഡസനിലേറെ എൻജിനിയറിംഗ് കോളജുകളും അരഡസ്സൻ മെഡിക്കൽ ആയുർവേദ കോളജുകളുമുണ്ട്. കൂടാതെ നഴ്സിംഗ് കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ നിരവധിയാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് ഒരു കാഴ്ചപ്പാടുമില്ലെന്നു മാത്രവുമല്ല ഓരോ കൊല്ലവും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളുടെ ഭാവിയെക്കുറിച്ചും അജ്ഞതയും നടിക്കുകയാണ്.

സാമൂഹ്യനീതിയുടെയും വിദ്യാഭ്യാസവികസനത്തിന്റെയും കാര്യത്തിൽ നാം ആർജ്ജിച്ച പാരമ്പര്യം ഒററയടിക്ക് തകർക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. വിദ്യാർത്ഥി പ്രവേശനം, അദ്ധ്യാപക നിയമനം തുടങ്ങിയ കാര്യങ്ങളിൽ നിലവിലുള്ള സംവരണ വ്യവസ്ഥ അട്ടിമറിച്ച് മാനേജർക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകുമെന്ന് മാത്രമല്ല മെറിററടിസ്ഥാനത്തിലുള്ള നിയമനങ്ങൾ ഉണ്ടാവുകയുമില്ല. പഠനത്തിനും തൊഴിലെടുക്കുന്നതിനും തുല്യനീതി ഉറപ്പുവരുത്തുന്ന വ്യവസ്ഥിതി തുടച്ചുമാററപ്പെടുകയാണ്. എയിഡഡ് കോളജുകളിൽ അൺ എയിഡഡ് കോഴ്സുകൾ നടത്തുന്നതിനുള്ള തീരുമാനവും ഏറെ അപകടകരമാണ്. മന്ത്രിസഭയ്ക്കുള്ളിൽതന്നെ വിദ്യാഭ്യാസ മന്ത്രിയെക്കുറിച്ചു എതിരഭിപ്രായമുണ്ടെന്ന് ഗതാഗതവകുപ്പ് മന്ത്രി അടുത്തിടെ നടത്തിയ ഒരു പ്രസ്താവന തെളിയിക്കുന്നു.

ഇത്തരം അത്യാപത്തുകൾക്കെതിരെ പ്രതികരിച്ചില്ലെങ്കിൽ ഈ തലമുറയിൽപ്പെട്ടവർ വരുംതലമുറയോട് കാട്ടുന്ന വലിയ വഞ്ചനയായിരിക്കും. ഈ ഗവൺമെന്റ് അധികാരമേററശേഷം വിദ്യാഭ്യാസമേഖലയിൽ മാത്രമല്ല ജീവിതത്തിന്റെ എല്ലാ തുറകളിലും കടുത്ത ദ്രോഹമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിനാൽ കേരളത്തിലെ മുഴുവൻ അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഈ ദ്രോഹനടപടികൾക്കെതിരെ വരും നാളുകളിൽ നടക്കാനിരിക്കുന്ന സമരമുഖങ്ങളിൽ അണിനിരക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ●

# വർഗീയവൽക്കരണത്തിനും വരേണ്യവൽക്കരണത്തിനുമെതിരെ വിദ്യാഭ്യാസജാഥ

പ്രൊഫ. തോമസ് ജോസഫ്, പ്രസിഡന്റ്, എ.കെ.പി.സി.ടി.എ

ഇക്കഴിഞ്ഞ ഓഗസ്റ്റ് 7 മുതൽ 13 വരെ കേരള വിദ്യാഭ്യാസസമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന അടിസ്ഥാനത്തിൽ 4 വാഹനപ്രചരണജാഥകൾ നടത്തുകയുണ്ടായി. കേരള ശാസ്ത്രസാഹിത്യപരിഷത്ത് പ്രസിഡന്റ് ടി.രാധാമണി, എ.കെ.പി.സി.ടി.എ പ്രസിഡന്റ് തോമസ് ജോസഫ്, കെ.എസ്.ടി.എ പ്രസിഡന്റ് പി.ആർ. വർഗീസ്, കെ.എസ്.ടി.എ വൈസ്പ്രസിഡന്റ് സോണികോമത്ത് എന്നിവരാണ് വിവിധ ജാഥകൾക്ക് നേതൃത്വം നൽകിയത്. പ്രതിപക്ഷ നേതാവ് സ. വി.എസ്.അച്യുതാനന്ദൻ, സി.പി.എം.സംസ്ഥനാ സെക്രട്ടറി, സ. പിണറായിവിജയൻ, മുൻ മുഖ്യമന്ത്രിമാരായ സ. ഇ. കെ.നയനാർ, സ.പി.കെ.വാസുദേവൻനായർ, എൽ. ഡി.എഫ് കൺവീനർ സ. പാലോളി മുഹമ്മദുകുട്ടി, പ്രൊഫ. എം.എൻ.വിജയൻ, ഡോ. സെബാസ്റ്റ്യൻ പോൾ, സ. കെ.ബാലകൃഷ്ണൻ നമ്പ്യാർ തുടങ്ങിയവർ ഉദ്ഘാടന - സമാപന സമ്മേളനങ്ങളിൽ സംബന്ധിച്ചു.

ഏതാണ്ട് 250 കേന്ദ്രങ്ങളിൽ പര്യടനം നടത്തിയ ജാഥകൾ കേരളത്തിലങ്ങോളമിങ്ങോളമുള്ള സാധാരണ ജനങ്ങളോട് സമകാലീന വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് സംവദിക്കുകയുണ്ടായി. ജാഥയ്ക്കു മുന്നോടിയായി നടന്ന ഭവന സന്ദർശനപരിപാടിയുടെ ഭാഗമായി "താറുമാറാക്കപ്പെടുന്ന കേരള വിദ്യാഭ്യാസം" എന്ന ലഘുലേഖ പതിനായിരക്കണക്കിനു വീടുകളിൽ എത്തിച്ചുകൊണ്ട് പുതുമായർന്ന പ്രചാരണമാണ് വിദ്യാഭ്യാസസമിതിയുടെ പ്രവർത്തകർ സംഘടിപ്പിച്ചത്. ഇതിനു പുറമെ, "സ്കൂൾ വിദ്യാഭ്യാസം പൊതുവിദ്യാഭ്യാസമല്ലാതാക്കുന്നു", "അസ്വസ്ഥമാകുന്ന ഉന്നതവിദ്യാഭ്യാസരംഗം", "വിദ്യാഭ്യാസവും സാമൂഹ്യനീതിയും", എന്നീ കൈപ്പുസ്തകങ്ങൾ അടങ്ങിയ കിററുകളും ജാഥയുടെ ഭാഗമായി പ്രചരിപ്പിക്കുകയുണ്ടായി. ആശയപ്രചാരണത്തിനും ജാഥയുടെ ചിലവിലേയ്ക്കുള്ള വിഭവ സമാഹരണത്തിനും പുസ്തകക്കിററുകളുടെ വിതരണം ഏറെ സഹായകമായി. ജാഥാ സ്വീകരണവുമായി ബന്ധപ്പെട്ട് പല കേന്ദ്രങ്ങളിലും പ്രാദേശിക അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു എന്നതും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. സമീപകാലത്ത് വിദ്യാഭ്യാസരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാററങ്ങളിൽ സാമാന്യജനങ്ങൾക്കുള്ള ഉത്കണ്ഠയും പ്രതിഷേധവും ശക്തമായി രേഖപ്പെടുത്തുന്നതിനുള്ള വേദികളായി ജാഥയുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ മാറുകയാണുണ്ടായത്.

### മുദ്രാവാക്യങ്ങൾ

പ്രധാനമായും മൂന്നു മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടാണ് വിദ്യാഭ്യാസ ജാഥകൾ പ്രചാരണം നടത്തിയത്.

1. വിദ്യാഭ്യാസരംഗത്ത് സാമൂഹികനീതി ഉറപ്പു വരുത്തുക.
2. വിദ്യാഭ്യാസരംഗത്ത് മതനിരപേക്ഷത സംരക്ഷിക്കുക
3. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സംവിധാനങ്ങൾ നിലനിറുത്തുക.

വിദ്യാഭ്യാസരംഗം വരേണ്യവൽക്കരിക്കാനും, വർഗീയവൽക്കരിക്കാനും ഇതിനു സഹായകമായ രീതിയിൽ ഈ രംഗത്തുനിലവിലുള്ള ജനാധിപത്യ ഭര

ണസമ്പ്രദായങ്ങൾ അട്ടിമറിക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ബോധപൂർവ്വമായ ശ്രമങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണ്, കേരള വിദ്യാഭ്യാസ സമിതി കാലിക പ്രാധാന്യമുള്ള മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് ജനങ്ങളുമായി നേരിട്ടു സംവദിക്കുന്നതിന് ഉറങ്ങിപ്പുറപ്പെട്ടത്.

## ബി ജെ പി- കോൺഗ്രസ് കൂട്ടുകെട്ട്

കഴിഞ്ഞ നാലുവർഷമായി ബി ജെ പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. ഗവൺമെന്റാണ് കേന്ദ്രം ഭരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തിലേറെയായി കേരളം ഭരിക്കുന്നതാകട്ടെ, കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റും. രാഷ്ട്രീയമായി പരസ്പരം പോരടിക്കുന്ന കൂട്ടുകെട്ടുകളാണ് കേന്ദ്രവും കേരളവും ഭരിക്കുന്നത്. എന്നാൽ അടിസ്ഥാനപരമായ നയസമീപനങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സമാനസ്വഭാവമാണുള്ളത്. സാമ്പത്തിക-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിലെല്ലാം ഈ സമാനത ദൃശ്യമാണ്.

90 കളുടെ ആരംഭത്തിലാണ് കോൺഗ്രസ്സും ബി ജെ പിയുമായി ആശയപരമായി അടുക്കുന്നത്. 80 കളിൽ കോൺഗ്രസ് അംഗീകരിച്ചിരുന്ന മതേതരത്വ-സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളിൽ ആദ്യമായി മായം കലർത്തപ്പെടുന്നത് രാജീവ് ഗാന്ധിയുടെ ഭരണകാലത്താണ്. വ്യാപകമായി ഇറക്കുമതി നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞുകൊണ്ട് ആഗോളവൽക്കരണത്തിന്റെ ആരംഭംകുറിക്കപ്പെട്ടതും അയോദ്ധ്യയിൽ ശിലാന്യാസം അനുവദിച്ചുകൊണ്ട് ഭൂരിപക്ഷ വർഗീയതയ്ക്കു തുടക്കം കുറിച്ചതും അക്കാലത്താണ്. 1991 ൽ നരസിംഹറാവുവിന്റെയും മൻമോഹൻസിംഗിന്റെയും നേതൃത്വത്തിൽ ആഗോളവൽക്കരണ-കമ്പോളവൽക്കരണ- ഉദാരവൽക്കരണനയം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു. പുത്തൻ സാമ്പത്തികനയത്തിനെതിരെ പ്രക്ഷോഭം നടത്താൻ തുനിയാതെ അതിനു മൗനാനുവാദം കൊടുക്കുന്നനയമാണ് അന്നു പ്രതിപക്ഷത്തിരുന്ന ബി ജെ പി സ്വീകരിച്ചത്. ബി ജെ പിയുടെ "സ്വദേശി" നയത്തിൽ വിട്ടുവീഴ്ച ചെയ്തുകൊണ്ടാണ് ഇത്തരമൊരു സമീപനം കൈക്കൊണ്ടത്. 1992 ഡിസംബർ ആറിനു ഇപ്പോഴത്തെ ഡപ്യൂട്ടി പ്രധാനമന്ത്രിയായ എൽ.കെ. അദ്വാനിയുടെ നേതൃത്വത്തിൽ ബാബറി മസ്ജിദിനെ തിരെ നടന്ന കടന്നാക്രമണത്തിനു മൗനാനുവാദം കൊടുക്കുന്ന സമീപനമാണ് അന്ന് അധികാരത്തിലിരുന്ന പ്രധാനമന്ത്രി നരസിംഹറാവുകൈക്കൊണ്ടത്. ഭൂരിപക്ഷ വർഗീയതയെ തൊട്ടുനോവിക്കുന്നത് കോൺഗ്രസ്സിനു ഗുണകരമാവില്ല എന്ന കണക്കുകൂട്ടലിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രഗവൺമെന്റ് ബാബറി മസ്ജിദ് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നത്. ഇത്തരത്തിൽ നോക്കുമ്പോൾ 90കളുടെ ആദ്യത്തിൽ കോൺഗ്രസ് ബി.ജെ.പി വൽക്കരിക്കപ്പെടുകയും ബി.ജെ.പി കോൺഗ്രസ് വൽക്കരിക്കപ്പെടുകയും ചെയ്തു എന്നുകാണാം. പിന്നീടുള്ള കാലങ്ങളിൽ ഈ പ്രക്രിയയ്ക്ക് ആക്കം കൂടുകയാണ് ചെയ്തത്. ഈ പശ്ചാത്തലത്തിലാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ആഗോളവൽക്കരണ-വർഗീയവൽക്കരണ നയസമീപനങ്ങളെ നോക്കി കാണേണ്ടത്. ഈ നയസമീപനങ്ങൾ ഏററവും പ്രകടമായി കാണാവുന്നതും ഏററവും ദോഷഫലങ്ങൾ ഉളവാക്കുന്നതും വിദ്യാഭ്യാസമേഖലയിലാണ്.

## വിദ്യാഭ്യാസത്തിന്റെ വർഗീയവൽക്കരണം

വിദ്യാഭ്യാസത്തിന്റെ വർഗീയവൽക്കരണമാണ്, കേന്ദ്രഗവൺമെന്റിന്റെ പ്രധാന അജണ്ടകളിലൊന്ന്. ആർ എസ് എസിന്റെ മുൻ പ്രചാരകനായ ഡോ.മുരളീമനോഹർജോഷിയെത്തന്നെ മനുഷ്യ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ഈ ഉദ്ദേശ്യത്തോടെയാണ്. തന്നിലർപ്പിച്ച ഉത്തരവാദിത്വം വളരെ കാര്യക്ഷമമായിത്തന്നെ ശ്രീ.ജോഷി നിറവേററുന്നുണ്ട്. അധികാരമേററെടുത്തു ആറുമാസം തികയുന്നതിനുമുമ്പുതന്നെ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗം വിളിച്ചു ചേർത്തു. ആർ എസ് എസിന്റെ പോഷക സംഘടനയായ "വിദ്യാഭാരതി" തയ്യാറാക്കിയ വിദ്യാഭ്യാസ പരിഷ്ക്കരണ രേഖ ഈ യോഗത്തിൽ ചർച്ചക്കായി സമർപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസത്തെ "ഭാരതവൽക്കരിക്കുക, ദേശീയവൽക്കരിക്കുക, ആത്മീയവൽക്കരിക്കുക" എന്നതാണ് രേഖയിലൂടെ അവതരിപ്പിക്കപ്പെട്ട മുദ്രാവാക്യം. ഇതിനു പിന്നിൽ ഒളിച്ചുവച്ചിരിക്കുന്നതാകട്ടെ 'വിദ്യാഭ്യാസത്തെ "കാവിവൽക്കരിക്കുക" എന്ന ലക്ഷ്യവും. ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നപ്പോൾ ഈ രേഖപിൻവലിക്കപ്പെട്ടു. എന്നാൽ ഇതേ ആശയം തന്നെ സർക്കാരിന്റെ ഔദ്യോഗികനയമായി ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ "ദേശീയ വിദ്യാഭ്യാസ പാഠ്യപദ്ധതി ചട്ടക്കൂട്" എന്ന പേരിൽ 2000 നവംബറിൽ അവതരിപ്പിക്കുകയാണുണ്ടായത്.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിൽ പ്രധാനമായും 4 പരിഷ്ക്കാരങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്.

1. നിർബന്ധിത മതപഠനം
2. നിർബന്ധിത സംസ്കൃത പഠനം
3. സമഗ്രമായ ചരിത്ര പഠനത്തിന്റെ നിഷേധം
4. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യ

ത്യസ്ഥ പാഠ്യപദ്ധതി.

ആദർശവൽക്കരിക്കപ്പെട്ട പ്രാചീന ഭാരത ഗ്രാമ വ്യവസ്ഥയുടെ സാങ്കൽപികചിത്രം വരുച്ചുകാട്ടിക്കൊണ്ട്, അത്തരമൊരു വ്യവസ്ഥയുടെ പുനഃസ്ഥാപനമാണ് വിദ്യാഭ്യാസത്തിലൂടെ ലക്ഷ്യമാക്കേണ്ടതെന്ന് രേഖയിൽ പറയുന്നു. കാലഹരണപ്പെട്ട ചാതുർവർണ്യ വ്യവസ്ഥയുടെ പുനരാവിഷ്ക്കാരം ലക്ഷ്യമാക്കിക്കൊണ്ട്, നിലവിലുള്ള മതനിരപേക്ഷ വിദ്യാഭ്യാസം നിരാകരിക്കുന്ന രേഖ, സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തെ സമ്പൂർണ്ണമായും കാവിവൽക്കരിക്കുന്നതിനാണ് ശ്രമിക്കുന്നത്. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യ പിന്തുടർന്നുപോന്ന മതേതതര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ വ്യതിയാനങ്ങൾ നിർദ്ദേശിക്കുന്ന രേഖ, ദേശീയ വിദ്യാഭ്യാസ ഉപദേശക സമിതിയിലൊ പാർലമെന്റിലൊ ചർച്ച ചെയ്യപ്പെട്ടില്ല. എന്നാൽ ഈ പുത്തൻ പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്യുന്ന പരിഷ്ക്കാരങ്ങൾ ബി ജെ പി ഭരിക്കുന്ന സംസ്ഥാനങ്ങളിലെങ്കിലും നടപ്പാക്കിക്കഴിഞ്ഞു.

വർഗീയവൽക്കരണത്തിന്റെ "ലാബറട്ടറി" ആയ ഗുജറാത്തുതന്നെ ഏററവും നല്ല ഉദാഹരണം, ഗുജറാത്തിലെ എല്ലാ സ്കൂളുകളിലും ആർ എസ് എസിന്റെ പ്രസിദ്ധീകരണമായ "സാധന" നിർബന്ധമായും വരുത്തിയിരിക്കണമെന്ന് വിദ്യാഭ്യാസവകുപ്പ് കൽപന പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ അദ്ധ്യാപകരും സംസ്കൃത പരിശീലനക്കളരികളിൽ പങ്കെടുത്തിരിക്കണമെന്നതും നിർബന്ധമാക്കിയിരിക്കുന്നു. അഹമ്മദാബാദ് മുൻസിപ്പിലാററിയിൽ അഹിന്ദുക്കളുടെ ആഘോഷ ദിവസങ്ങളിലുള്ള അവധി പോലും റദ്ദാക്കുകയുണ്ടായി. ദുഃഖവെള്ളിയാഴ്ച പോലും പ്രവർത്തി ദിനമാക്കി. ഇതിനെതിരെ വ്യാപകമായ പ്രതിഷേധമുയർന്നപ്പോൾ മാത്രമാണ് ദുഃഖവെള്ളിയാഴ്ച അവധി പുനഃസ്ഥാപിക്കപ്പെട്ടത്.

വിദ്യാഭ്യാസരംഗമുൾപ്പെടെ സമൂഹത്തിന്റെ നാനാമേഖലകളും സമ്പൂർണ്ണമായി വർഗീയ വൽക്കരിക്കപ്പെട്ട പശ്ചാത്തലത്തിലാണ് കഴിഞ്ഞ ഫെബ്രുവരി മാർച്ചു മാസങ്ങളിൽ 2000 ത്തോളം പേരുടെ മരണത്തിൽ കലാപിച്ച വംശീയകലാപം അരങ്ങേറിയത്. ഗുജറാത്തിലെ കലാപത്തെ മററു വർഗീയ കലാപങ്ങളിൽ നിന്നും വേർതിരിക്കുന്ന ഘടകം അതിൽ പങ്കെടുത്തവരുടെ പ്രത്യേകതയാണ്. സ്ത്രീകളും, കുട്ടികളും, അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാരും ഉദ്യോഗസ്ഥന്മാരുമൊക്കെ കൂട്ടത്തോടെ കലാപകാരികളായി രംഗത്തുവരികയുണ്ടായി. ഒരു ജനസമൂഹത്തെയാകെ വർഗീയ വൽക്കരിക്കുന്നതിന് നടത്തിയ ശ്രമങ്ങളുടെ പരിണതഫലമാണ് ഗുജറാത്തിലെ തെരുവുകളിൽ അരങ്ങേറിയത്.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം വർഗീയവൽക്കരിക്കുന്നതിനാണ് ബി ജെ പിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നതെങ്കിൽ, വിദ്യാഭ്യാസരംഗത്തെ മാനേജുമെന്റുതലം വർഗീയ ശക്തികൾക്ക് അടിയറ വയ്ക്കാനാണ് കേരളത്തിലെ കോൺഗ്രസിന്റെ നേതൃത്വതതിലുള്ള ഗവൺമെന്റിന്റെ നീക്കം. ഒന്നു മുതൽ ഏഴാം ക്ലാസ്സുവരെ പ്രൈവററായി പഠിക്കാൻ അവസരം നൽകിയിരിക്കുന്ന ഗവൺമെന്റ്, ഈ രംഗത്തുള്ള എല്ലാ സർക്കാർ നിയന്ത്രണങ്ങളും എടുത്തുമാററിയിരിക്കുന്നു. ആർക്കും, ആരേയും എന്തും പഠിപ്പിക്കാമെന്ന അവസ്ഥയാണ് ഇന്നുള്ളത്. ജാതി-മത-വർഗീയ ശക്തികൾ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇത്തരമൊരു സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യപ്പെടാൻ സാദ്ധ്യതകളേറെയാണ്. വിദ്യാഭ്യാസത്തിന്റെ വർഗീയവൽക്കരണവും കച്ചവടവൽക്കരണവും പരസ്പര പൂരകമായി നടപ്പാക്കപ്പെടാനുള്ള സാദ്ധ്യതകളെല്ലാം മലർക്കെ തുറന്നിട്ടിരിക്കുകയാണ്.

പ്രൊഫഷണൽ കോളജുകളിലെ മാനേജുമെന്റ് ക്വാട്ടയുമായി ബന്ധപ്പെട്ട് യു ഡി എഫിന്റെ വർഗീയവൽക്കരണ അജണ്ട മറനീക്കി പുറത്തു വന്നിരിക്കുകയാണ്. ഭൂരിപക്ഷ - ന്യൂനപക്ഷ വ്യത്യാസമെന്യേ, എല്ലാ മാനേജുമെന്റുകൾക്കും 50% സീററ് മാനേജുമെന്റ് ക്വാട്ടയായി നൽകണമെന്നാണ് യു ഡി എഫ് നയം. ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം ഭൂരിപക്ഷങ്ങൾക്കും കൂടി നൽകിക്കൊണ്ട് എല്ലാവരെയും സമഭാവനയോടെ കാണുന്നു എന്നാണ് വാദം. ഇന്ത്യൻ ഭരണഘടനയ്ക്കും നിലവിലുള്ള നിയമങ്ങൾക്കും നിരക്കാത്തതാണ് ഈ വാദം. 1992 ലെ ഉണ്ണികൃഷ്ണൻ കേസിൽ വിധി പ്രസ്താവിച്ചുകൊണ്ട്, പ്രൊഫഷണൽ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകമായി യാതൊരു അവകാശങ്ങളും ഇല്ലെന്ന് സുപ്രീംകോടതി അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുള്ളതാണ്. മതപരമായ വിദ്യാഭ്യാസം നടത്തുന്ന സ്ഥാപനങ്ങളിൽ മാത്രമാണ് ന്യൂനപക്ഷത്തിന് പ്രത്യേക അവകാശങ്ങളുള്ളത്. വസ്തുത ഇതായിരിക്കെ, ന്യൂനപക്ഷങ്ങൾക്ക് ഇല്ലാത്ത അവകാശം ഉണ്ടെന്ന് വരുത്തിത്തീർത്തുകൊണ്ട്, അത്തരത്തിൽ സ്ഥാപിച്ചെടുത്ത അവകാശം ഭൂരിപക്ഷങ്ങൾക്കുകൂടി ബാധകമാക്കാനാണ് യു ഡി എഫ് ശ്രമിക്കുന്നത്. കേന്ദ്രഗവൺമെന്റ് ഭൂരിപക്ഷ വർഗീയത വളർത്താൻ ശ്രമിക്കുമ്പോൾ, ഒരേ സമയം ഭൂരിപക്ഷ-ന്യൂനപക്ഷ വർഗീയതയെ താലോലിപ്പിക്കാനാണ് യു ഡി എഫ് നീക്കം.

അറിഞ്ഞോ അറിയാതെയൊ കേരളത്തെ മററൊ

രു ഗുജറാത്താക്കി മാററുകയാണ് യു ഡി എഫ്. മാറാടും പത്തനംതിട്ടയുമൊക്കെ ചെറിയ സൂചനകളാണ്. ഗുജറാത്തിൽ സംഭവിച്ചതുപോല ഒരു വർഗീയ കലാപം കേരളത്തിൽ പൊട്ടിപ്പുറപ്പെട്ടാൽ, അനന്തരഫലം ഗുജറാത്തിനേക്കാൾ ഭയാനകമായിരിക്കും. 88 ശതമാനം വരുന്ന ഭൂരിപക്ഷം 12 ശതമാനം വരുന്ന ന്യൂനപക്ഷത്തിനുമേൽ നടത്തിയ ആക്രമണമാണ് ഗുജറാത്തിൽ അരങ്ങേറിയത്. വിവിധ ജാതി മതശക്തികൾക്ക് തുല്യ പ്രധാന്യമുള്ള കേരളത്തിൽ ഒരു വർഗീയ കലാപത്തിൽ ഗുജറാത്തിൽ ഉണ്ടായതിന്റെ പതിൻമടങ്ങ് നാശനഷ്ടങ്ങളുണ്ടാവുമെന്ന കാര്യത്തിൽ സംശയം വേണ്ട.

## വിദ്യാഭ്യാസത്തിന്റെ വരേണ്യവൽക്കരണം

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും മാനേജുമെന്റു തലവും വർഗീയവൽക്കരിക്കുന്നതോടൊപ്പംതന്നെ വിദ്യാഭ്യാസ അവസരങ്ങൾ സമ്പന്നർക്കുമാത്രമായി സംവരണം ചെയ്യാനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികൾ കൈക്കൊള്ളുന്നു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിനെക്കാൾ ഒരുപടി മുമ്പിലാണ് കേരളസർക്കാർ. 'സർവശിക്ഷാ അഭിയാൻ' എന്ന പദ്ധതിയിലൂടെ സ്കൂൾതലത്തിൽ സൗജന്യവും സാർവത്രികവുമായി വിദ്യാഭ്യാസം നൽകാനാണ് കേന്ദ്രം ശ്രമിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗം മാത്രമാണ് കമ്പോളശക്തികൾക്ക് തുറന്നുകൊടുക്കാൻ കേന്ദ്രം മുതിരുന്നത്. എന്നാൽ നേഴ്സറിതലം മുതൽ യൂണിവേഴ്സിററി തലംവരെ സമ്പൂർണ്ണമായ കമ്പോളവൽക്കരണമാണ് യു.ഡി.എഫ് ഗവൺമെന്റ് ലക്ഷ്യമാക്കുന്നത്. അംബാനി - ബിർള റിപ്പോർട്ടവതരിപ്പിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസത്തിന്റെ കമ്പോളവൽക്കരണത്തിന് താത്വികന്യായീകരണം കാണാൻ കേന്ദ്രഗവൺമെനന്റ് ശ്രമിക്കുന്നുണ്ട്. എന്നാൽ അത്തരം താത്വികന്യായീകരണങ്ങളുടെ പിൻബലം പോലും കേരളഗവൺമെന്റ് അവകാശപ്പെടുന്നില്ല. സർക്കാരിന്റെ താത്ക്കാലിക സാമ്പത്തിക ബാദ്ധ്യതകളെ പെരുപ്പിച്ചുകാട്ടിക്കൊണ്ട്, പ്രായോഗിക വികസന സമീപനത്തിന്റെ അനിവാര്യഘടകമായി കമ്പോളവൽക്കരണത്തെ അവതരിപ്പിക്കുകയാണ് കേരളഗവൺമെന്റ് ചെയ്യുന്നത്.

അധികാരത്തിലേറിയ നാൾമുതൽ കമ്പോളവൽക്കരണത്തെ ന്യായീകരിക്കാൻ ഒരേപല്ലവി തന്നെയാണ് മുഖ്യമന്ത്രി ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. "മററു മാർഗങ്ങളില്ലാത്തതുകൊണ്ടാണ്" എന്നാണ് അദ്ദേഹം വീണ്ടുംവീണ്ടും പറയുന്നത്. ആഗോളവൽക്കരണത്തിന്റെ വക്താക്കൾ മൂന്നാംലോകരാഷ്ട്രങ്ങളിലെ ഭരണാധികാരികൾക്കു ഉപദേശിച്ചുകൊടുത്തിരിക്കുന്ന സൂത്രവാക്യം തന്നെയാണ് - There is no attractive (TINA) ശ്രീ ആന്റണിയും ഉരുവിട്ടുകൊണ്ടിരിക്കുന്നത്. 15,000കോടി രൂപാ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ളപ്പോൾ, "മററു നിവൃത്തിയില്ലാത്തതിന്റെ പേരിൽ" എ.ഡി.ബി.യുടെ 3600 കോടിരൂപയുടെ പുറകേ പോകുന്നു എന്നാണ് മുഖ്യമന്ത്രിയുടെ വാദം.

എ.ഡി.ബി.യുടെ തീട്ടൂരത്തിനു വഴങ്ങി വിദ്യാഭ്യാസമേഖലയിൽനിന്നുമുള്ള സർക്കാരിന്റെ പിന്മാററവും സ്വകാര്യസംരംഭകരുടെ കടന്നുകയററവും പരസ്പരപൂരകമായി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി, സാമൂഹ്യനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസസമ്പ്രദായം നിലവിലുള്ള സർക്കാർ - എയിഡഡ് മേഖലയെ ഒരുവശത്തു തകർക്കുമ്പോൾ, മറുവശത്ത് യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യസംരംഭങ്ങൾക്ക് എല്ലാ ഒത്താശകളും ചെയ്തുകൊടുക്കപ്പെടുന്നു. 8-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങൾ പരിഷ്കരിച്ചുകൊണ്ട് സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി എൽ ഡി എഫ് സർക്കാർ തുടങ്ങിവച്ച നടപടികൾക്ക് കടിഞ്ഞാണിടുകയാണ് യു ഡി എഫ് ഗവൺമെന്റ് ആദ്യമായി ചെയ്തത്. 2644 സ്ക്കൂളുകൾ അടച്ചുപൂട്ടാനുള്ള നീക്കമായിരുന്നു രണ്ടാമത്തേത്. ഇതിനെതിരെ ഉയർന്നുവന്ന പ്രക്ഷോഭത്തിന്റെ ഫലമായി ഈ വർഷം 48 സ്ക്കൂളുകൾ പൂട്ടാൻ മാത്രമെ സർക്കാരിനായുള്ളു. എന്നിരുന്നാലും വധിക്കാൻ വിധിക്കപ്പെട്ട സ്ക്കൂളുകളുടെ ലിസ്റ്റു പ്രസിദ്ധം ചെയ്തുകൊണ്ട് പ്രസ്തുത സ്ക്കൂളുകളെ അനാകർഷകമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം തുടർന്നുവരുന്നു. രക്ഷിതാക്കൾക്ക് തങ്ങളുടെ കുട്ടികളെ ഇത്തരം സ്ക്കൂളുകളിൽ നിന്നും പിൻവലിക്കാനുള്ള പ്രേരണനൽകിക്കൊണ്ട്, ഈ സ്ക്കൂളുകളുടെ സ്വാഭാവിക മരണം ഉറപ്പാക്കാനാണ് ഇപ്പോഴത്തെ സർക്കാർശ്രമം. ജനസംഖ്യാനിരക്കു കുറയുന്നു എന്ന ന്യായം പറഞ്ഞാണ് സ്ക്കൂളുകളുടെ അടച്ചുപൂട്ടലിനെ ന്യായീകരിക്കാൻ സർക്കാർ ശ്രമിക്കുന്നത്. 1971-ൽ ഒന്നാംക്ലാസ്സിൽ ചേർന്ന കുട്ടികളുടെ എണ്ണം ഏതാണ്ട് 8 ലക്ഷമായിരുന്നെങ്കിൽ, ഇന്ന് അതിന്റെ പകുതി കുട്ടികൾ മാത്രമാണ് ഓരോ വർഷവും ഒന്നാം ക്ലാസ്സിൽ എത്തുന്നത്. ഇതിനെ ഒരു അവസരമായിക്കണ്ടുകൊണ്ട്, അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ കുറവുവരുത്തി, പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു പകരം, സ്ക്കൂൾ അടച്ചുപൂട്ടാനും അദ്ധ്യാപകരെ കൂട്ടത്തോടെ പിരിച്ചുവിടാനുമാണ് സർക്കാർ തുനിയുന്നത്. മററു മേഖലകളിലെ ജീവനക്കാരുടെ കാര്യത്തിലെന്ന പോലെ അധികംവരുന്ന അദ്ധ്യാപകരെയും പുനർവിന്യാസം നടത്തി

സംരക്ഷിക്കണമെന്നാണ് ധവളപത്രത്തിൽ പോലും ശുപാർശചെയ്തിട്ടുള്ളത്. എന്നാൽ ഇതിനു വിരുദ്ധമായി അദ്ധ്യാപകരെ പിരിച്ചുവിടുന്നത്, ഈ രംഗത്ത് ബോധപൂർവ്വം അരക്ഷിതാവസ്ഥ സൃഷ്ടിക്കാനാണ് എന്നു കരുതേണ്ടിയിരിക്കുന്നു. സ്‌ക്കൂൾ വിദ്യാഭ്യാസരംഗത്ത് "അനാദായകരം" എന്ന ആശയം പ്രചരിപ്പിച്ചുകൊണ്ട്, കച്ചവട മൂല്യങ്ങൾക്കു വേണ്ടി മാത്രമാണ് സർക്കാർ നിലകൊള്ളുന്നത് എന്ന് വ്യക്തമാക്കിയിരിക്കുകയാണ്.

വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ത്വരിതപ്പെടുത്തുന്നതിനു വേണ്ടി പ്രൈമറിതലം മുതൽ പ്രൊഫഷണൽ തലംവരെ സമ്പൂർണ്ണമായും സ്വകാര്യനിക്ഷേപത്തിന് തുറന്നുകൊടുക്കുക മാത്രമല്ല സർക്കാർ ചെയ്തിരിക്കുന്നത്. നിലവിലുള്ള എയിഡഡ് സ്ക്കൂളുകളിലും കോളേജുകളിലും സ്വാശ്രയ കോഴ്സുകൾ നടത്താനും അനുവാദം നൽകിയിരിക്കുന്നു. ഇതുവഴി പൊതുസ്വത്തിന്റെ സ്വകാര്യവൽക്കരണമാണ് സർക്കാർ നടത്തുന്നത്. കേരളത്തിലെ എയിഡഡ് സ്‌ക്കൂളുകളും കോളജുകളും ആരുടെയും സ്വകാര്യസ്വത്തല്ല. സമൂഹത്തിൽനിന്നും പിരിച്ചെടുത്തു പടുത്തുയർത്തപ്പെട്ടവയാണ് മിക്ക സ്ഥാപനങ്ങളും. കേന്ദ്ര - സംസ്ഥാന സർക്കാരുകളും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി ഈ സ്ഥാപനങ്ങളിൽ ധാരാളമായി മുതൽമുടക്കിയിട്ടുണ്ട്. ഇത്തരത്തിൽ സ്വരൂപിക്കപ്പെട്ട പൊതുസ്വത്ത് സാമൂഹ്യനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉപയോഗിക്കുന്നതിനു പകരം സ്വകാര്യ വ്യക്തികൾക്ക് മുതൽമുടക്കില്ലാതെ ലാഭം കൊയ്യുന്നതിനുള്ള ഉപകരണമാക്കപ്പെടുകയാണ്. വിദ്യാഭ്യാസരംഗത്ത് പൊതുമുതൽ ഇത്തരത്തിൽ സർക്കാരിന്റെ ഒത്താശയോടെ കൊള്ളയടിക്കപ്പെടുന്നത് ആദ്യത്തെ അനുഭവമാണ്.

പ്രൊഫഷണൽ മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങാൻ അപേക്ഷിക്കുന്ന ആർക്കും എൻ ഒ സി കൊടുക്കുന്ന നയം ഈ രംഗത്തെ വരേണ്യവൽക്കരണത്തിന് വഴിവയ്ക്കുമെന്നു മാത്രമല്ല, ഗുണമേന്മയും ഇല്ലാതാകും. കച്ചവടതാത്പര്യം ലാക്കാക്കി പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നവരും അഭിരുചിയില്ലാതെ പ്രൊഫഷണൽ കോഴ്സുകൾക്കു ചേരുന്ന വിദ്യാർത്ഥികളും ചേർന്ന് ഈ രംഗം താറുമാറാക്കും. പ്രാഥമിക പരിശോധന പോലും നടത്താതെ അപേക്ഷിക്കുന്ന എല്ലാവർക്കും കോളേജു തുടങ്ങാൻ അനുവാദം നൽകുന്ന നയം ഉത്തരവാദിത്തത്തിൽ നിന്നുള്ള ഒളിച്ചോട്ടമാണ്.

"എല്ലാവരും പഠിക്കട്ടെ" എന്നാണ് മുഖ്യമന്ത്രി പറയുന്നത്. ഇത് അത്ര ലളിതമായ ഒരു സമസ്യയല്ല. കഴിഞ്ഞവർഷം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജിൽ 300-ൽ അധികവും തമിഴ്നാട്ടിൽ 14000ത്തോളവും പേയ്മെന്റ് സീററുകൾ ആളില്ലാതെ ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഒരുലക്ഷം രൂപാ ഡെപ്പോസിററും 50,000 രൂപാ വാർഷിക ഫീസും നൽകി വിദ്യാഭ്യാസം വിലയ്ക്കുവാങ്ങാനുള്ള സാമ്പത്തികശേഷി (Purchasing power) ഉള്ള വിദ്യാർത്ഥികളുടെ അഭാവത്തിലാണ് ഇത്രയധികം സീററുകൾ മിച്ചംവന്നത്. പൂർണ്ണമായും സ്വാശ്രയ അടിസ്ഥാനത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസം കുട്ടികൾക്കു നൽകത്തക്ക വിധത്തിൽ സാമ്പത്തിക ശേഷിയുള്ള 5% കുടുംബങ്ങൾ മാത്രമാണ് കേരലത്തിലുള്ളത്. കേരളത്തിൽ ഇപ്പോഴും 25% ത്തിൽ അധികം ആളുകൾ ദാരിദ്ര്യരേഖയ്ക്കു താഴെ മാത്രം വരുമാനമുള്ളവരാണ്. ആളോഹരി വരുമാനത്തിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്ന അമേരിക്കയിൽ പോലും വിദ്യാഭ്യാസച്ചിലവിന്റെ ഏതാണ്ടു 15% മാത്രമാണ് നേരിട്ടു ഫീസിനത്തിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്നത്. ഫ്രാൻസ്, ജർമ്മനി, സ്വീഡൻ മുതലായ മുതലാളിത്ത രാജ്യങ്ങളിൽ പ്രൊഫഷണൽ വിദ്യാഭ്യാസമുൾപ്പെടെ ഒരു വലിയ അളവുവരെ സൗജന്യമായി നൽകപ്പെടുന്നു. 'അറിവ്' ഏററവും വലിയ മൂലധനമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ലോകത്ത് അറിവുനൽകുന്ന ശക്തിയും സമ്പത്തും ഒരു ന്യൂനപക്ഷത്തിനു മാത്രമായി സംവരണം ചെയ്യുന്നതിന്റെ ഭാഗമായാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമ്പൂർണ്ണസ്വാശ്രയത്വം വ്യാപകമാക്കാൻ യു ഡി എഫ് ശ്രമിക്കുന്നത്. ഇതുമൂലം സാമൂഹിക നീതി നിഷേധിക്കപ്പെടുമെന്നു മാത്രമല്ല, സാമ്പത്തിക സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലുള്ള സ്റേററിന്റെ പുരോഗതിയും തടസ്സപ്പെടും.

### ജനാധിപത്യ നിഷേധം

വർഗീയവൽക്കരണത്തിനും വരേണ്യവൽക്കരണത്തിനും തടസ്സം നിൽക്കുന്ന ജനാധിപത്യസമിതികളെ അവഗണിക്കുന്ന സമീപനമാണ് കേന്ദ്രഗവൺമെന്റു കൈക്കൊള്ളുന്നതെങ്കിൽ, അത്തരം സമിതികളെ മറികടക്കുകയും ഇല്ലായ്മ ചെയ്യുകയുമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. യൂണിവേഴ്സിററികളെ മറികടന്നുകൊണ്ട് സർക്കാരിന്റെ വിദ്യാഭ്യാസ അജണ്ട അടിച്ചേൽപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ ഇതിന്റെ ഭാഗമാണ്. യൂണിവേഴ്സിററികളിലെ തിരഞ്ഞെടുക്കപ്പെട്ട സമിതികളുടെ ജനാധിപത്യ സ്വഭാവം നശിപ്പിക്കത്തക്ക വിധത്തിൽ നോമിനേഷൻ നടത്തിക്കൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്ത് പിടിമുറുക്കാനാണ് സർക്കാർ ആദ്യം ശ്രമിച്ചത്. ഇപ്പോൾ ജനാധി

പത്യഭരണ ക്രമങ്ങളെയാകെ ഇല്ലായ്മ ചെയ്യുന്നതിനു വേണ്ടി "ഏകീകൃത യൂണിവേഴ്സിററി" നിയമം കൊണ്ടുവരാനും ശ്രമിക്കുന്നു. യൂണിവേഴ്സിററി സിൻഡിക്കേററുകളിലും സെനററുകളിലും അക്കാദമിക് കൗൺസിലുകളിലുമൊക്കെ തങ്ങളുടെ ആശ്രിതരെയും ആജ്ഞാനുവർത്തികളേയും കുത്തിനിറച്ചുകൊണ്ട് സുഗമമായി വരേണ്യവൽക്കരണ - വർഗീയവൽക്കരണ അജണ്ട നടപ്പാക്കുക എന്നതു മാത്രമാണ് സർക്കാർ ലക്ഷ്യം.

എന്നാൽ ഈ നീക്കത്തിനു പിന്നിൽ പിതിയിരിക്കുന്ന ഫാസിസ്റ്റ് പ്രവണത ശ്രദ്ധിക്കപ്പെടാതെ പോകുന്നതു ശരിയല്ല. ജനാധിപത്യ നിയമനിർമ്മാണ പ്രക്രിയയിലൂടെ ജനാധിപത്യസംവിധാനങ്ങളെ അട്ടിമറിക്കാൻ ശ്രമിക്കുന്നു എന്നതാണ് ഏററവും വലിയ വിരോധാഭാസം. അഭ്യസ്ഥ വിദ്യരായ ആളുകൾ അധികാരം കയ്യാളുന്ന സർവ്വകലാശാലാ തലത്തിൽ ജനാധിപത്യം അധികപ്പററാണെന്നും അലങ്കാരമാണെന്നും വാദിക്കുന്നവർ, നാളെ മററുമേഖലകളിൽ നിലവിലുള്ള ജനാധിപത്യസംവിധാനങ്ങളെ അട്ടിമറിക്കുന്നതിനും ഇതേ വാദങ്ങൾ ഉന്നയിച്ചുകൂടായ്കയില്ല. അത്തർത്തിൽ നോക്കുമ്പോൾ ഏകീകൃത നിയമത്തിലൂടെ വരുന്ന ജനാധിപപത്യനിഷേധം ഉന്നതവിദ്യാഭ്യാസ രംഗത്തെ മാത്രം പ്രശ്നമായി ഒതുങ്ങുകയില്ല. ജനാധിപത്യത്തിന്റെ നിലനിൽപ്പുമായി അഭേദ്യമായി ബന്ധപ്പെട്ട പ്രശ്നം തന്നെയാണിത്.


### ഭരണഘടനയുടെ ലംഘനം

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ ഉറപ്പു നൽകുന്ന 'മതനിരപേക്ഷത, സോഷ്യലിസം, ജനാധിപത്യം' എന്നീ അടിസ്ഥാന മൂല്യങ്ങളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചോദ്യംചെയ്തു കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി കഴിഞ്ഞ 200 വർഷങ്ങളിലെ ശ്രമഫലമായി രൂപം കൊണ്ട "കേരള മോഡൽ" വികസനനയം നിരാകരിക്കപ്പെടുന്നു. തിരുവിതാംകൂറിലെ റാണിയായിരുന്ന ഗൗരിപാർവ്വതിഭായി 1817-ൽ നടത്തിയ ചരിത്രപ്രസിദ്ധമായ വിളംബരത്തിൽ ജനങ്ങൾക്കു വിദ്യാഭ്യാസം നൽകാനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടതാണ് കേരളത്തിലെ സാമൂഹ്യ നീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസ സമ്പ്രദായം. സാമൂഹ്യ സേവനം ലക്ഷ്യമാക്കി ക്രിസ്ത്യൻ മിഷനറിമാരും മററു സമുദായ നേതാക്കളും നവോത്ഥാന പ്രസ്ഥാനങ്ങളും ചേർന്ന് സ്ഥാപിച്ച സ്വകാര്യസ്ക്കൂളുകൾക്ക് ഗ്രാന്റ് - ഇൻ - എയിഡഡ് കൊടുക്കുന്ന സമ്പ്രദായം 1905 മുതൽ നടപ്പിലാക്കിയ പാരമ്പര്യമാണ് കേരളത്തിനുള്ളത്. അനീതിക്കെതിരെ പടവാളുയർത്തിയ നിരവധി പ്രസ്ഥാനങ്ങളും അവസരസമത്വമുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം കേരളത്തിൽ കെട്ടിപ്പടുക്കുന്നതിനു വേണ്ടി നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ രൂപപ്പെടുത്തിയ ജനകീയ വിദ്യാഭ്യാസ സമ്പ്രദായത്തെയാകെ അഞ്ചുവർഷം കൊണ്ടു തച്ചുടയ്ക്കുമെന്ന് പ്രതിജ്ഞചെയ്തു മുന്നോട്ടു നീങ്ങുന്ന ആന്റണി സർക്കാർ ഉയർത്തുന്ന വെല്ലുവിളി പ്രബുദ്ധകേരളം ഏററെടുക്കുമെന്നാണ് കേരള വിദ്യാഭ്യാസ ജാഥയ്ക്കു ജനങ്ങൾ നൽകിയ ആവേശകരമായ വരവേൽപു നൽകുന്ന സൂചന. ●

---

## ഡോക്ടറേറ്റ് ലഭിച്ചു





വൈക്കം, സെൻസേവ്യേഴ്സ് കോളജിലെ മലയാള വിഭാഗം അദ്ധ്യാപകനായ പള്ളിപ്പുറം മുരളിക്ക് എം.ജി.യൂണിവേഴ്സിററിയിൽനിന്നും പി എച്ച് ഡി ബിരുദം ലഭിച്ചു. പാലാ സെന്റ് തോമസ് കോളജിലെ ഗവേഷണ നിർദ്ദേശകനായ ഡോ. ബാബുസെബാസ്റ്റ്യന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയിരുന്നത്. മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ സ്വാധീനം, ഒ.എൻ.വി, പി.ഭാസ്കരൻ, വയലാർ എന്നിവരുടെ 60വരെയുള്ള കവിതകളിൽ എന്നതായിരുന്നു പ്രബന്ധവിഷയം.



'പൂർവ്വഭാരതചമ്പു - അനുശീലനം' എന്ന വിഷയത്തെ ആധാരമാക്കി രചിച്ച പ്രബന്ധത്തിന് ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽനിന്നും പി.എച്ച്.ഡി ലഭിച്ച ശ്രീമതി എൻ.ഗിരിജ. ചേർത്തല എൻ എസ് എസ് കോളേജിൽ സംസ്കൃത വിഭാഗത്തിൽ അദ്ധ്യാപികയാണ് ശ്രീമതി ഗിരിജ.

**അനുമോദനങ്ങൾ**

# AKPCTA Academic Committee Curriculum Workshops

Dr. Rajan Varghese

*Convener, Academic Committee*

Renewing and updating of the curriculum is the essential ingredient of any vibrant university academic system. There ought to be a dynamic curriculum with necessary additions and changes introduced in it from time to time by the respective university with the prime objective of providing inputs reflecting the fast paced development in knowledge base of the subject concerned. Revising the Curriculum should be a continuous process to provide updated education to the students at large.

## OBJECTIVES

The UGC Model Curriculum published in December 2001, after a gap of 12 years, is taken as the basic document of reference for this syllabus revision exercise. The Curriculum Workshops are organized by the Association.

- to look into the shortcomings in the existing curriculum.
- to develop a new Model Curriculum in each subject.
- to evolve a syllabus which is compatible and in tune with the recent developments in the subject.
- to introduce innovative concepts.
- to provide a multi-disciplinary profile.
- to allow a flexible cafeteria like approach.
- to initiate new papers to cater to frontier development in the concerned subject.
- to integrate I.T into the Curriculum.

## SUBJECT/AREA OF REVISION

The workshops are to be conducted for 16 subjects under 5 branches. They are

I. Languages-Malayalam, English, Hindi, Sanskrit

II. Humanities-History, Economics, Political Science, Psychology

III. Physical Sciences-Physics, Chemistry, Mathematics, Statistics, Computer Science

IV. Life Sciences-Botany, Zoology

V. Commerce

## SCHEME ENVISAGED

The workshops aim at revision of undergraduate (UG) syllabi in 16 subjects on a semester course pattern.

## ORGANIZATION OF THE WORKSHOPS

It is proposed to organize two-day workshops in 16 subjects, grouped in 5 branches. There are 5 Branch Conveners and 15 subject wise conveners. The Branch conveners will look after the Organizational aspect of these workshops to be held in five different places and coordinate the conduct of the workshops in consultation with the respective Area Secretary / District Secretary. All the Academic and other aspects of each subject are to be managed by the subject conveners. They have to prepare a draft syllabi based on UGC Model Curriculum and present the same at the workshop. For this the subject conveners should form a core committee with not more than 5 teachers of the subject as

members.

There are two sessions for the two-day workshops

a) General Session- The general guidelines for the revision will be discussed in this session, in which all the teachers in a Branch will participate.

b) Subject Wise Session - Subject specific discussions will be held on the draft syllabus presented by the subject conveners. This will provide the necessary direction for the teacher participants in the subject concerned. Core committee members can lead paper/area wise discussion in this session. The services of experts in the subjects should also be used. The active involvement of all the Board of Studies/ Academic Council members of the association should be ensured in these deliberations.

General Guidelines - The aim is to update/ revise/restructure the existing UG curriculum.

(1) The existing workload in a subject/ Branch should not be affected by syllabus revision.

(2) Revision should be for a semester course pattern at the UG level.

(3) There should not be overloading of the syllabus content.

(4) The time constraint in Semester mode in our university system should not be ignored.

(5) Syllabus revision should incorporate theoretical developments in the subject and problem solving exercises.

(6) In language stream Part I/Part II/Part III syllabi should be taken for revision.

(7) In other subjects, both Main and Subsidiary syllabi should be taken for revision.

(8) It is desirable to go through plus two and PG level syllabi in the subject concerned. This is to avoid repetition of these areas in the revised UG syllabus.

(9) UGC Model Curriculum 2001 should form the basis for this syllabus revision. The UGC curriculum should be studied critically and evaluated against the general guidelines and policy perspective of the Association and changes made accordingly. The existing syllabus in each subject should also be looked into.

(10) Efforts should be made to identify topics where IT based learning activities can be integrated.

(11) The syllabus in each subject should have a Core content and an Optional content in the ratio of 70:30. The Optional content will have two choices: (1) theoritical studies (2) applied studies. Whether the Model II courses should be labeled as 'vocational' needs to be reviewed.

(12) The optional component should not exceed 30% of the total syllabus content.

(13) It is desirable that the revised syllabus has a preamble reflecting the major objectives. The preamble is expected to approximate a curriculum statement for the subject.

(14) The workshops may also evolve suggestions for integrating.

(a) Social service extension activities.

(b) Methodology orientation.

(c) Educational values reflecting social commitment.

Timing of the Workshops/Syllabus

August - September 2002: All the subject wise workshops have to be conducted between the last week of August and the third week of September 2002. During this period, based on the deliberations in the workshops, the draft presented should be modified (See the schedule).

October - November 2002: Scrutiny by Experts

The modified draft syllabus developed at the workshops should be placed before a team of experts in the subject concerned, for scholarly vetting and refinement.

December 2002: Printing & Submission of Report to Universities in Kerala by December 2002, the final print of the syllabus should be ready for submission to the Universities in Kerala.

The purpose of this exercise is to provide a broad common framework for exchange, mobility and free dialogue across the academic community. The AKPCTA looks forward for active participation of our teachers in this venture to improve the standards to achieve excellence in higher education.

# AKPCTA Academic Committee

## Details Of Curriculum Workshop: UG (Semester) Course

| No | Branch | Subjects | Conveners | Date | Venue |
|---|---|---|---|---|---|
| 1 | Languages | | Prof.U.Hemanth Kumar, SNG College, Chelannur, Calicut | | |
| | | (1) English | Prof. A.M.Geevarghese, Dept. of English, U.C.College, Aluva | | |
| | | (2) Malayalam | Dr.P.Krishnan, NSS College, Ottappalam. | Sept 21,22 | Sree keral varma College Trichur |
| | | (3) Hindi | Dr.K.K.Chacko, Christ College, Irinjalakuda, Trissur | | |
| | | (4) Sanskrit | Prof.C.V.Sreedevi, Sree Sankara College Kalady | | |
| II | Humanities & Social Sciences | | Dr.P.S.Mohankumar, Sree Sankara College, Kalady, Ekm Dist | | |
| | | (1) History | Prof. Mammen George St. Thomas College, Kozhencherry | | |
| | | (2) Economics | Dr.P.S.Mohankumar Sree Sankara College, Kalady | Sept 14,15 | U.C.College Aluva |
| | | (3) Political Science | Dr. Rajendran Nair VTM NSS College, Dhanuvachapuram Trivandrum | | |
| | | (4) Psychology | Rev.Thomas John, Dept. of Psychology, U.C, College, Aluva | | |
| III | Physical Science | | Dr.M.R.Sudarsanakumar- M.G.College, Trivandrum | | |
| | | (1) Mathematics | Dr. Sunny Kuriakose, U.C. College, Aluva | | |
| | | (2) Physics | Prof. P.G.Sukummaran Nair NSS College, Pandalam | Sept 21,22 | AKPCTA State Committee Office Trivandrum |
| | | (3) Chemistry | Dr. M.R. Sudarsanakumar M.G.College, Trivandrum | | |
| | | (4) Statistics | Prof.A.P. Kuttikrishnan Sir Syed College, Thaliparamba, Kannur | | |
| | | (5) Computer Science | Dr. Ajayakumar Director, Dep. of Computer Science University of Kerala | | |
| IV | Life Science | | Prof. George F.Decruz FMN College, Kollam | | |
| | | (1) Botany | Prof. James Philip Devamatha College Kuravilangad, Kottayam Dist | Sept 21,22 | AKPCTA State Committee Office Trivandrum |
| | | (2) Zoology | Prof. George F.Decuruz FMN College, Kollam | | |
| V | Commerce | | Dr.K.K.Balachandran NSS College, Manjeri, Malappuram | Sept 14,15 | PSMO College Thirurangadi |

# YOUR INCOME-TAX FOR 2002-03

**Tomichan Joseph**

*Dept. of Commerce, K.E. College. Mannanm*

Compute your tax for 2002-03 right now and distribute your saving and tax payments over the rest of the period. Take it easy now! Don't take it worrying later!!.

Teachers usually sleep over their income tax concerns in the first three quarters of the financial year and make a mess of it in the last quarter. From January to March every year, they worry about the huge tax arrears built up over the months and the savings and payments that could have been made in easy installments. They resolve to be different next year; but end up repeating the past in the succeeding years as well.

Laziness and indifference are not the only hindrances to advance planning. Most teachers are over awed by 'the complicated computing procedure' of income tax and leave it to 'experts' to compute their tax after worrying over it for days and days.

Given below is a simple step by step procedure for computing income tax on the basis of the total income and savings made there on as per the provisions of the Income Tax Act 1961 and Finance Act 2002. It should be possible to any teacher - even one not remotely acquainted with Income Tax Act to compute his income tax obligations on the basis of this.

Here is the eight fold path to compute the total income and tax payable.

Step I Computation of Gross Salary
Step II Computation of Net Salary
Step III Computation of Gross Total Income
Step IV Computation of Total Income
Step V Computation of Tax
Step VI Claiming Rebates
Step VII Adding surcharge
Step VIII Deducting Relief u/s 89 (1)

## STEP I COMPUTATION OF GROSS SALARY

Gross salary of a teacher consists of Basic pay, (B.P.) Dearness allowance (D.A.) , and House rent allowance (H.R.A.) B.P. and D.A. are fully taxable while for HRA, assessee can claim exemption u/s 10(13A) and Rule 2A

### Exemptions u/s 10(13A) and Rule 2A

Exemptions for HRA can be claimed only by those who are residing in rented accommodation and if the rent paid by him exceeds 10% of his salary

Exempted portion of HRA is least of the following 3 figures.

1. Actual amount of HRA received
2. Excess of rent paid over 10% of salary
3. 40% of salary due

**GROSS SALARY**

| | | |
|---|---|---|
| Basic pay | ......... | 144000 |
| Dearness allowance | ......... | 46080 |
| House rent allowance | -1200 | |
| Less Exemption u/s 10(13A) | -1200 | NIL |
| **Gross Salary** | | **190080** |

## STEP II COMPUTATION OF NET SALARIES

Net Salary = Gross Salary Minus Standard

deduction u/s 16(I) and Deduction for Employment tax u/s 16(iii)

**Standard deduction u/s 16(I)**

An assessee whose income from salary before standard deduction

A. Does not exceed Rs.150000 - 1/3 of salary or Rs.30000 whichever is less.
B. Exceeds Rs.150000 but does not exceed Rs.300000 .....Rs.25000
C. Exceeds Rs. 300000 but does not exceed Rs.500000 ..... Rs.20000
D. Exceeds Rs.500000 .....NIL

**Tax on Employment 16(iii)**

Employment tax paid by the assessee on account of tax on employment will be allowed as deduction.

**NET SALARY**

| | | |
|---|---|---|
| Gross Salary | ........ | 1,90,080 |
| Less Standard deduction u/s 16(i) | -25,000 | |
| Less Rax on employment u/s 16(iii) | -2,000 | 27,000 |
| Net salaries | .............. | **163080** |

## STEP III COMPUTATION OF GROSS TOTAL INCOME

For a college teacher GTI consist of the following items

1. Net salaries as computed above
2. Loss on self occupied house property on a/c of interest on loan taken to construct such a house
3. Income from other sources ie. valuation remuneration, interest accruded on National Savings Certificate, Interest on bank deposit if any.

**Loss of Self occupied house property on account of interest on loan**

Income from one house used for self occupation is NIL. Interest on loan availed for the construction of the same is treated as loss and can be set off against salary income.

**Rules for claiming interest 24(i)**

Allowable maximum interest Rs. 30,000.where such property has been (1) acquired (2) constructed (3) repaired (4) renewed (5) reconstructed with capital borrowed prior to 1-4-1999.

Allowable interest Maximum Rs.150000 - where such property (1) acquired (2) constructed with capital borrowed after 31-3-99 and construction completed with in 3 years from the end of financial year in which the capital was borrowed

Note: 1. Enhanced deduction of Rs. 1,50,000 is available only for acquisition and construction of the property or conversion of whole or part of the capital borrowed for acquisition or construction which remains to be paid as a new loan.

New loan means the whole or part of a loan taken by the assessee subsequent to capital borrowed for the purpose of repayment of such capital.

2. No stipulation regarding the date of commencement of construction

**GROSS TOTAL INCOME**

| | | | |
|---|---|---|---|
| 1. | Net salaries | | 1,63,080 |
| 2. | Less loss of house property ie. Interest on loan to construct self occupied house property | | - 30,000 |
| 3. | Income from other sources | | |
| | a. Interest n NSC, if any | 10,000 | |
| | b. Valuation Remuneration, if any | 2,000 | |
| | c. Bank interest, if any | Nil | 12,000 |
| **Gross Total Income** | | | **1,45,080** |

## STEP IV. COMPUTATION OF TOTAL INCOME

Total Income = Gross total income minus deductions u/s 80's

Deductions u/s 80's relevant for a college teacher are discussed below,

**1. 80CCC Deduction in respect of contribution to pension fund**

Amount contributed to pension fund of LIC (Jeevan suresha scheme) Deductible amount is actual yearly contribution or Rs. 10,000 which ever is less.

Note: This amount is not eligible for rebate u/s 88

**2. 80 D Deduction in respect of Medical Insurance premia.**

The premium paid for insure the health of the assessee, his spouse, depended parents or depended children. The amount should be paid by cheque out of taxable income of the assessee.

Deductible amount- Amount of premium so paid or Rs. 10000 whichever is less.

Note: Where any of the insured is a senior citizen Maximum of Rs 10000 will be enhanced to Rs. 15000

**3. 80 DD Deduction in respect of maintenance including medical treatment of Handicapped dependent.**

**Items eligible for deduction**

a. Expenditure incurred by way of medical treatment (including nursing) training and rehabilitation of handicapped dependent or

b. The amount paid or deposited for the benefit of such dependent under any scheme framed by the L.I.C of India or any other insurer or UTI.

c. **Quantum of Deduction**- Rs. 40000 irrespective of the amount of expenditure incurred.

**Handicapped dependent**: means a relative of the assessee and dependent for support and maintenance on the assessee. He is suffering from a permanent physical disability or mental retardation which is certified by a physician, a surgeon, an oculist or a psychiatrist as the case may be working in a Government Hospital

**4. 80DDB Deduction in respect of medical treatment of assessee or any dependent relative of specified diseases**

Assessee incurred any expenditure for the medical treatment of specified diseases of assessee himself or dependent relative.

**Quantum of deduction -**

(1) Rs. 40000 irrespective of the amount of expenditure incurred.

(2) Where the expenditure is incurred for the treatment of a senior citizen the amount of Rs. 40000 mentioned above will be enhanced to Rs. 60000

(3) Where any compensation is received from an insurance company for the medical treatment, the deductions mentioned above will be reduced by such compensation.

**Specified diseases** - Neurological diseases, cancer, aids, chronic renal failure, Hemophilia, Thalassaemia

Assessee should file a certificate in Form 10 I from a Doctor registered with Indian Medical Association with P.G qualification along with return of income.

**80 E Deduction in respect of repayment of Loan taken for Higher education**

Any amount ie. Principal and interest paid during the previous year is allowed as deduction

**Quantum of deduction** - Amount paid or Rs. 40000 whichever is less is allowed as deduction for the previous year

**Period of deduction**

Deduction is allowed for 8 years from the year of starting repayment or the year in which the amount is completely repaid which ever is earlier.

**Higher education** - Full time studies for any graduate or postgraduate courses in engineering, medicine, management or post graduate course in applied sciences or pure sciences including mathematics and statistics

**80 G Donation made during the previous year.**

Donations made to certain funds are 100% deductible.

Donations to certain charitable trust deductible only 50%

**80L Deduction in respect of interest on Securities , Dividends etc.**

**Quantum of Deduction** - Rs. 9000/- in general for interest and dividends. And an additional Rs.3000/- in respect of Interest on govt. securities where interest accrued on NSC is included in Gross Total Income under the head income from other sources Rs. 9000/- as stated above is deductible under this section.

**80U Deduction for physically handicapped or Blind persons.**

**Eligibility**: Persons suffering from permanent physical disability (including blindness) or mentally retarded.

**Quantum of Deduction** - Rs.40,000/-

For this first year of assessment he should submit a certificate in this regard from a physician , a surgeon, an oculist or a psychiatrist , as the case may be working in a govt. hospital

### TOTAL INCOME

| | |
|---|---|
| Gross total income | 1,45,080 |
| Less deductions u/s 80CCC, 80D,80DD,80DDA,80E,80L, 80U | 15,000 |
| **Total Income** | **1,30,080** |

## STEP V COMPUTATION OF TAX

Tax rate applicable for the Assessment Year 2003-04 i.e. the previous year 2002-03

| | |
|---|---|
| First 50,000 of the total income | -Nil |
| Next 10,000 of the total income | -10% |
| Next 90,000 of the total income | -20% |
| Balance of the total income | -30% |

Surcharge @ 5% of Tax computed

Surcharge is calculated on tax after deducting rebates u/s88 , 88B and 88c

Tax on Rs.1,30,080

| | | | |
|---|---|---|---|
| First | 50,000 | Nil | Nil |
| Next | 10,000 | 10% | 1,000 |
| Next | 70,080 | 20% | 14,016 |
| **Total** | | | **15,016** |

## STEP VI CLAIMING REBATES

Assessee (Teachers) are entitled to the following rebates:

I. **Rebate u/s 88**

The following payments will qualify for rebate u/s 88

1. Premium paid for insuring the life of self, spouse or his or her child including major children
2. Contribution to provident Fund
3. Amount used to purchase NSC VIII issue
4. Interest accrued on NSC VIII issue
5. Contribution to Dhanraksha Scheme of LIC Mutual Fund
6. Subscription to House loan Account scheme of National Housing bank
7. Amount paid for the repayment of loans taken for the construction or acquisition of self occupied house property subject to a maximum of Rs.20,000/-

Note: Stamp duty, registration fee and other expenses for the transfer of such house property to the assessee are also qualify

8. Amount deposited in NSS 1992
9. Sums paid towards Jeevan Dhara and Jeevan Akshay schemes of LIC of India
10. Sum paid (Maximum 10,000) as subscription to any units of mutual fund or UTI as the central govt. may specify.
11. Sum Contributed to Retirement Benefit Unit Scheme of the UTI
12. Sum contributed to pension fund set up by the National Housing bank as the central govt. may notify.
13. Investment in equity shares or debentures of a public company or public financial institution forming part of any eligible issue of capital approved by the board.
14. Sum paid as subscription to any units of mutual fund approved by the board.

Note: In items 13 & 14 certain taxes saving bonds issued by I.D.B.I and ICICI will qualify.

**Restricting the qualifying sum**

The sum total of items 1 to 12 stated above should not exceed Rs.70,000/-

Items 13 and 14 should not exceed Rs.30,000. Thus total qualifying sum is restricted to Rs.1,00,000.

**Computation of Rebate**

1. Rebate is NIL where the gross total income exceeds Rs.500000
2. Rebate is 15% of qualifying sum where the GTI exceeds Rs.150000 but does not 500000
3. Rebate is 20% of qualifying sum where the Gross total income does not exceed Rs.150000
4. Rebate is 30% of qualifying sum where
   a. salries before standard deduction and employment tax does not exceed 100000 and
   b. Salary is not less than 90% of his gross total income

Note: In each case computed rebate should not exceed tax payable

**II. Rebate u/s 88C**

A woman assessee who is resident in India and who has not attained the age of 65 years at any time during the previous year eligible for rebate under this section

Rebate Amount = Tax on total income before rebate u/s 88 or Relief u/s 89(I) or Rs.5000/- whichever is less.

**STEP VII ADDING SURCHARGE**

Surcharge applicable for the Assessment Year 2003-04 (P.Y. 2002-03) is 5%

Surcharge is payable where the total income exceeds Rs.60,000/-

Surcharge is calculated on the tax after deducting rebate u/s 88, 88B and 88c.

| | |
|---|---|
| Tax before rebates | 15,016 |
| Less rebate 20% of 50,000 | 10,000 |
| Tax after rebate | 5,016 |
| Add surcharge @ 5% | 251 |
| Tax including surcharge | 5,267 |

**STEP VIII CLAIMING RELIEF U/S 89(1)**

Where the assessee receives arrears of salary belonging to an earlier previous year during the previous year he should apply to the assesseing officer with proper computations for relief u/s 89(i)

Note: Tax for the Financial Year 2002-03 (Previous year) is paid by the tax payer before 31-3-2003 and assessed by the Income Tax Department in 2003-04 (Assessment Year). In case of tax arrears, the department would levy the tax due with a penal interest of 15 % per annum. In case of excess payment, the department would refund the amount in excess along with an interest of 8 % per annum. ●

## ഡോക്ടറേറ്റ് ലഭിച്ചു



അടൂർ സെയ്ന്റ് സിറിൾസ് കോളജ് ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗം അധ്യാപകൻ ശ്രീ.എ.എസ്.സൈമൺ തരകന് കേരള സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. **'Kalarippayat : A Comparison And Contrast With Other Defensive Arts'** എന്ന ഗവേഷണ പ്രബന്ധത്തിനാണ് Ph.D. ലഭിച്ചത്. കാര്യവട്ടം ഫിസിക്കൽ എഡ്യൂക്കേഷൻ കോളജ് പ്രിൻസിപ്പൽ Dr.S.S.Hasrani യുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.



കാലിക്കററ് സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷിൽ പി.എച്ച്.ഡി നേടിയ ആനന്ദ്. 'Realism and Social transformation in the novels of Mulk Raj Anand and Thakazhi Sivasankara Pillai - A comparative study എന്ന പഠനത്തിനാണ് ഡോക്ടറേററ് ലഭിച്ചത്. ആനന്ദ് ധനുവച്ചപുരം വി.ടി.എം എൻ.എസ്.എസ് കോളേജിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപകനാണ്.

**അനുമോദനങ്ങൾ**

# AIFEUCTO NEWS

C/8/2002 Dated: 16-8-2002

## TO ALL THE MEMBERS OF NATIONAL EXECUTIVE COMMITTEE & ALL AFFILIATED UNITS

Dear Friend

### ACTION PROGRAM

Inspite of hevy rain at NEW DELHI on 13-8-2002, teachers from all the corners of the country have assembled at 11.00 A.M at Ramleela grounds in thousands. It is heartening to see the assembly of elementary school teachers, primary school teachers, secondary school teachers, university & college teachers along with karmacharies for the common cause of people 'SAVE EDUCATION'. Though we have approached police, for permission for 'MARCH TO PARLIAMENT' about a month back, DELHI POLICE declined to give the same (informed us only on the night of 12-8-2002.) The mood of the people was to 'MARCH TO PARLIAMENT' even without police permission. The same thing was brought to the notice of, DELHI POLICE. At last police gave the permission at 11.30 A.M. Thousands of teachers marched through the streets of New Delhi, giving slogans of 'SAVE EDUCATION' and 'SAVE COUNTRY' in different languages. The 'March' saw the teachers even from 'North Eastern States' which are completely cut off from the rest of the country, due to floods. The 'March' was stopped at parliament street police station and gathering was addressed by several leaders of AIFUCTO, FEDCUTA, AISTF, AIFESTO, AIFCUEO and AIUKA. Several speakers were critical of Government of India and State Governments in commercializing 'Education' in general and 'Higher Education' in particular. Speakers included Shri Promod Panda, Member of Parliament (Lok Sabha) Ms Kiran Walia, M.L.A Delhi, Prof. Mrinmony Bhattacharya General Secretary WFTU, and Ms Amarjit Kaur Secretary AITUC. A five member delegation met the speaker and presented a memorandum. Both electronic and print media gave vide coverage of the action program. The program was a great success.

### NEC - MEET

Meeting of NEC was held at BANGABHAVAN, NEW DELHI, at 3.00 P.M on 13-8-02. The meeting began by observing two minutes silence, to the memory of late Prof. Manjerekar. NEC reviewed the 'action program' and desired that such united programs involving teachers and employees should be taken up at 'State Capitals', to propagate 'SAVE EDUCATION'. This should be taken up with all seriousness, to build up a strong public opinion against 'commercialisation'-of 'education'. NEC directed that all affiliates to conduct the 'letter campaign' as informed in the earlier circulars.

### NET EXEMPTION FOR Ph.D.

University Grants Commission, modified UGC Regulations - 2000, prividing NET EXEMPTION FOR Ph.Ds up to 31-12-02.

### AIFUCTO CONFERENCE

23rd Academic Conference of AIFUCTO is to be held at panjim (Goa), from 25 to 27 October 2002. For any local assistance please contact Prof (Ms) Radhika Naik, President UCTAG, Carmel College, Nuvem, GOA - 503 604, Phone 0832 31500(R)

With warm greetings

Yours fraternally

*(B.Vijay Kumar)*

General Secretary

## UGC NEWS

University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) (Ist Amendment) Regulations 2002

TO BE PUBLISHED IN THE GAZATTE OF INDIA. PART III, SECTION-4

**UNIVERSITY GRANTS COMMISSION**

**BAHADUR SHAH ZAFAR MARG, NEW DELHI-110 002**

F 1-1/2002(PS) Exemp

31st July, 2002.

**NOTIFICATION**

In exercise of the powers conferred by clause (e) & (g) of sub-section (1) of Section 26 read with Section 14 of University Grants Commission Act, 1956 (3 of 1956), and in supersession of the Regulations issued under University Grants Commission letter No F.1-93/74 (CPP) Part (v) dated 13th June, 1983 No F.1-11/87(CPP-II) dated 19th September, 1991 and No F.1-11/87(CPP) dated 21st June, 1995 and Notificaton No.1-93/74(CP) dated 19th February, 1985, 26th November, 1985 and No F.3-1/94(PS) dated 24th December, 1998 and UGC Regulations No F.3-1/2000(PS) dated 4-4-2000, the University Grants Commission hereby makes the following Regulations to amend the University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) Regulation, 2000, namely:-

**Short Title. Application and Commencement.**

i) These regulations may be called University Grants commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) (Ist Amendment), Regulation, 2002.

ii) They shall apply to every university established or incorporated by or under a Central Act, Provincial Act or a State Act, every institution including a constituent or an affiliated college recognized by the Commission, in consultation with the university concerned under Clause (f) of Section 2 of the University Grants Commission Act, 1956, and every institution deemed to be a university under Section 3 of the said Act.

iii) They shall come into force with immediate effect.

In the University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) Regulation, 2000 whereever the following para occurs:

"NET shall remain the compulsory requirement for appointment as Lecturer even for candidates having Ph.D. degree. However, the candidates who have completed M.Phil degree or have submitted Ph.D. thesis in the concerned subject upto 31st December, 1993 are exempted from appearing in the NET examination".

It should be substituted with the following para.

"NET shall remain the compulsory requirement for appointment as Lecturer even for candidates having Ph.D degree. However, the candidates who have completed M.Phil degree by 31st December, 1993 or have submitted Ph.D thesis in the concerned subject on or before 31st December, 2002 are exempted from appearing in the NET examination. In case said candidates fail to obtain Ph.D degree, they shall have to pass the NET examination.

Sd/-

(Dr.Tilak R.Kem)

Additional Secretary

No. 172

September 2002

# KERALA PRIVATE COLLEGE TEACHER



THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

# UGC NEWS

University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) (Ist Amendment) Regulations 2002

TO BE PUBLISHED IN THE GAZATTE OF INDIA. PART III, SECTION-4

**UNIVERSITY GRANTS COMMISSION**

**BAHADUR SHAH ZAFAR MARG, NEW DELHI-110 002**

F 1-1/2002(PS) Exemp 31st July, 2002.

**NOTIFICATION**

In exercise of the powers conferred by clause (e) & (g) of sub-section (1) of Section 26 read with Section 14 of University Grants Commission Act, 1956 (3 of 1956), and in supersession of the Regulations issued under University Grants Commission letter No F.1-93/74 (CPP) Part (v) dated 13th June, 1983 No F.1-11/87(CPP-II) dated 19th September, 1991 and No F.1-11/87(CPP) dated 21st June, 1995 and Notificaton No.1-93/74(CP) dated 19th February, 1985, 26th November, 1985 and No F.3-1/94(PS) dated 24th December, 1998 and UGC Regulations No F.3-1/2000(PS) dated 4-4-2000, the University Grants Commission hereby makes the following Regulations to amend the University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) Regulation, 2000, namely:-

**Short Title. Application and Commencement.**

i) These regulations may be called University Grants commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) (Ist Amendment), Regulation, 2002.

ii) They shall apply to every university established or incorporated by or under a Central Act, Provincial Act or a State Act, every institution including a constituent or an affiliated college recognized by the Commission, in consultation with the university concerned under Clause (f) of Section 2 of the University Grants Commission Act, 1956, and every institution deemed to be a university under Section 3 of the said Act.

iii) They shall come into force . ith immediate effect.

In the University Grants Commission (Minimum Qualifications required for the appointment and Career Advancement of teachers in universities and institutions affiliated to it) Regulation, 2000 whereever the following para occurs:

"NET shall remain the compulsory requirement for appointment as Lecturer even for candidates having Ph.D. degree. However, the candidates who have completed M.Phil degree or have submitted Ph.D. thesis in the concerned subject upto 31st December, 1993 are exempted from appearing in the NET examination".

It should be substituted with the following para.

"NET shall remain the compulsory requirement for appointment as Lecturer even for candidates having Ph.D degree. However, the candidates who have completed M.Phil degree by 31st December, 1993 or have submitted Ph.D thesis in the concerned subject on or before 31st December, 2002 are exempted from appearing in the NET examination. In case said candidates fail to obtain Ph.D degree, they shall have to pass the NET examination.

Sd/-
(Dr.Tilak R.Kem)
Additional Secretary

# കേരള വിദ്യാഭ്യാസ സമിതി: സമര പ്രഖ്യാപന കൺവെൻഷൻ

വിദ്യാഭ്യാസ കച്ചവടവൽക്കരണത്തിനെതിരെയും പൊതുവിദ്യാഭ്യാസം സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെയും ഭാഗമായി കേരള വിദ്യാഭ്യാസ സമിതി 9-7-2002 ന് എറണാകുളം ടൗൺ ഹാളിൽ ചേർന്ന സമര പ്രഖ്യാപന കൺവെൻഷനിലാണ് പ്രക്ഷോഭപരിപാടികൾക്ക് രൂപംകൊടുത്തത്. യു ഡി എഫ് സർക്കാരിന്റെ ജനവിരുദ്ധ വിദ്യാഭ്യാസ നയങ്ങൾക്കെതിരെ ശക്തമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുവാനും സമിതി തീരുമാനിച്ചു. ഇതിനായി ആഗസ്റ്റ് ഏഴു മുതൽ ഒരാഴ്ചക്കാലം എല്ലാ ജില്ലകളിലും വിദ്യാഭ്യാസ ജാഥകൾ നടത്തി. നാലു മേഖലകളായി തിരിച്ച് നാലു ജാഥകളാണ് സംഘടിപ്പിക്കുന്നത്. 180 കേന്ദ്രങ്ങളിൽ ജാഥകൾ എത്തും. സമിതി ചെയർമാൻ പ്രൊഫ. നൈനാൻ കോശി പ്രക്ഷോപപരിപാടികൾ കൺവെൻഷനിൽ അവതരിപ്പിച്ചു.




ടൗൺഹാളിൽ നിറഞ്ഞുകവിഞ്ഞ കൺവെൻഷൻ സി പി ഐ എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു സ. എസ്. ശർമ്മ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. നൈനാൻകോശി, ഡോ. സെബാസ്റ്റ്യൻ പോൾ, ഡോ. വി.ജെ.ബാബു, എം.ബി.രാജേഷ്, പി. ആർ.വർഗീസ്, അഡ്വ. പി.രാജീവ്, പ്രൊഫ. തോമസ് ജോസഫ് (എ.കെ.പി.സി.ടി.എ.), സുനിൽ.പി. ഇളയിടം, ഡോ. എം.കെ.സുകുമാരൻ നായർ, പി. എസ്.ഷൈല (അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ), പ്രൊഫ. വി. ആർ. അയ്യപ്പൻപിള്ള (എ.കെ.ജി.സി.ടി) എന്നിവർ സംസാരിച്ചു.

## പിണറായി വിജയൻ

കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് ഇന്നുനില നിൽക്കുന്ന ദുഃഖസ്ഥിതിയാണ് ഈ കൺവെൻഷന് കാരണം. നമ്മുടെ നാടിന്റെ സമസ്തമേഖലകളെയും ദശാബ്ദങ്ങൾക്ക് പുറകോട്ട് കൊണ്ടുപോകുന്ന നടപടികളാണ് ഗവൺമെന്റ് കൈക്കൊള്ളുന്നത്. വിദ്യാഭ്യാസമേഖല മററു മേഖലകളിൽ നിന്നും വ്യത്യസ്തമാണ്. ഈ രംഗത്തെ ഗവൺമെന്റിന്റെ നയം നാടിനെ മുഴുവൻ ബാധിക്കുന്നതാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ കാലങ്ങളിൽ സർക്കാരുകൾ എടുത്ത നയം കൊണ്ടാണിത്. ഇനിയങ്ങോട്ട് സർക്കാരുകളുടെ നിയന്ത്രണത്തിലുള്ളതും സർക്കാരിന്റേതുമായ വിദ്യാലയങ്ങൾ വേണ്ട എന്നാണ് കരുതുന്നത്. 2600-ൽ അ



ധികം സ്കുളുകൾ അടയ്ക്കുവാൻ പോവുകയാണ്. സമ്പന്നർക്കു മാത്രം പഠിക്കാൻ കഴിയുന്ന അൺ എയ്ഡഡ് വിദ്യാലയങ്ങളാണ് ഇനി സംസ്ഥാനത്ത് അവശേഷിക്കുക. കൂടുതൽ സൗകര്യങ്ങളും സൗജന്യങ്ങളും ഏർപ്പെടുത്തുന്നതിനുപകരം ഫീസു വർദ്ധനയും മറ്റും ദരിദ്ര വിഭാഗം ജനങ്ങളെ ദോഷകരമായി ബാധിക്കും. സർക്കാരിന്റെ വിദ്യാഭ്യാസ രംഗത്തെ നടപടി വളരെ പിൻതിരിപ്പൻ ആണ്. ഇന്നത്തെ രീതിയിലെ വിദ്യാഭ്യാസ നയം തുടർന്നാൽ നല്ലൊരു വിഭാഗം കുട്ടികൾക്ക് പഠനം സാദ്ധ്യമാകാതെവരും. ഇന്ന് സംസ്ഥാനത്തെ ഹയർ സെക്കന്ററിയിൽ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഇല്ല. എന്നാൽ മേഖലയിൽ യു ഡി എഫ് സർക്കാർ അൺ എയ്ഡഡ് പ്ലസ്ടു ആരംഭിക്കാനാണ്നടപടികൾ എടുക്കുന്നത്.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് പ്രത്യേകിച്ച് എഞ്ചിനീയറിംഗ് സ്വകാര്യ മാനേജ്മെന്റുകൾക്ക് തീറെഴുതുന്ന നയമാണ് വിദ്യാഭ്യാസരംഗത്ത് യു ഡി എഫ് നടപ്പാക്കുന്നത്. കേരളത്തിന്റെ ആവശ്യം കണക്കിലെടുത്ത് വേണം പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങേണ്ടത്. അവയുടെ എണ്ണം സ്ഥലം എന്നിവ തുടങ്ങുന്നതിനു മുൻപ് ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. ഈ മേഖല കച്ചവടക്കാർക്ക് ലാഭമുണ്ടാക്കുവാൻ സർക്കാർ കൂട്ടു നിൽക്കുന്നു. യാതൊരു വിട്ടുവീഴ്ചയുമില്ലാതെ ഈ രംഗത്ത് എൻ ഒ സി നൽകുകയാണ് ഇപ്പോൾ ഗവൺമെന്റ് ചെയ്യുന്നത്. മുന്നൂറോളം സ്ഥാപനങ്ങൾക്ക് എൻ ഒ സി നൽകുമ്പോൾ അവ എത്രയെണ്ണം കേരളത്തിൽ ആവശ്യമാണ് എന്ന് ഗൗരവമായി കണക്കാക്കുന്നില്ല. സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകളിൽ മാനേജുമെന്റ് ക്വാട്ട ഇല്ല എന്നാണ് സുപ്രീംകോടതി വിധി. 50% പേയ്മെന്റ് സീററുകളിലൂടെ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടിയുള്ള തുക ശേഖരിക്കാം. ഫീസ് നിർണ്ണയിക്കുന്നതിന് ഒരു കമ്മററിയുണ്ട്. ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് അട്ടിമറിക്കപ്പെടുന്നു യു ഡി എഫ് സർക്കാർ.

ന്യൂനപക്ഷ പദവി ദുർവ്യാഖ്യാനിക്കാൻ സർക്കാർ ശ്രമിക്കുന്നു. ഇതിന്റെ പേരിൽ വിദ്യാഭ്യാസം കച്ചവടക്കാർക്ക് തുറന്നുകൊടുക്കുന്ന നയമാണ് ഗവൺമെന്റിന്റേത്. നിയമ വ്യവസ്ഥ ലംഘിച്ച് വിദ്യാഭ്യാസ കച്ചവടക്കാർക്ക് കീഴടങ്ങുന്ന ഇത്തരത്തിലുള്ള ഒരു സർക്കാർ ഇവിടെ ഉണ്ടായിട്ടില്ല. ന്യായമായ ഫീസ് ജനങ്ങൾ അംഗീകരിക്കുന്നു. എന്നാൽ ജനങ്ങൾക്ക് താങ്ങാനാവാത്ത ഫീസ് വർദ്ധനയാണ് ഇന്ന് അടിച്ചേൽപ്പിക്കുന്നത്.

സർവ്വകലാശാലകളുടെ രൂപീകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ സർക്കാർ അംഗീകരിക്കുന്നില്ല. ഇവയുടെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന നിയമങ്ങൾ സർക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസമേഖലയാകെ കച്ചവടക്കാർക്ക് തുറന്നു കൊടുക്കുന്ന ഗവ: നയം ഭാവിതലമുറയോടുകൂടി ചെയ്യുന്ന കുററമാണ്. ഈ നയത്തിന് കീഴടങ്ങുവാൻ നമുക്കാവില്ല. ആന്റണിയുടെ അജണ്ട കേരളത്തിൽ നടപ്പാക്കുവാൻ ശ്രമിച്ചാൽ ജനങ്ങൾ സമ്മതിക്കില്ല. ഗവ: കാണിക്കുന്ന അവിവേകം ജനപങ്കാളിത്വത്തോടെ പ്രക്ഷോഭസമരങ്ങളിലൂടെ നേരിടണം. നമ്മുടെ നാടിന്റെ ആകെ പിൻ

തുണയുള്ള സമര രീതിയാണ് നാം രൂപകൽപ്പന ചെയ്യുന്നത്.

ഗവൺമെന്റ് തെററായ വിദ്യാഭ്യാസനയങ്ങൾ തിരുത്തുവാൻ ജനപിന്തുണയിലൂടെ നേടുന്ന സമരത്തിന് കഴിയും.

## പ്രൊഫ. നൈനാൻകോശി

വളരെ സൂക്ഷ്മമായ പഠനത്തിനുശേഷം രൂപം കൊടുത്ത പുതിയ പാഠ്യപദ്ധതി അട്ടിമറിക്കുവാനുള്ള സർക്കാരിന്റെ ശ്രമത്തിനെതിരെയാണ് കേരള വിദ്യാഭ്യാസ സമിതി രൂപം കൊണ്ടത്. സമിതി രൂപം കൊണ്ടിട്ട് ഒരു വർഷം തികയുന്നു. കേരളത്തിൽ സർക്കാരിന്റെ വികലമായ വിദ്യാഭ്യാസനയത്തെ പരിമിതമായ രീതിയിൽ പ്രതിരോധിക്കുവാൻ കേരള വിദ്യാഭ്യാസ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ സംഘടനകളെയും അണിനിരത്തി വിശാലമായ ഒരു അടിത്തറയ്ക്ക് രൂപം കൊടുക്കണം. എങ്കിൽ മാത്രമേ വിദ്യാഭ്യാസരംഗത്തെ സർക്കാരിന്റെ വികലമായ നയം തിരുത്തുവാൻ നമുക്ക് കഴിയുകയുള്ളൂ.

യു ഡി എഫ് സർക്കാർ വിദ്യാഭ്യാസമേഖലയിലാണ് ആദ്യം കൈവെച്ചത്. പൊതുവിദ്യാഭ്യാസത്തെ തകർത്തിട്ട് കച്ചവട പ്രധാന്യം നൽകുന്ന ഒരു വിദ്യാഭ്യാസപദ്ധതിയ്ക്കാണ് സർക്കാർ തുടക്കം ഇടുന്നത്. വിദ്യാഭ്യാസം വ്യക്തിത്വവികസനത്തിനും രാഷ്ട്രപുരോഗതിയ്ക്കുമാണെന്നുള്ള ലക്ഷ്യം മാററിവെച്ച് കച്ചവടത്തെ മുഖ്യമാക്കി എടുക്കുന്ന രീതിയവാണം എന്നാണ് ഗവൺമെന്റ് തീരുമാനം. സാധാരണക്കാരന്റെ ജീവിതം വീണ്ടും ദുരിത പൂർണമാകുന്ന നയസമീപനങ്ങളാണ് സർക്കാർ വിദ്യാഭ്യാസരംഗത്ത് കൈക്കൊള്ളുന്നത്. അൺ എയ്ഡഡ് കോഴ്സുകൾ, അൺ എയ്ഡഡ് കോളജുകൾ തുടങ്ങിയ കാര്യങ്ങളിൽ തെററായ പല പ്രചരണങ്ങൾ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. യു ഡി എഫ് സർക്കാർ കൊണ്ടുവരുന്ന എല്ലാ നയങ്ങളും പ്രത്യേകിച്ച് വിദ്യാഭ്യാസ നയങ്ങൾ നമ്മുടെ സംസ്ഥാനത്തെ ദശകങ്ങൾക്ക് പിന്നോട്ടുകൊണ്ടു പോകുന്നവയാണ്.

കേരള വിദ്യാഭ്യാസ സമിതി ചില ആവശ്യങ്ങൾ മുന്നിൽ വച്ചാണ് പ്രവർത്തിക്കുന്നത്. സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ നിലനിർത്തുക. വിദ്യാഭ്യാസരംഗത്തെ വാണിജ്യവൽക്കരണം അവസാനിപ്പിക്കുക. അമിതമായ ഫീസ് വർദ്ധനയെ എതിർക്കുക, മതേതര വിദ്യാഭ്യാസം ശക്തിപ്പെടുത്തുക. സർവ്വകലാശാലകളുടെ സ്വയംഭരണവും ജനാധിപത്യവും നിലനിർത്തുക തുടങ്ങിയവ വിദ്യാഭ്യാസ സമിതിയുടെ ലക്ഷ്യങ്ങൾ ആണ്.

സർക്കാർ 105 സ്കൂളുകൾ പൂട്ടുവാൻ തീരുമാനിച്ചു. അവയുടെ എണ്ണം 48 ആയി ചുരുങ്ങിയത് കേരള വിദ്യാഭ്യാസ സമിതിയുടെ ഇടപെടെലും മററു സംഘടനകളുടെയും പുരോഗമന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനവും കൊണ്ടാണ് എന്ന് പറയുവാൻ കഴിയും.

യു.ഡി.എഫ്. സർക്കാരിൻെറ വികലമായ വിദ്യാഭ്യാസ നയങ്ങൾതിരെ കേരളത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്നേഹികളും അണിനിരക്കണമെന്ന് കൺവെൻഷനിൽ പങ്കെടുത്തുകൊണ്ട് സ.എസ്.ശർമ, ഡോ.സബാസ്ററ്യൻ പോൾ, സ.സി.പി.നാരായണൻ, ഡോ.വി.ജെ.പാപ്പു, പ്രൊഫ.തോമസ് ജോസഫ് (എകെപിസിടിഎ) പ്രൊഫ.വി.ആർ.അയ്യപ്പൻപിള്ള (എ.കെ.ജി.സി.ററി), എം.ബി.രാജേഷ് (എസ്.എഫ്.ഐ), സ.പി.ആർ.വർഗ്ഗീസ് (കെ.എസ്.ററി.എ), അഡ്വ.പി.രാജീവ്, ഡോ.എം.കെ.സുകുമാരൻ നായർ, സുനിൽ.പി. ഇളയിടം എന്നിവർ ആവശ്യപ്പെട്ടു. ഡോ. ജോയ് ജോബ് കുളവേലിൽ സ്വാഗതവും, പി.എം. ഇക്കോരൻ (കെ എസ് ടി എ) നന്ദിയും രേഖപ്പെടുത്തി. ●


**വീട്ടുവളപ്പിലും പൂന്തോട്ടത്തിലും വളർത്താവുന്ന നൂറോളം ഔഷധസസ്യങ്ങൾ - അവയുടെ ഉപയോഗം എന്നിവ പ്രതിപാദിക്കുന്ന പുസ്തകം (ചിത്രങ്ങൾ സഹിതം)**

**ഗൃഹൗഷധികൾ** വില 30 രൂപ

**പ്രമേഹം, നടുവേദന, ഗ്യാസ്ട്രബിൾ തുടങ്ങിയ രോഗങ്ങൾക്ക് യോഗ ചികിത്സ**

**യോഗശാസ്ത്രവും പ്രകൃതിനിയമങ്ങളും** വില 40 രൂപ

**M.O.** അയയ്ക്കുക. തപാൽചിലവ് സൗജന്യം

മാനേജർ, ആയുർവേദ്, തിരുവനന്തപുരം - 695 020

# OXFORD

UNIVERSITY PRESS

## New books released in July 2002

| SUBJECT DESC | ISBN | AUTHOR | TITLE | PRICE | CUR |
|---|---|---|---|---|---|
| BUSINESS STUDIES | 0415251508 | FAULKNER | STRATEGY 4 VOL.SET | 475 | STG |
| CHEMISTRY | 0195662741 | JOHN ATKINS | THE ELE. OF PHYSICAL CHEM. 3/EDN | 295 | INR |
| CULTURE/MEDIA | 0195663330- | RAJADHYAKSHA,WILLE | ENCYCLO OF INDIAN CINEMA OIP | 875 | INR |
| ECONOMICS | 0195658574 | ATHUKORALA/SEN | SAVING, INVESTMENT & GROWTH | 495 | INR |
| ECONOMICS | 0195662148 | BOSE/RAY/SARKAR(EDS) | CONTEMPORARY MACROECONO (OIP) | 295 | INR |
| ECONOMICS | 0195127056 | CAMERON | CON. ECONOMIC HISTORY WORLD 4E | 445 | INR |
| ECONOMICS | 0195154983 | EATWELL | INTL.CAPITAL MARKETS P | 545 | INR |
| ECONOMICS | 0199242852 | KIPPING | MANAGEMENT CONSULTING | 2100 | INR |
| ECONOMICS | 0195658590 | KUMAR, NAGESH | GLOBALIZATION & QUAL.FOREIGN INV | 595 | INR |
| ECONOMICS | 0195662679 | RAMASWAMY,E.A. | MANAGING HUMAN RESOURCES (OIP) | 250 | INR |
| ECONOMICS | 0195661745 | REDDY.Y.V. | LECTURES ON ECONOMIC REFORMS | 550 | INR |
| ECONOMICS | 0195662547 | ROY, TIRTHANKAR | ECONOMIC HIST OF INDIA (OIP) | 195 | INR |
| ECONOMICS | 0199253145 | SCHUELLER | ST.GU.INTL.TRADE & WORLD EC | 475 | INR |
| ECONOMICS | 0199247447 | SKLAIR | GLOBALIZATION | 695 | INR |
| ECONOMICS | 0195663446 | UNDP | HUMAN DEV REPORT 2002 | 475 | INR |
| ENGINEERING - TECHNOLOGY | 0632039256 | PICKARD | THE ARCHITECTS' HANDBOOK HB | 1495 | INR |
| HISTORY | 0195662660 | HASAN, MUSHIRUL (ED) | INVENTING BOUNDARIES (OIP) | 325 | INR |
| HISTORY | 0195662997 | STEIN, BURTON | A HISTORY OF INDIA (OIP) | 295 | INR |
| LANGUAGE | 0195150821 | ABATE | POC.OXF.AME.DICT.OF CURR ENGPB | 375 | INR |
| LANGUAGE | 0198604394 | ALLEN | PUNCTUATION - OSA | 145 | INR |
| LANGUAGE | 0198603843 | BAVERSTOCK | PUB.NEWSLET & PRESS REL - OSA | 145 | INR |
| LANGUAGE | 0198605161 | CHALMERS | OXF.PAPERBACK FRENCH DICT | 225 | INR |
| LANGUAGE | 0198605080 | COBBETT | GRAMM.OF ENGLISH LANGUAGE | 375 | INR |
| LANGUAGE | 0195662946 | DIC | CONCISE OXFORD DICTIONARY 10 RE | 525 | INR |
| LANGUAGE | 019860467X | DICT | OXFORD FRENCH MINIDICTIONARY | 175 | INR |
| LANGUAGE | 0198604416 | DICT. | NEW OXF DICT OF ENG.REISSUE C | 1475 | INR |
| LANGUAGE | 0198605692 | DICTONARY | OXFORD COLOUR DICTIONARY | 375 | INR |

**STOCK AVAILABLE AT**

Regional Office - '219' Anna Salai Chennai 6 Ph 811 22 67 / 99 e_mail orders@oupin.com

**Showrooms:**

94 Koramangala Industrial Area 4th Cross 5th Block Bangalore 560095 Ph 5534286 oup bsr@vsnl.net

3-5-11-8 Narayanaguda Hyderabad 500 029 Ph 4750155 ouphsr@hd2.dot.net.in

Kesava Buildings, I floor, TC No. 25/1437 (2) Thampanoor, Thiruvananthapuram 695 001

Ph: 330995 ouptsr@vsnl.net

# 'പേ'ക്കട്ടുകളും പിരിച്ചുവിടലുകളും

പ്രൊഫ: വി.എൻ.മുരളി
മുൻ ജനറൽസെക്രട്ടറി, എ.കെ.പി.സി.ടി.എ

മുമ്പ് നാം കുടത്തിലടച്ച ഭൂതങ്ങൾ പലതും ഇപ്പോൾ പുറത്തുചാടുകയാണ്. ജാതിചിന്തകളും മതചിന്തകളും തിരിച്ചുവരവിനു ശ്രമിക്കുന്നു. സർവ്വീസ് രംഗത്ത് പിരിച്ചുവിടലുകളും ശമ്പളം വെട്ടിക്കുറയ്ക്കലുകളും വ്യാപകമാകുന്നു. Hire and Fire Policy വന്നിരിക്കുന്നു. Permanency വേണ്ട, അത് efficiency യെ ബാധിക്കുമെന്നാണ് ആഗോളവൽക്കരണത്തിന്റെ പുതിയ സിദ്ധാന്തം. നിയമനങ്ങളെല്ലാം താൽക്കാലികാടിസ്ഥാനത്തിലാക്കുന്നു. അധ്യാപകർ പണ്ടത്തെപ്പോലെ 'Permanently temperory' ആയിത്തീരുന്നു. വീട്ടുജോലിക്ക് ആളെ നിർത്തുന്ന രീതിയിൽ എപ്പോൾ വേണമെങ്കിലും പിരിച്ചയയ്ക്കപ്പെടാമെന്ന അവസ്ഥ. വൃത്തത്തിനകത്ത് ചതുരം കുത്തിക്കയറുന്നപോലെ എയ്ഡഡ് കോളജുകളിൽ അൺഎയ്ഡഡ് കോഴ്സുകളും അധ്യാപകരും ഉണ്ടാകുന്നു. വിദ്യാഭ്യാസ കച്ചവടക്കാരുടെ കൊയ്ത്തുകാലം. എല്ലാം അവർക്കുവേണ്ടി. കടമ്മനിട്ട കവിതയിൽ പറയുന്നപോലെ "എല്ലാം ഞങ്ങൾക്കാകട്ടെ, എല്ലാം ഞങ്ങളാകട്ടെ" എന്ന് അവർ ഒച്ചവയ്ക്കുന്നു ആഗോളവൽക്കരണത്തിന്റെ മറവിൽ നടക്കുന്ന ഈ വെട്ടിപ്പിടുത്തങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടതുണ്ട്. പ്രയാസം നിറഞ്ഞ പ്രതിരോധമാണിത്. എന്നാൽ ചരിത്രം പഠിപ്പിക്കുന്നത് ഈ 'കറുത്ത സായിപ്പന്മാ'രെ തോൽപ്പിക്കാൻ കഴിയുമെന്നു തന്നെയാണ്.



പ്രൊഫ. എം.പി. പോൾ

'സ്വാതന്ത്ര്യം സമത്വം സാഹോദര്യം' എന്ന ഫ്രഞ്ചുവിപ്ലവത്തിന്റെ മുദ്രാവാക്യം പിൽക്കാലത്ത് സർവ്വമേഖലകളിലും പ്രചോദനമായതുപോലെ ബ്രിട്ടീഷുകാരിൽ നിന്നും നാടിനെ മോചിപ്പിക്കാൻ നടന്ന സ്വാതന്ത്ര്യസമരത്തിന്റെ സ്വാധീനം മാനേജുമെന്റുകളുടെ അടിമകളായിരുന്ന കോളജധ്യാപകരിലും ചലനങ്ങൾ സൃഷ്ടിച്ചു. "ഭാരതമെന്ന പേർകേട്ടാലഭിമാനപൂരിതമാകണമന്തരംഗം /കേരളമെന്നു കേട്ടാലോതിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ"- ഇതായിരുന്നു 1930 കളിലെ അന്തരീക്ഷം. സ്വാതന്ത്ര്യത്തിന്റെ ചോരത്തിളപ്പ് സർവ്വരേയും ബാധിച്ചിരുന്ന അക്കാലത്ത് കോളജധ്യാപകരിൽ പലരും തങ്ങളനുഭവിക്കുന്ന പാരതന്ത്ര്യം തിരിച്ച



പ്രൊഫ. ജോസഫ് മുണ്ടശ്ശേരി

റിഞ്ഞ് പ്രതികരിക്കാൻ തുടങ്ങി. അൽപശമ്പളക്കാരായിരുന്നു അധ്യാപകർ. 'മാനേജർ തരുന്നതു ശമ്പളം മാനേജർ ആഗ്രഹിക്കുന്നതുവരെ ജോലി'- അന്നത്തെ അവസ്ഥ ഇതായിരുന്നു. പട്ടിണിയാണെങ്കിലും ആത്മാഭിമാനികളായ അധ്യാപകർ നാട്ടുനടപ്പനുസരിച്ച് കോട്ടും സൂട്ടുമൊക്കെ അണിഞ്ഞാണ് കോളജുകളിൽ എത്തിയിരിക്കുന്നത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പതാകവാഹകരായിരുന്നുവല്ലോ അവർ. എന്നാൽ അവർക്കിടയിലേയ്ക്ക് ഒരധ്യാപകൻ ഖദർ ധരിച്ചുവന്നത് മാനേജുമെന്റിനെ മാത്രമല്ല സഹാധ്യാപകരേയും അസ്വസ്ഥരാക്കി.1928 ൽ തൃശൂർ സെന്റ് തോമസ് കോളജിലാണ് ആ സംഭവം. കോളജിനു പുറത്ത് വീശിയടിച്ചിരുന്ന സ്വാതന്ത്ര്യബോധത്തിന്റെ കാററ് ക്യാമ്പസ്സിനകത്തേയ്ക്ക് ആവാഹിച്ചുകൊണ്ടുവന്നത് മേനാച്ചേരിൽ പൗലോസ്പോൾ എന്ന എം.പി.പോൾ ആയിരുന്നു. സെന്റ് തോമസ് കോളജിലെ ഇംഗ്ലീഷ് അധ്യാപകൻ, മലയാള ഗദ്യസാഹിത്യ പ്രസ്ഥാനത്തിന് അടിത്തറപാകിയ പ്രതിഭാശാലി. പോൾ അന്നു ധരിച്ച 'ഖദർ' ഒരു സന്ദേശമായിരുന്നു. ഡോ.ജോർജ് ഓണക്കൂർ, പ്രൊഫ. എം.പി.പോളിനെക്കുറിച്ചെഴുതിയ 'കലാപത്തിന്റെ തിരുശേഷിപ്പുകൾ' എന്ന ഗ്രന്ഥത്തിൽ ആ കാലത്തെ ഇങ്ങനെ വിലയിരുത്തുന്നുണ്ട്: "പ്രതാപശാലിയായ ഫാദർ പൗലോക്കാരൻ ജോൺ പ്രിൻസിപ്പാളായി വിലസുന്ന കാലത്താണ് പോൾ സെന്റ്തോമസ്കോളജിൽ എത്തുന്നത്. 1928 ജൂലൈ 10ന് കലാലയത്തിന്റെ കാര്യ വിചാരിപ്പുകാരൻ മോൺസിഞ്ഞോർ ഇടക്കൊളത്തൂർ മാത്യു അവർകൾ ഒപ്പിട്ട നിയമന കൽപന പോളിനു ലഭിച്ചു. നൂറുരൂപ പ്രതിമാസശമ്പളം, പത്തു രൂപ വാർഷിക ഇംക്രിമെന്റ്, അഞ്ചു വർഷമെങ്കിലും സ്റ്റാഫ് അംഗമായി തുടർന്നുകൊള്ളണമെന്ന നിബന്ധന. ഉടമ്പടിയിൽ ഒപ്പുവച്ച് പോൾ ഉദ്യോഗത്തിൽ പ്രവേശിച്ചു. കേരളത്തിൽ കോളജധ്യാപകർക്ക് അന്ന് സംഘടനയില്ല; സേവനവ്യവസ്ഥയില്ല; യു.ജി.സി സ്കെയിലില്ല; ഒരു സ്കെയിലുമില്ല." (പേജ് 16)

പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും അന്ന് സെന്റ് തോമസ് കോളജ് അധ്യാപകനായിരുന്നു. ഈ രണ്ടു പ്രതിഭകളും വിദ്യാർത്ഥികളിൽ സൃഷ്ടിച്ച സ്വാധീനം ചെറുതല്ല. മഹാനായ ഇ.എം.എസ്. അന്നവിടുത്തെ വിദ്യാർത്ഥിയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ആവേശം അധ്യാപകരിലും വിദ്യാർത്ഥികളിലും പടർന്നു പിടിച്ച കാലം. ഒരു ഘട്ടത്തിൽ പഠിത്തം മതിയാക്കി ഇ.എം.എസ് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാനായി സെന്റ് തോമസ് കോളജ് വിട്ടുപോകുന്നത് പ്രധാനപ്പെട്ട ഒരു ചരിത്ര സംഭവമാണ്. ഈ വിദ്യാർത്ഥി പിന്നീട് കേരളത്തിന്റെ ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിയാകുന്നതും ആ മന്ത്രിസഭയിൽ അദ്ദേഹത്തിന്റെ ഗുരു പ്രൊഫ.ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയാകുന്നതും മറെറാരു ചരിത്രം.

പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയായ 'കൊഴിഞ്ഞ ഇലകളി'ൽ സെന്റ് തോമസ് കോളജും പ്രൊഫ. എം.പി.പോളും പലയാവർത്തി കടന്നുവരുന്നുണ്ട്. ഒരു ഭാഗം നോക്കുക. "എന്റേതല്ലാത്തതും എന്നാൽ ഏറെക്കുറെ എന്റേതുമായ ഒരു കഥ ഇതിനിടയ്ക്ക് പറഞ്ഞുവയ്ക്കുവാനുണ്ട്. ശ്രീ. എം.പി.പോളുണ്ടല്ലോ, എം.പി.പോൾ -തൃശ്ശിനാപ്പിള്ളിയിൽ നിന്നും തൊട്ടേ ഞാനദ്ദേഹത്തെ പരിചയപ്പെട്ടിരുന്നു. തൃശൂരിൽ നിന്നാണ് അദ്ദേഹവും ഇന്റമീഡിയററ് കഴിഞ്ഞ് തൃശ്ശിനാപ്പിള്ളിക്കുതിരിച്ചത്. അന്നേ ഒരു കുഴപ്പക്കാരനായിരുന്നു ആ മനുഷ്യൻ! ഞാൻ തൃശിനാപ്പിള്ളിയിൽ എത്തിയപ്പോഴേയ്ക്കും ശ്രീമാൻ പോൾ ഹിസ്റ്ററിയിൽ ബി.എ.പാസ്സായി അവിടെ ത്തന്നെ ഇംഗ്ലീഷിൽ ട്യൂട്ടറായി കഴിഞ്ഞിരുന്നു. ബി.എയ്ക്ക് ഹിസ്റ്ററിയിലും ഇംഗ്ലീഷിലും ക്ലാസ്സുണ്ടായിരുന്നു അദ്ദേഹത്തിന്. കാഴ്ചയിലും പെരുമാററത്തിലും വളരെ ഒതുങ്ങിയ മനുഷ്യൻ. 'മിതം ച സാരം ച വചോ ഹിവാഗ്മിത'- അതേ, ശ്രീ പോൾ ഏതുരംഗത്തായാലും ഇതിനെ അർത്ഥവത്താക്കിയിരുന്നു. പക്ഷേ,വല്ലാത്തൊരഗ്നിപർവ്വതത്തിന്റെ



സ. ഇ.എം.എസ്.

തിളച്ചുമറിയലുണ്ടായിരുന്നു അതിനെല്ലാമിടയിൽ. ബി.എ കഴിഞ്ഞു ഞാൻ തൃശൂർ സെന്റ് തോമസ് കോളജിൽ പ്രവേശിച്ചതോടെ അദ്ദേഹവും അവിടെ എത്തി - ഇംഗ്ലീഷ് ലക്ചററായിട്ട്".(പേജ് 49)

പ്രൈവററ് കോളജധ്യാപകരുടെ അന്നത്തെ അവസ്ഥ മനസ്സിലാക്കാൻ സെന്റ് തോമസ് കോളജിലേക്ക് നോക്കിയാൽ മതി. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി എഴുതുന്നു. "വച്ചുപൊറുപ്പിക്കാൻ വയ്യാത്ത ഏതാനും നടപടികളുണ്ടായിരുന്നു മാനേജ്മെന്റിന്റെ ഭാഗത്ത്. പലർക്കും കണിശമായി ഗ്രേഡ് നിശ്ചയിച്ച് നിയമനോത്തരവ് നൽകിയിരുന്നില്ല. പുതിയ കൊല്ലം ആരംഭിക്കുമ്പോൾ ഇംക്രിമെന്റ് കിട്ടിയാൽ കിട്ടി എന്നമട്ടായിരുന്നു. അതൊക്കെയിരിക്കട്ടെ. തരാൻ നിശ്ചയിച്ചിരുന്ന ശമ്പളം തന്നിരുന്നതുതന്നെ മാസത്തിൽ പലതവണയായിട്ടാണ്. മാസാന്തം ഇന്ന തീയതിക്ക് കണക്കവസാനിപ്പിക്കുക എന്ന പതിവില്ലായിരുന്നു. അങ്ങനെ ഓരോരുത്തനും ഗതികേടിന്റെ പേരിൽ ഇടയ്ക്കിടയ്ക്ക് കുറേശ്ശെപ്പററി കുറേ മാസ്സങ്ങളങ്ങോട്ടു പോകുമ്പോൾ ഹെഡ്ക്ലാർക്കിന്റെ കണക്കിൽ ചിലർക്ക് അധികപ്പററുണ്ടാവും; ചിലർക്ക് നേരെ മറിച്ചും. കുത്തിക്കുറിച്ചു കണക്കുപിടിക്കലേ ഉണ്ടായിരുന്നുള്ളൂ ഹെഡ് ക്ലാർക്കിന്. ആ കണക്കിലെ ശരിയും തെററും ഹെഡ്ക്ലാർക്കിന്റെ തന്റേടത്തിൽ ഒതുങ്ങിക്കിടക്കുകയായിരുന്നു. പ്രിൻസിപ്പാളച്ചന്റെ വിശ്വസ്ത സേവകനായിരുന്ന ആ ഹെഡ്ക്ലാർക്കിന്റെ രക്ഷാധികാരത്തിന്മേൽ മുഖം കറുപ്പിച്ചവർക്ക് തക്കസമയത്തു പണം കിട്ടാൻ പ്രയാസമായിരുന്നു. ഇത് നാണം കെട്ട ഒരു ഏർപ്പാടായി എന്ന് പോളിനുതോന്നി. അദ്ദേഹം ഒരു ദിവസം പ്രിൻസിപ്പാളിനും വെട്ടിക്കണ്ടിച്ചൊരു കത്തെഴുതി - മാസം തോറും ശമ്പളം തീർക്കുന്നത് ഇന്ന തീയതിക്കാണെന്ന് കണിശപ്പെടുത്തി കിട്ടണമെന്നു നിർബന്ധിച്ചുകൊണ്ട്. നിശ്ചയിക്കുന്ന തീയതി നാൽപതാം തീയതി ആയാലും അന്നെല്ലാവർക്കും ശമ്പളം കിട്ടാൻ കഴിയണം എന്നായിരുന്നു പോളിന്റെ വാദം. ഇതൊരു നിസ്സാര സംഭവമായി തോന്നാം. പരമാർത്ഥത്തിൽ സെന്റ് തോമസ്കോളജിന്റെ ചരിത്രത്തിൽ അധ്യാപകർ മാനേജ്മെന്റിനോട് നീതിക്കുവേണ്ടി സമരം ആരംഭിച്ചത് ആ എഴുത്തയച്ച സംഭവം തൊട്ടാണ്. അതിൽ പ്രിൻസിപ്പാൾ അത്രയേറെ ക്ഷോഭിച്ചില്ല. എല്ലാ മാസവും 30-ാം തീയതി കണിശമായും ശമ്പളം കൊടുക്കുന്നതാണ് എന്ന് പ്രിൻസിപ്പാൾ പിറേറ ദിവസം നോട്ടീസിട്ടു. പക്ഷേ ആ നോട്ടീസ് ഹെഡ്ക്ലാർക്കിന്റെ ആഡിററില്ലാത്ത കണക്കിന്മേൽ നടന്ന ഒന്നാമത്തെ കൈയ്യേററമായിരുന്നു. മി.പോൾ അവിടം കൊണ്ടും നിന്നില്ല. 30-ാം തീയതി ആർ എവിടെ വച്ചുതരും ശമ്പളം എന്നൊരു വിശദീകരണമാവശ്യപ്പെട്ടു അദ്ദേഹം. ഹെഡ്ക്ലാർക്കിന്റെ സമക്ഷം ഓഛാനിച്ചു നിന്ന് ശമ്പളം വാങ്ങാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. പോളിന്റെ ഈ ചോദ്യം അൽപം നീരസപ്പെടുത്തി പ്രിൻസിപ്പാളച്ചനെപ്പോലും. എന്തായാലും അധ്യാപകന്റെ പക്കൽ ശമ്പളമെത്തിച്ചുകൊടുക്കാനുള്ള ഏർപ്പാടുണ്ടായി".

(കൊഴിഞ്ഞ ഇലകൾ - പേജ്89-91)


തെമ്മാടിക്കുഴിയിൽ എം.പി.പോൾ അന്ത്യവിശ്രമം കൊള്ളുന്നു

പ്രൊഫ. എം.പി.പോൾ പ്രിൻസിപ്പാളിന് 'വെട്ടിക്കണ്ടിച്ചൊരു കത്തെഴുതിയ' ആ മുഹൂർത്തത്തിലാണ് പ്രൈവററ് കോളജധ്യാപകരുടെ അവകാശപ്പോരാട്ടങ്ങൾക്ക് തുടക്കം കുറിച്ചത്. ഒഴുക്കിന് അനുകൂലമായി നീന്താൻ എളുപ്പമാണ്. എന്നാൽ എതിരേ നീന്താനാണ് പ്രൊഫ.പോൾ തീരുമാനിച്ചത്.മാനേജുമെന്റിന്റെ മുമ്പിൽ അദ്ദേഹം മുട്ടുമടക്കിയില്ല. ഒററയാൻപട്ടാളത്തെ പോലെ ധീരമായ പോരാട്ടം തുടർന്നു. മാനേജ്മെന്റ് അദ്ദേഹത്തെ പിരിച്ചുവിട്ടു. പള്ളി അദ്ദേഹത്തിനു നൽകിയത് 'തെമ്മാടിക്കുഴി' യായിരുന്നു. പോൾ ഒരിക്കൽ പറയുകയുണ്ടായി "മരിക്കാൻ പ്രയാസമില്ല. മനുഷ്യത്വത്തോടെ ജീവിക്കാനാണ് പ്രയാസം". ഈ 'മാനവികത'യാണ് പിൽക്കാലത്ത് എ.കെ.പി.സി.ടി.എ ഉയർത്തിപ്പിടിച്ചത്. സംഘടനയുടെ കൊടിയടയാളം ഈ മാനവികതയാണ്. നല്ല മനുഷ്യരാകാൻ നമ്മൾ നടത്തേണ്ട പോരാട്ടങ്ങളാണ് പ്രൊഫ. പോൾ നമ്മെ എന്നും ഓർമ്മപ്പെടുത്തുന്നത്. ●


പുതിയ പംക്തി ആരംഭിക്കുന്നു

## വാർത്താമദ്ധ്യം

# കലാമിന്റെ മൗനം

പ്രൊഫ: എം.എസ്. വസന്തകുമാർ
എസ്.എൻ. കോളജ് കൊല്ലം

ഗുജറാത്തിലെ വംശനാശോന്മുഖമായ വർഗീയകാടത്തം സൃഷ്ടിച്ച ഞെട്ടലും ഭീതിയും ഇനിയും കെട്ടടങ്ങിയിട്ടില്ല. മനുഷ്യസ്നേഹികളുടെ സംഘങ്ങൾ അവിടുത്തെ അഭയാർത്ഥി ക്യാമ്പുകളിൽ, സാന്ത്വനത്തിന്റെ അമൃതുമായി സന്ദർശനം ചെയ്യുമ്പോൾ, അവിടെ അനാവൃതമാകുന്ന മതിഭ്രമികളുടെ ക്രൂരതാണ്ഡവത്തിന്റെ കഥകൾ സാഘാതം നമ്മെ തളർത്തുന്നു. അപ്പോഴും അതിന്റെ അധമശില്പി മോഡി മോടിയിൽ ഭരിക്കുന്നു. ഭീഷണമായ 'ഗൗരവയാത്ര'യ്ക്ക് കോപ്പുകൂട്ടുന്നു.



അകാലത്തിൽ നിയമസഭയെ ഗളഹസ്തം ചെയ്ത് തെരഞ്ഞെടുപ്പ് നടത്തി, ഇപ്പോൾ ആർജ്ജിച്ചിട്ടുള്ള മുഷ്കിൽ പുത്തൻ മാൻഡേറ്റ് സമ്പാദിക്കാൻ ബി.ജെ.പി ഒരുമ്പെട്ടു - ശേഷിക്കുന്ന കുരുതിക്ക് കൈകൾ കൂടുതൽ സ്വതന്ത്രമാക്കാൻ! എന്നാൽ ഇലക്ഷൻ കമ്മീഷൻ, ഗുജറാത്തിൽ ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ കാലാവസ്ഥയല്ല എന്ന് നിരീക്ഷിച്ച് അഭിപ്രായപ്പെട്ടു. സ്വാഭാവികമായും ഇങ്ങനെ പറഞ്ഞ കമ്മീഷനുമായി ബി.ജെ.പി. ഇടഞ്ഞു. തർക്കവിതർക്കങ്ങൾ രാഷ്ട്രപതിയുടെ മുന്നിലെത്തി. അദ്ദേഹം പ്രശ്നം സുപ്രീം കോടതിക്ക് റഫർ ചെയ്തു. സുപ്രീംകോടതി ഇലക്ഷൻ കമ്മീഷന്റെ വാദം ശരിവച്ചു. ഇനി സെപ്ററംബർ 17 മുതൽ ഇരുകക്ഷികളുടെയും വാദങ്ങൾ കേൾക്കും. ബി.ജെ.പി പറയുന്ന സാങ്കേതിക സമയപരിധിയായ ഒക്ടോബർ ആറിന് ഇപ്പുറം ഗുജറാത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് അസാദ്ധ്യമാണ് എന്നാണ് സുപ്രീംകോടതിയുടെ പ്രാഥമിക നിരീക്ഷണം. ഇലക്ഷൻ കമ്മീഷന്റെ നിഗമനം ശരിയാണ് എന്നർത്ഥം.

ഗുജറാത്ത് ഇപ്പോൾ തെരഞ്ഞെടുപ്പിന് പാകമല്ല എന്ന് പറയാൻ കാര്യവിവരമുള്ള ആരും അറയ്ക്കുകയില്ല. അവിടെ സർക്കാർ നിലവാരത്തിൽ ആസൂത്രിതമായ അക്രമമാണ് 'ഗോധ്ര സംഭവങ്ങളെ തുടർന്ന്' നടന്നത്. വംശനിർമ്മാർജനം എന്ന ഹൈന്ദവ ഫാസിസ്റ്റ് ലക്ഷ്യം, മുസ്ലീങ്ങളെ തെരഞ്ഞുപിടിച്ചുള്ള കൊല-കൊള്ളിവയ്പുകൾ എന്ന ഫാസിസ്റ്റ് മാർഗത്തെ സാധൂകരിക്കുന്നു.

സ്ത്രീകളും കുട്ടികളും ഗർഭസ്ഥശിശുക്കളും കൂടി ആ നരനായാട്ടിലെ ഇരകളായി. മൊത്തം 25 ജില്ലകളുള്ള ഗുജറാത്തിൽ 12 എന്നും 20 എന്നും സൗകര്യപൂർവ്വം മാററി മാററിപ്പറയുന്ന ജില്ലകളിലാണ് കലാപം നടന്നതത്രെ. പ്രാണനുമായി പലായനം ചെയ്തവർക്ക് ബന്ധുബലവും സമ്പാദ്യവും നഷ്ടപ്പെട്ടു. പോലീസും സർക്കാർ ഉദ്യോഗസ്ഥരും നരമേധത്തിന്റെ ചാമ്പ്യന്മാരായി. സഹിഷ്ണുത അവിടെ കത്തിക്കരിഞ്ഞ ഓർമ്മയായി. വോട്ടർ പട്ടികയിൽ ഉള്ളവർ സ്വസ്ഥാനങ്ങളിൽ നിന്ന് മാററപ്പെട്ട് പട്ടിക തന്നെ ഇല്ലാതായി എന്ന ഔദ്യോഗിക ഭാഷ്യം പോകട്ടെ, സർവ്വവും നഷ്ടപ്പെട്ട ഒരു ജനത തെരഞ്ഞെടുപ്പിൽ ഭാഗഭാക്കാകാനുള്ള മാനസിക നില എങ്ങനെ ആർ

ജിക്കും? ഒരു തെരഞ്ഞെടുപ്പോ സാധാരണ നിലയിലുള്ള മറേറതെങ്കിലും പ്രക്രിയയോ അവിടെ അചിന്തനീയമാണ്.

തെരഞ്ഞെടുപ്പ് വിഷയം അന്തരീക്ഷത്തിൽ ഉയർന്നപ്പോഴാണ് നമ്മുടെ രാഷ്ട്രപതി, നോവുന്ന ഗുജറാത്തിന് ആശ്വാസദൂതനായി അവിടെ എത്തുന്നത്. മുറിഞ്ഞും പൊള്ളിയും സംഭീതമായിത്തീർന്ന മനസ്സുകളുടെ തുടിപ്പ് അദ്ദേഹം അറിഞ്ഞിട്ടുണ്ടാവും. കഴിഞ്ഞ 3000 വർഷങ്ങൾക്കിടയിൽ ഭാരതാംബ ഏൽക്കേണ്ടിവന്ന വൈദേശിക ആക്രമണങ്ങൾ കവർന്നുകൊണ്ടുപോയ നമ്മുടെ സമസ്ത സമ്പത്തുകളുടെയും നഷ്ടമോർത്ത് ആകുലപ്പെട്ട മനസ്സാണ് അദ്ദേഹത്തിന്റേത്. മേലിൽ ഒരു ശക്തിയും നമ്മെ ആക്രമിക്കരുത്. അതിന് ഏററവും വിനാശകരമായ പടക്കോപ്പുകൾ നിർമ്മിച്ച് ബാഹ്യശക്തികളെ വിരട്ടിനിർത്തണമെന്ന കാഴ്ചപ്പാടുള്ള ദേശസ്നേഹിയാണ് എ.പി.ജെ. അബ്ദുൾ കലാം.



ഹിംസയുടെ കലുഷിതമായ നിലങ്ങളിൽ ശാന്തിയുടെ ദൂതുമായി എത്തിയ രാഷ്ട്രപിതാവിനെപ്പോലെ അബ്ദുൾകലാം അവിടുത്തെ ക്യാമ്പുകളിലും പുതിയ 'ജാലിയൻ വാലാബാഗു'കളിലും നടന്നെത്തി. ആ ദുരന്തഭൂമി ഉടൻ ഒരു തെരഞ്ഞെടുപ്പ് ഗോദാ ആക്കിത്തീർക്കാനാണ് ബി.ജെ.പി പറഞ്ഞത്. അതിനെതിരെ ഒരു ധാർമ്മിക രോഷത്തിന്റെ പൊട്ടിത്തെറി രാഷ്ട്രത്തിന്റെ പ്രഥമ പൗരനെന്ന നിലയിൽ സ്വാഭാവികമായിരുന്നു. പക്ഷെ അത് ഉണ്ടായില്ല. ഇലക്ഷൻ കമ്മീഷൻ സ്വന്തം നിരീക്ഷണം ആർജവത്തോടെ ഉറക്കെ പറഞ്ഞു -

ഗുജറാത്തിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് അസാദ്ധ്യമാണ് എന്ന്.

ബി.ജെ.പി - ഇലക്ഷൻ കമ്മീഷൻ വിവാദം പ്രസിഡന്റിന്റെ മുന്നിലെത്തി. അദ്ദേഹം അത് നിശബ്ദം സുപ്രീംകോടതിക്ക് റഫർ ചെയ്യുകയും ചെയ്തു. അങ്ങനെ പ്രസിഡന്റായതിന് ശേഷം മനുഷ്യത്വത്തോടെ സംസാരിക്കാവുന്ന ആദ്യത്തെ അവസരം അദ്ദേഹം പാഴാക്കി. ഗതാനുഗതികത്വത്തിന്റെ മറെറാരു ഗതികെട്ട മുഖം നാമവിടെ കണ്ടു.

സമകാലിക നീതിബോധത്തിന് നിരക്കുന്ന മനുഷ്യത്വപരമായ അസന്നിഗ്ദ്ധ നിലപാടാണ് നിഷ്പക്ഷത. ആ നിഷ്പക്ഷതയ്ക്കുവേണ്ടി അദ്ദേഹത്തിന് ഇലക്ഷൻ കമ്മീഷന്റെ നിരീക്ഷണത്തെ ശരിവയ്ക്കാമായിരുന്നു. ബി.ജെ.പിയുടെ ഹീനമായ അനൗചിത്യത്തിന് അതൊരു ആശാസ്യമായ പ്രഹരമായി തീർന്നേനെ. അതിനുശേഷം ഭരണഘടനാപരമായ സുവ്യക്തതയ്ക്ക് വേണ്ടി പരമോന്നത നീതിപീഠത്തെ സമീപിക്കാമായിരുന്നു. അദ്ദേഹത്തിന്റെ മനസ്സിലിരുന്ന് പോയ വാക്കുകൾക്ക് സഹിഷ്ണുതയ്ക്കും സ്നേഹത്തിനും വില കൽപ്പിക്കുന്ന ഒരു മഹാഭൂരിപക്ഷത്തിന്റെ ആദരവും പിന്തുണയും ഉണ്ടായിരുന്നു. നിഷ്പക്ഷമായ മനുഷ്യസ്നേഹത്തെ തന്ത്രശാലിതയോ വിട്ടുവീഴ്ചയോ കൊണ്ട് ആരും തളച്ചിടരുത്, വിശേഷിച്ചും 'നാളത്തെ ക്ഷേമരാഷ്ട്ര' സ്വപ്നങ്ങൾ ഉള്ളിൽ നിറഞ്ഞവർ. ●

# കറന്റ് ബുക്സ്, തൃശൂർ

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001

Ph: 0487–335660

## PUBLISHERS & DISTRIBUTORS FOR

MALAYALAM, ENGLISH, CHILDREN'S LITERATURE, FICTION, DRAMA, CINEMA, JOURNALISM, POETRY, PHILOSOPHY, PSYCHOLOGY, SOCIOLOGY, POLITICS, HISTORY, ECONOMICS, COMMERCE, MATHEMATICS, BOTANY, ZOOLOGY, CHEMISTRY, PHYSICS, MEDICAL, COMPUTER, ENGINEERING, LAW, ELECTRONICS, MECHANICAL, CIVIL, CHEMICAL ENGINEERING, VETERINARY, AGRICULTURE, AQUACULTURE, ETC. ETC

# കോസ്മോബുക്സ്

റൗണ്ട് വെസ്റ്റ്, തൃശൂർ 680 001 Ph: 0487–335292

### ബ്രാഞ്ചുകൾ

**കോഴിക്കോട്**

**Rly.** സ്റ്റേഷൻ ലിങ്ക് റോഡ്

**Ph**: 0495-703487

**എറണാകുളം**

പ്രസ്സ് ക്ലബ്ബ് റോഡ്

**Ph**: 0484- 353818

# മാധ്യമപരിണാമം ചരിത്രവും വർത്തമാനവും

ഡോ. സുധീർ കിടങ്ങൂർ

എം.ജി.കോളജ്, തിരുവനന്തപുരം

മാധ്യമങ്ങളുടെ പരിണാമചരിത്രത്തിലെ ഏഴ് നാഴികക്കല്ലുകളെക്കുറിച്ച് 'Media, Communication and Culture' എന്ന ഗ്രന്ഥത്തിൽ ജെയിംസ്‌ലൾ വിശദമാക്കുന്നുണ്ട്. ശബ്ദങ്ങളും ചേഷ്ടകളും കൊണ്ട് വിനിമയം നടത്തിപ്പോന്ന മനുഷ്യന് അക്ഷരത്തിന്റെ വെളിച്ചം കൈവന്നത് മാനവസംസ്കാര ചരിത്രത്തിലെ വഴിത്തിരിവിനെ കുറിക്കുന്നു. അങ്ങനെ മാധ്യമചരിത്രത്തിലെ പ്രഥമനാഴികക്കല്ല് ഭാഷ (Language)യായി. വാമൊഴിയുടെ സുദീർഘമായ കാലയളവിനു ശേഷം വരമൊഴി (writing)ക്കു തുടക്കം കുറിച്ചതോടെ സംസ്കാരവും വളർന്നു. അത് രണ്ടാമത്തെ നാഴികക്കല്ല്. മൂന്നാംഘട്ടം അച്ചടി (printing)യാണ്. രണ്ടായിരം വർഷങ്ങളോളം നിലനിന്നുപോന്ന ഹസ്തലിഖിത സംസ്കാര (manuscript culture)ത്തെ ഏതാനും പതിറ്റാണ്ടുകൾ കൊണ്ട് പിന്തള്ളിയ അച്ചടിവിദ്യ, 1450-ൽ ഗുട്ടൻബർഗ്ഗ് എന്ന ജർമ്മൻകാരനിലൂടെ അഞ്ചു നൂറ്റാണ്ടുകളുടെ മാധ്യമക്കുത്തക നേടുകയും മാനവരാശിയെ സ്വാധീനിക്കുകയും ചെയ്തു. അറിവുകളെ ജനകീയവൽക്കരിക്കാനും സൂക്ഷിച്ചുവയ്ക്കാനും വ്യാപിപ്പിക്കാനും അച്ചടിത്താളുകൾക്കു കഴിഞ്ഞു. മതവും ദാർശനികതയും ഗുണപാഠകഥകളായി പ്രചരിക്കുകയും സാമ്രാജ്യങ്ങൾ വളരുകയും ചെയ്യാൻ അച്ചടിയും പുസ്തകവും സഹായിച്ചു. വിദ്യാഭ്യാസം സാർവ്വത്രികമായതും സാഹിത്യത്തിന് പുതിയ പ്രസക്തികളുണ്ടായതും നവോത്ഥാനം സാക്ഷാത്ക്കരിക്കപ്പെട്ടതും അച്ചടിയുടെ നേട്ടങ്ങളിൽ ചിലതുമാത്രം.

മാധ്യമചരിത്രത്തിലെ നാലാമത്തെ നാഴികക്കല്ല് ടെലഗ്രാഫിയും ടെലിഫോണുമാണ്. വിദ്യുച്ഛക്തിയുടെ സഹായത്തോടെയുള്ള വിനിമയമാധ്യമമാണത്. വിദൂരസന്ദേശമെന്ന ആശയത്തിന്റെ സാക്ഷാത്ക്കാരം, സന്ദേശഹരന്റെ ആവശ്യമില്ലാത്ത സന്ദേശം എന്ന വിപ്ലവം. വിനിമയ ശൃംഖലയിലൂടെ ജനങ്ങളെ കൂട്ടിയിണക്കുന്ന ആദ്യത്തെ മാധ്യമമത്രെ ടെലിഫോൺ.

അഞ്ചാംസ്ഥാനം ഫോട്ടോഗ്രഫിക്കും ചലനചിത്രങ്ങൾക്കുമാണ്. ചരിത്രത്തെ നിശ്ചലരൂപത്തിൽ സംഭരിച്ചു വയ്ക്കാൻ കഴിഞ്ഞ ഛായാഗ്രഹണം കലാരംഗത്ത് വൻ വ്യതിയാനം ഉണ്ടാക്കി. ചലനചിത്രങ്ങൾ സാമൂഹിക ബോധത്തിലും അങ്ങനെ സംസ്കാരത്തിലും ഒരുചുവടു മുന്നോട്ടുവയ്ക്കാൻ പുതുതലമുറയ്ക്ക് ഉത്തേജനമായി. സിനിമയെന്ന പുതിയ ദൃശ്യകല 1895-ൽ പിറന്നു.

ആറാമതായി റേഡിയോയും ടെലിവിഷനുമാണ് മാധ്യമരംഗത്ത് വിപ്ലവം സൃഷ്ടിക്കുന്നത്. വാർത്തകളും വിനോദങ്ങളുമായി ഗാർഹികവൃത്തങ്ങളിലേക്ക് കടന്നെത്തുകയും വിശ്രമവേളകളെ രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ഈ മാധ്യമങ്ങൾ നമ്മുടെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക മേഖലകളിൽ വൻവ്യതിയാനങ്ങൾ വരുത്തി. 1896-ൽ ഇററലിക്കാരനായ മാർക്കോണി റേഡിയോ രംഗങ്ങളെയും ശബ്ദത്തെയും സംയോജിപ്പിച്ച് നടത്തിയ പരീക്ഷണത്തിന്റെ വിജയം, അിവുകേടുകളുടെയും വിനോദത്തിന്റെയും രംഗത്ത് പുത്തൻ അനുഭവങ്ങൾക്കുള്ള കൈച്ചാലായി. 1926-ൽ സ്കോട്ലെന്റുകാരനായ ജോൺ ലോഗി ബെയർഡ് രൂപഭാവപ്പൊലിമ നൽകിയവതരിപ്പിച്ച ടെലിവിഷൻ, ദൃശ്യ-ശബ്ദങ്ങളുടെ സംയോജനത്തിലൂടെയും വിവര-വിനോദങ്ങളുടെ സംപ്രേക്ഷണം സാധ്യമാക്കി. അച്ചടിയുടെ പ്രഭാകാലത്തിനു തിരശ്ശീല വീഴ്ത്താൻ കഴിഞ്ഞ ടെലിവിഷൻ റേഡിയോയുടെ പ്രാമാണികതയെ വെല്ലുവിളിക്കുകയും പിൽക്കാല മാധ്യമങ്ങളായ കംപ്യൂട്ടറും ഇന്റർനെററുമായി ചങ്ങാത്തം കൂടിക്കൊണ്ട് പ്രസക്തി നിലനിർത്തുകയും ചെയ്യുന്ന കാഴ്ച രസകരമാണ്.

മാധ്യമചരിത്രത്തിലെ ഏഴാമത്തെ നാഴികക്കല്ലാണ് കംപ്യൂട്ടറും ഇന്റർനെററും. കംപ്യൂട്ടറിന്റെ ചരിത്രം 17-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ചുഗണിത

ശാസ്ത്രകാരനായ ബ്ളെയ്സ് പാസ്കലിലേക്കു ചെന്നെത്തുന്നു. എന്നാൽ 1970-കളുടെ ഒടുവിൽ പ്രത്യക്ഷപ്പെട്ട പേഴ്സണൽ കംപ്യൂട്ടറുകളാണ് ഇന്നത്തെ കംപ്യൂട്ടർ വിപ്ലവത്തിന് തുടക്കം കുറിച്ചത്. മൂന്നു പ്രയോജനങ്ങളാണ് ഇവയ്ക്ക്:

(1) Word-processing (2) Financial management (3) Game playing

കംപ്യൂട്ടറുകളുടെ വിനിമയധർമ്മത്തെ വികസിപ്പിച്ചത് ഹാർഡ്വെയറിലും സോഫ്ററ്വെയറിലുമുള്ള വളർച്ചയാണ്. കംപ്യൂട്ടറിനോട് മോഡം (modem) ഘടിപ്പിച്ചാൽ മററു കംപ്യൂട്ടറുകളുമായി ബന്ധപ്പെടാം. ഇന്റർനെററ് എന്ന സംവിധാനത്തിന്റെ തുടക്കം ഇവിടെയാണ്. 1970-ൽ അമേരിക്കൻ പ്രതിരോധവകുപ്പ് വികസിപ്പിച്ച ARPANET ആണ് ഇതിന്റെ ആദ്യപടി. എൺപതുകളിൽ അമേരിക്കയിലെ നാഷനൽ സയൻസ് ഫൗണ്ടേഷൻ, പ്രാദേശിക കംപ്യൂട്ടർ ശൃംഖലയാകെ ഒരു സൂപ്പർ കംപ്യൂട്ടറുമായി ബന്ധിപ്പിച്ച് 'ഇന്റർനെററ്' എന്ന് ഇന്ന് വ്യവഹരിക്കുന്ന സംവിധാനമുണ്ടാക്കി. 1990-ൽ www എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന വേൾഡ് വൈഡ് വെബ് വികസിപ്പിച്ചതോടെ ഇന്റർനെററിന്റെ ജനപ്രിയത വർദ്ധിച്ചു. ഏതു സ്ഥാപനത്തിനും വ്യക്തിക്കും ഇതിൽ പേജ് തുടങ്ങാം. വിവരമഹാപഥ (Information Super Highway) ത്തിലൂടെ വിസ്മയിപ്പിക്കുന്ന വേഗതയിൽ ചരിക്കാൻ സാധാരണക്കാരനു കൂടി അവസരങ്ങൾ ഒരുക്കുകയാണ് മൾട്ടിമീഡിയയായി മാറിയിട്ടുള്ള ടെലിവിഷൻ. ഓൺ-ലൈൻ വിദ്യാഭ്യാസത്തിന്റെ പുതുവഴിയിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞതോടെ മാധ്യമങ്ങൾക്ക് സംസ്കൃതിയിന്മേലുള്ള അധീശസ്വഭാവത്തോടു കൂടിയ സ്വാധീനം വർദ്ധിക്കുകയാണ്.

ഇലക്ട്രോണിക്-ഡിജിററൽ സാങ്കേതികവിദ്യ നമ്മുടെ മുന്നിൽ പ്രത്യക്ഷപ്പെടുത്തുന്ന പ്രതീതിയാഥാർത്ഥ്യ (virtual Reality) ത്തിന്റെ ലോകം പുതുമുറക്കാരുടെ ഭാവനാലോകത്തെ മാററിമറിക്കുന്നതെപ്പററിയുള്ള പഠനങ്ങൾക്ക് പ്രസക്തിയേറുന്നു. പഴയ മിത്തുകളുടെ ദുരൂഹവും അവ്യക്തവുമായ ലോകം നഷ്ടമാവുകയും പകരം വിവിധ 'Group Dynamic patterns' കടന്നുവരുകയും ചെയ്യുന്നതിനെക്കുറിച്ച് മാധ്യമചിന്തകനായ മാർഷൽ മക്ലൂഹർ വിശദമാക്കിയിട്ടുണ്ട്. മാധ്യമം തന്നെ സന്ദേശമാകുന്നു. (Media is message) എന്ന മക്ലൂഹൻ മതവും ചർച്ച ചെയ്യപ്പട്ടു വരുന്നു. സാഹിത്യ-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ കംപ്യൂട്ടർ കാലഘട്ടം നടത്തിക്കൊണ്ടിരിക്കുന്ന രൂപാന്തരീകരണത്തെപ്പററി ഉത്തരാധുനികർ ചില സിദ്ധാന്തങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയിൽ ഒന്നു മാത്രം. ●

# 'ഫിഫ' മാഗസിനിൽ മലയാളിയുടെ കവിത



ഫിഫയുടെ ഔദ്യോഗിക മാഗസിനിൽ മാണിക്കോത്ത് ചാത്താം കണ്ടി വസിഷ്ഠ് എഴുതിയ 'ഫുട്ബോൾ' എന്ന കവിത നാലു ഭാഷകളിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു. ഒരുപക്ഷേ, ഫിഫ മാഗസിനിൽ ഒരു മലയാളിയുടെ കവിതയ്ക്ക് മഷിപുരളുന്നത് ഇതാദ്യമാവും. മലബാർ ക്രിസ്ത്യൻ കോളജിലെ ചരിത്രാധ്യാപകനാണ് വസിഷ്ഠ്.

വസിഷ്ഠ് എഴുതിയ ആദ്യകവിതയാണ് 'ഫുട്ബോൾ'. ഇംഗ്ലീഷ്, ജർമൻ, ഫ്രഞ്ച്, സ്പാനിഷ് ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ കവിതയിൽ ഫുട്ബോളിനെ ഒരു സാധാരണ കളിയായിട്ടല്ല, മറിച്ച് ദൈവത്തിന്റെ ഏററവും മനോഹരമായ സൃഷ്ടി'യായിട്ടാണ് കാണുന്നത്. സോമാലിയയിലെയും അമേരിക്കയിലെയും തെരുവുകളിലും പണക്കാരന്റെയും കോടീശ്വരന്റെയും മനസ്സുകളിലും ഒരേസ്ഥാനം വഹിക്കുന്നതും വർണവൈരുദ്ധ്യങ്ങളെ ഇല്ലാതാക്കുന്ന മതമായും വസിഷ്ഠ് ഫുട്ബോളിനെ വർണിക്കുന്നു.

*A game so called football*
*Ball sport of two teams*
*It is the most beautiful creation of god*
*It is the game of poor and exploited*
*A game of power and strength*
*A game of stamina and team spirit*
*It is the religion which unites black and white*
*It is the game of love and friendship*
*Its rules are simple*
*It is a universal game*
*It is the game of football*
*You can see it in the streets of Somalia*
*You can see it in the cities of America*
*You can find it in the heart of the millionaires*
*You can find it in the heart of the pauper*
*It is the game of football*
*It is played in winter and summer*
*It is played in autumn and spring*
*The world enjoys it*
*Whenever or wherever it is played*
*It is alive in desert and snow*
*It is alive in sunshine and rain*
*It is a universal game*
*It is the game of football*

THE ECONOMIC FOCUS

# New Grading System of NAAC

**Dr. P.S. Mohana Kumar**
S.S. College, Kalady

NAAC has introduced new grading system and if the overall score is more than 55%, the institution gets the "Accredited Status" and any score less than that will lead to "Not Accredited Status". The accredited institutions are graded on a nine-point scale with the following scale values.

| Institutional Score (Upper Limit Exclusive) | Grade |
|---|---|
| 95-100 | A ++ |
| 90-95 | A+ |
| 85-90 | A |
| 80-85 | B++ |
| 75-80 | B+ |
| 70-75 | B |
| 65-70 | C++ |
| 60-65 | C+ |
| 55-60 | C |

The grade will also supplemented by a qualitative report by the team that would highlight the strength and weakness of the institution under various criteria.

**Life Insurance Density and Penetration**

Life insurance density is the ratio of life insurance premiums paid during a given year to the total population. Life Insurance Penetration is life insurance premium paid as percent of the volume of GDP. The life Insurance Penetration is 7.38% in India while it is 1928% in USA and 2252% in Japan. The life insurance density is $ 3.79 in USA and $6.42 in Japan while it is $1.11 in India. At present the non-life accounted for about 1/2 % of GDP in India as against 4.3% in US, 3.6% in Germany and 3.4% in Canada. The international level of premium paid is 6% of the value of the vehicle while it is only 2.5% India. It shows that premium cost is low in India. The private and foreign insurance companies are not undertaking commercially unviable schemes. Social sector insurance (mediclaim, personal accident etc) are being neglected by private companies. Foreign insurance companies are not undertaking cattle, pumpsets, and other rural insurance since the claim ratio is 180% (ie 180% loss). After the entry of private insurance companies the price (premium) of insurance increased enormoulsy. There is considerable increase in TP (Third Party) premium w.e.f 1-7-2002. The total TP premium of motor cycle (upto 75 cc) increased from Rs. 110 to Rs. 194. The following are the list of foreign and domestic insurance companies in India.

| *Foreign JV (Joint Value) Insurance Companies)* | *Indian Public Sector InsuranceCompanies* |
|---|---|
| 1. Reliance | 1. New India Insurance |
| 2. Royal Sundaram | 2. National Insurance |
| 3. IFFCO Tokio | 3. Oriental Insurance |
| 4. ICICI Lombard | 4. United India |
| 5. Tata AIG | 5. LIC |
| 6. Bajaj Allianz | 6. Postal Life Insurance (PLI) |
| 7. ECGC | |
| 8. HDFC Standard Life | |
| 9. Birla Sun life | |

There are 16 foreign insurers in Indian market.

**Finanical Sector Assessment Program (FSAP)**

FSAP is essentially a health check up of a country's financial system launched jointly by IMF and World Bank. It helps policy markers to idnetify strengths and vulnerabilitics of banks and devise measures to reduce potential crisis.

FASP is based on finanical soundness indicators such as capital adequancy ratios, ex-

കവിത

പി.ആർ. ഹരികുമാർ
എസ്.എസ്. കോളജ് കാലടി

# കോരനും ഭാരതിയും പിന്നൊരാളും

പകലുകൾ ഉഴുതുമറിച്ച്
നാളെയുടെ വിത്ത്
വിതയ്ക്കാറുള്ള
കോരന്റെ കുമ്പിളിൽ
ആകാശത്തിന്റെ കണ്ണീർ
വീണ്-
ഒരു കടൽ
രൂപം കൊള്ളുന്നു.
അതിൽ -
കടലാസുവഞ്ചികൾ
ഓടിച്ചു കളിക്കാറുള്ള
ക്ഷീണിച്ച കുട്ടികളുടെ
നെററിത്തടങ്ങളിലെ
വിയർപ്പുചാലുകളിൽ നിന്ന്
ഒരു തേക്കുപാട്ടു പോലും
ഉയരുന്നില്ല.
ഉയരാത്ത പാട്ടിന്റെ
ഇരുകരകളിലും
കോരന്റെ
വരവിനായി
ആരൊക്കെയോ
കണ്ണിലൊഴിക്കാനെണ്ണയില്ലാതെ
കാത്തിരിക്കുന്നു.

രാത്രിവണ്ടികൾ
കുടമണി കിലുക്കി
മുങ്ങാംകുഴിയിട്ട
ഭാരതിയുടെ ഉടലിൽ
ബാക്കിയായ
കാളപ്പോരിന്റെ
അടയാളങ്ങൾ
ഒരു മനോരാജ്യത്തിന്റെ
ഭൂപടം നിർമ്മിക്കുന്നു.
അതിന്റെ
അവ്യക്തമായ
അതിരുകളിൽ
ശീതയുദ്ധത്തിനായി
ഒരുങ്ങി നിൽക്കുന്ന
പടക്കോപ്പുകൾ
വേഷപ്പകർച്ചയോടെ
അന്യോന്യം
ഇമവെട്ടാതെ നോക്കി നിൽക്കുന്നു.
വീടുപേക്ഷിച്ച
അമ്മമാർ
അപ്പനില്ലാത്ത
കുട്ടികളെ
മാറോടടക്കിപ്പിടിച്ച്
മഞ്ഞുവീണ വഴികളിൽ
ഒരു വിലാപമാകുന്നു.
ഒന്നുമില്ലാത്തവരുടെ
ആവലാതികൾ
വായിച്ചും കേട്ടും
മനസ്സാകെ
തളർന്നുപോയ
കുട്ടിക്കൃഷ്ണന്റെ ലോകത്ത്
ഇപ്പോൾ
ഇരുപത്തിനാലു മണിക്കൂറും
പവർക്കട്ട്.
പോയ വെട്ടം
തിരിച്ചു വന്നിട്ടു വേണം,
അയാളുടെ കുടുംബത്തിന്
സ്ത്രീയുടെ-
മുന്നൂറാം എപ്പിസോഡ് കാണാൻ....!
എന്നിട്ട് വേണം -
ഒരു കൂട്ട ആത്മഹത്യയുടെ രംഗം
അവർക്കു ഒരുമിച്ചു ജീവിച്ചു തീർക്കാൻ!
അതിന്റെ തത്സമയം
കാണാൻ
കൊച്ചു തിരശ്ശീലകൾ മാററി,
ഊണുമേശകളിൽ
ഉരുളക്കിഴങ്ങു തിന്നുന്നവർ*
അക്ഷമരായി
കാത്തിരിക്കുന്നു.

പ്രിയവായനക്കാരാ,
നിങ്ങൾക്കും വേണ്ടേ,
ഒരു കടൽ ......
ഒരു ഭൂപടം......
ഒരു ആത്മഹത്യാജീവിതം....?

* വാൻഗോഗിൻെറ പ്രസിദ്ധമായ ചിത്രം

---

tent of non performing loans in bank's portfolios and earning trends, as well as behaviour of the macroeconomic variables that are closely associated with the performance of the financial system such as interest and exchange rates. Financial sector is subjected to sensitivity and scenario analysis - stress testing. FSAPs have been undertaken in a broad range of countries helping to identify key vulnerabilitics in the financial system. Lebanon, Mexico and Finland are countries where FSAP are carried out. Of this Finland had a very sound financial system. Finland's financial system was quite resilient to absorb the "stress" and "shocks" taking palce in the financial markets elsewhere. ●

# ശാസ്ത്രജാലകം

# ഹരിതമഴ[1]

ഡോ. എം. ആർ. സുദർശനകുമാർ

എം.ജി. കോളജ്, തിരുവനന്തപുരം

കഴിഞ്ഞ വർഷം കേരളത്തിലുണ്ടായ വർണ മഴയ്ക്കു സമാനമായ ഒരു പ്രതിഭാസം പശ്ചിമബംഗാളിലെ 'സംഗ്രാംപൂർ' ഗ്രാമത്തിൽ ഈ ജൂണിൽ അരങ്ങേറി. രണ്ടു ദിവസം പച്ചനിറത്തിലുള്ള മഴ അവിടെ പെയ്യുകയുണ്ടായി. പരിഭ്രാന്തരായ ജനം അമ്പലങ്ങളിൽ പ്രാർത്ഥനയിൽ മുഴുകി. ഇതു രാസായുധപ്രയോഗമാണെന്നുപോലും ഊഹാപോഹങ്ങൾ നാട്ടിലെങ്ങും പരന്നു.

ദീപക് ചക്രബർത്തി എന്ന പ്രമുഖ മലിനീകരണ ശാസ്ത്രജ്ഞനാണ് ഹരിത മഴയുടെ ഉറവിടം കണ്ടെത്തിയത്. തേനീച്ചകളുടെ വിസർജ്യത്തിൽ കലർന്ന മാവിലേയും തെങ്ങിലേയും പരാഗങ്ങളാണ് മഴയുടെ നിറത്തിന് കാരണമെന്ന് അദ്ദേഹം കണ്ടെത്തി. വലിയൊരു സംഘം തേനീച്ചകളുടെ കൂട്ടത്തോടെയുള്ള ദേശാന്തരയാത്ര കാരണമാകാമിതെന്ന് അദ്ദേഹം വാദിച്ചു. ഇലകളിൽ പററിപ്പിടിച്ച വിസർജ്ജ്യവസ്തുക്കൾ ആദ്യ മഴയിൽ ലയിച്ചിറങ്ങിയതും ഹരിതമഴ്യക്കു കാരണമായി.

1981ൽ കമ്പോഡിയയിൽ ഇതുപോലൊരു 'മഞ്ഞ മഴ' ഉണ്ടായപ്പോൾ അതു റഷ്യ നടത്തുന്ന രാസായുധ പ്രയോഗമാണെന്ന് അമേരിക്ക ആരോപിച്ചിരുന്നു. നീണ്ടവർഷത്തെ ഗവേഷണത്തിനുശേഷം 1987 ലാണ് ഈ മഞ്ഞമഴയ്ക്കു കാരണം തേനീച്ചകളുടെ വിസർജ്യവസ്തുക്കളാണെന്ന് ജൈവ രസതന്ത്രജ്ഞനായ മാത്യുമെസൽസൺ കണ്ടെത്തിയത്. കേരളത്തിലുണ്ടായ വർണമഴയ്ക്കും ഇതു തന്നെയായിരുന്നോ കാരണം?

## മൃഗങ്ങളിലെ പരീക്ഷണം നിരോധിച്ചു[2]

സൗന്ദര്യ വർദ്ധക വസ്തുക്കൾ മൃഗങ്ങളിൽ പരീക്ഷണം നടത്തുന്നത് യൂറോപ്യൻ യൂണിയൻ പാർലമെന്റ് നിരോധിച്ചു. മൃഗങ്ങളിൽ പരീക്ഷണം നടത്തി മററു സ്ഥലങ്ങളിൽ നിർമ്മിച്ച സൗന്ദര്യ വർദ്ധകവസ്തുക്കൾ യൂറോപ്യൻ യൂണിയനിൽ വിൽക്കുന്നതും ഇതിനോടൊപ്പം നിരോധിച്ചിട്ടുണ്ട്.

## ചെമ്പുപാത്രങ്ങൾ ബാക്ടീരിയയെ നശിപ്പിക്കും[3]

സ്റെറയിൻ ലെസ് സ്റ്റീൽ പാത്രങ്ങളാണ് ഇന്ന് അടുക്കളയിൽ പ്രധാനമായും ഉപയോഗിക്കുന്നത്. എന്നാൽ സതാംപ്ടൺ സർവകലാശാലയിലെ പ്രൊഫസറായ ബിൽ കീവിലിന്റെ അഭിപ്രായത്തിൽ ചെമ്പിന് ബാക്ടീരിയയെ നശിപ്പിക്കാനുള്ള കഴിവുണ്ട്. ഇ-കോളി പോലുള്ള വിനാശകരമായ ബാക്ടീരിയയെ ചെമ്പുപാത്രങ്ങൾ നശിപ്പിക്കുമെന്നദ്ദേഹം കണ്ടെത്തി.

സ്റെറയിൻലെസ് സ്റ്റീൽ പാത്രങ്ങളിൽ ഏതാണ്ടൊരു മാസത്തോളം ഇ-കോളി ബാക്ടീരിയ ജീവനോടെ നിലനിൽക്കും. എന്നാൽ ചെമ്പുപാത്രത്തിൽ ഇ-കോളി ബാക്ടീരിയ നാലു മണിക്കൂറിനുള്ളിൽ നശിച്ചു പോകുന്നതായി പ്രൊഫ.കീവിൽ കണ്ടെത്തി. താഴ്ന്ന ഊഷ്മാവിൽ 14 മണിക്കൂറുകൊണ്ട് ബാക്ടീരിയ നശിക്കുന്നതാണ്.

ഭക്ഷണ പദാർത്ഥമുണ്ടാക്കാനനുയോജ്യമായ ചെമ്പു ചേർന്ന ലോഹസങ്കരം കണ്ടുപിടിക്കാനുള്ള ശ്രമത്തിലാണ് പ്രൊഫ.കീവിൽ. ചെമ്പുചേർന്ന ലോഹസങ്കരങ്ങൾ ഭക്ഷണ പദാർത്ഥങ്ങൾ പാചകം ചെയ്യുവാനായി നാം ഉപയോഗിച്ചിരുന്നതോർക്കുക.

## ചൈനയ്ക്ക് രണ്ടാം സ്ഥാനം[4]

ഏററവും കൂടുതൽ വീടുകളിൽ ഇന്റർനെററ് കണക്ഷനുള്ളത് അമേരിക്കയിലാണ്. 17 കോടിയോളം വീടുകളിലവിടെ ഇന്റർനെററ് കണക്ഷനുണ്ട്. രണ്ടാം സ്ഥാനത്തുള്ള ചൈനയിൽ ആറുകോടിയോളം വീടുകളിൽ ഇന്റർനെററ് കണക്ഷനുണ്ട്. പ്രതിമാസം ആറുശതമാനം കണക്ഷനുകൾ അവിടെ വർദ്ധിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ഇന്റർനെററ് കണക്ഷനുകളുടെ എണ്ണത്തിൽ ഉടൻതന്നെ ചൈന അമേരിക്കയെ പിന്തള്ളുന്നതാണ്.

References

1. New Scientist , 22 June 2002, P.13
2. Nature, 20 June 2002, P/ 780
3. Woman's Era, April (Second) , 2002, P.101
4. New Scientist, 27, April 2002, P.11

*with best compliments of*

# BI PUBLICATIONS (P) LTD.

28/2758, SHARADA NIVAS,
KUTHIRAVATTOM ROAD, KUNNUMPURAM
THIRUVANANTHAPURAM - 695 001

Phone : 0471 - 472013
Fax : 0471 - 472073
e-mail:biptvpm@satyam.net.in

Head Office: 54, Janpath, New Delhi 110001
Branches : Ahamadabad, Bangalore, Chennai, Kolkatha, Mumbai And New Delhi

# ജില്ലാവാർത്തകൾ

## എറണാകുളം

# കേരളാ വിദ്യാഭ്യാസ ജാഥയ്ക്ക് സ്വീകരണം നൽകി

കേരളാ വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ കേരളാസർക്കാരിന്റെ പൊതു വിദ്യാഭ്യാസം തകർക്കുന്ന നയത്തിനെതിരെ മുഴുവൻ വിദ്യാഭ്യാസ സ്നേഹികളെയും അണിനിരത്തിക്കൊണ്ട് ആഗസ്റ്റ് 12,13 തീയതികളിൽ എറണാകുളം ജില്ലയിൽ വാഹന പ്രചരണ ജാഥ തുടങ്ങി. എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ.തോമസ് ജോസഫ് നയിച്ച ജാഥയിൽ ഇ. വിജയൻ (KSTA) കെ.മോഹനചന്ദ്രൻ (കൊച്ചിൻ യൂണിവേഴ്സിററി എംപ്ളോയിസ് അസോസിയേഷൻ) പി.വാസുദേവൻ (എസ്.എഫ്.ഐ ജില്ലാ സെക്രട്ടറി) പ്രൊഫ. വി.സി. ആന്റണി, പ്രൊഫ: കെ.കൃഷ്ണദാസ്, ഡോ. രാജൻ വർഗീസ് എന്നിവർ അംഗങ്ങളായിരുന്നു. ജില്ലയുടെ അതിർത്തിയായ കോതമംഗലത്തുനിന്നും 12-ാം തീയതി ആരംഭിച്ച ജാഥയ്ക്ക് മൂവാററുപുഴ, കുത്താട്ടുകുളം, പിറവം, കോലഞ്ചേരി, തിരുവാങ്കുളം എന്നീ സ്ഥലങ്ങളിൽ സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങളും പങ്കെടുത്ത ആവേശകരമായ സ്വീകരണങ്ങൾ നൽകി. തുടർന്ന് പെരുമ്പാവൂരിൽ എത്തിച്ചേർന്ന ജാഥ അവിടെ വമ്പിച്ച പൊതുയോഗത്തോടുകൂടി ആ ദിവസത്തെ പരിപാടികൾ സമാപിച്ചു. തുടർന്ന് അടുത്ത ദിവസം (13-ാം തീയതി) കാലടിയിൽ നിന്നാരംഭിച്ച ജാഥയ്ക്ക് സ്നേഹോഷ്മളമായ സ്വീകരണം ലഭിച്ചു. അധ്യാപകരും വിദ്യാർത്ഥികളും, തൊഴിലാളികളും ഉൾപ്പെടുന്ന വൻപിച്ച ജനക്കൂട്ടം സ്വീകരണ യോഗത്തിൽ സന്നിഹിതരായിരുന്നു. തുടർന്ന് ആലുവ, കളമശ്ശേരി, എറണാകുളം ബോട്ടു ജെട്ടി, തോപ്പുംപടി, ചെറായി തുടങ്ങിയ സ്ഥലങ്ങളിലെ സ്വീകരണങ്ങൾ ഏററുവാങ്ങി പറവൂരിൽ സമാപിച്ചു.

പറവൂരിലെ സമാപന യോഗം പ്രൊഫ: എം.എൻ.വിജയൻ ഉദ്ഘാടനം ചെയ്തു. സ്വകാര്യ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന ഭരണാധികാരികൾ പാവപ്പെട്ടവർക്കു വിദ്യ നിഷേധിക്കുകയാണ് എന്ന് പ്രസ്താവിച്ചു. നാളുകളായി കാത്തു സൂക്ഷിച്ച വിദ്യാഭ്യാസമൂല്യവും തകരുന്നു. പിന്നിൽ നിന്നു ഭരിക്കപ്പെടുന്ന ഭരണാധികാരികളാണ് നിലവിലുള്ളത്. ജനങ്ങളുടെ വേദന ഏററെടുക്കേണ്ട മന്ത്രിമാർ ഏറെ ഉദാസീനരായാണ് ഭരണം നടത്തുന്നത്.ലോകത്ത് വേണ്ട മുഴുവൻ നഴ്സുമാരെയും ഡോക്ടർമാരെയും എഞ്ചിനീയർമാരെയും കേരളത്തിൽ സൃഷ്ടിക്കാനുള്ള തന്ത്രപ്പാടിലാണ് ഭരണാധികാരവർഗം. സ്വകാര്യ വിദ്യാഭ്യാസം ധനികന്റെ മാത്രം വിദ്യാഭ്യാസമാണ്. ഇതിനെതിരായുള്ള സമരം അധ്യാപകർക്കുവേണ്ടി മാത്രമല്ല എന്നു 'മറിച്ച് സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടിയാണ്



എന്നു' പ്രൊഫ: എം.എൻ. വിജയൻ അഭിപ്രായപ്പെട്ടു.

പറവൂർ കെ.എസ്.ആർ.ടി.സി. പഴയ സ്റ്റാൻഡിൽ നടന്ന ചടങ്ങിൽ സ്വാഗതസംഘം ചെയർമാൻ എം.കെ.ചിദംബരൻ അധ്യക്ഷനായി. ജാഥാ ക്യാപ്റ്റൻ പ്രൊഫ: തോമസ്ജോസഫ് സ്വീകരണങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് സംസാരിച്ചു. എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് ദിനേശൻ പുത്തേലത്ത് പ്രതിജ്ഞ ചൊല്ലി. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കെ.ഇ.രാമകൃഷ്ണൻ, എ.കെ.പി.സി.ടി.എ. മുൻ പ്രസിഡന്റ് ഡോക്ടർ : ജോയി ജോബ് കുളവേലി, പി.രാജു എക്സ് എം.എൽ.എ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ●

# സർവീസ് പംക്തി

ജനന തീയതി കൃത്യമായി അറിയാത്ത ഒരാൾ സർവീസിൽ പ്രവേശിക്കുകയാണെങ്കിൽ അയാളുടെ ജനനതീയതി എങ്ങിനെ നിർണയിക്കും.

ശ്രീ.മനോജ്കുമാർ, തൃപ്പൂണിത്തുറ

ഒരു ഉദ്യോഗസ്ഥന്റെ ജനനവർഷം അറിയാമായിരിക്കുകയും, മാസവും തീയതിയും അറിവില്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം, ആ വർഷം ജൂലൈ 1-ാം തീയതി അയാളുടെ ജനന തീയതിയായി പരിഗണിക്കണം. തീയതി മാത്രം അറിയാതെ വരുന്ന പക്ഷം ജനന മാസത്തിലെ 16-ാം തീയതി ജനന തീയതിയെന്നു കണക്കാക്കണം.

23-8-1995 ൽ M.Phil ഡിഗ്രിയോടെ പ്രൈവറ്റ് കോളജ് സർവീസിൽ കയറിയ എനിക്ക് 23-8--2000 ൽ Senior Scale ൽ Placement കിട്ടി. Advance increment ചേർത്ത് Senior Scale ൽ ശമ്പള നിർണയം സാധിക്കുമോ? Selection Grade ന് അർഹത നേടുന്നത് ഏത് തീയതിയിലാണ്?

ശ്രീമതി. ശ്രീകുമാരി തലശ്ശേരി

Senior Scale ൽ Placement ലഭിക്കുമ്പോൾ advance increment ന് ആർക്കും അർഹത ഇല്ല. എന്നാൽ Ph.D Degree യുള്ള ഒരാൾ Selection Grade ലേക്ക് പ്രവേശിക്കുമ്പോൾ 2 advance increment ന് അർഹത ഉണ്ടായിരിക്കും.

Senior Scale ൽ 5 വർഷം പൂർത്തിയാകുമ്പോൾ Selection Grade ന് അർഹത നേടും. നിങ്ങൾക്ക് 23-8-2005 ൽ Selection Gradeൽ Placement ലഭിക്കും.

---

തിരുത്ത്

*171-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ച സർവീസ് പംക്തിയിൽ സ്പെഷ്യൽ ക്യാഷ്വൽ ലീവ് ഒന്നാം നിയമത്തിൽ വന്ന തെററ് തിരുത്തി താഴെ പ്രസിദ്ധീകരിക്കുന്നു.*

ഇത് മെഡിക്കൽ സർട്ടിഫിക്കററിൻെറ അടിസ്ഥാനത്തിൽ നൽകുന്ന പ്രത്യേക കാഷ്വൽ ലീവ് ആണ്. small pox, plague, cholera, typhoid, pheumonia, diphtheria, cerebro spinal menegitis എന്നീ രോഗങ്ങളിലേതെങ്കിലും ഉദ്യോഗസ്ഥൻ താമസിക്കുന്ന വീട്ടിലെ അടുത്ത ബന്ധുവായ ഏതെങ്കിലും അംഗത്തിന് പിടിപെട്ടിട്ടുണ്ടെങ്കിൽ ആ ഉദ്യോഗസ്ഥന് അനുവദിക്കുന്ന അവധിയാണ് special casual leave.

---

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

**പ്രൊ. ടി.എൻ. മനോഹരൻ**
വടയക്കാട് ഹൗസ്, കുന്നുകുഴി പി.ഒ., തിരുവനന്തപുരം

# Human Resource Management and Organisational Commitment

## A Study of Managers in Co-operatives

**Jacob Thomas**
Dept. of Commerce
St.Gregorios College,
Kottarakara.

*Guide*
**Dr.K.Sasikumar**
Professor and Dean
Dept. of Commerce,
University of Kerala.

Human Resource Management may be viewed as a subsystem of organisations. HRM is concerned with the acquisition, placement, maintenance, development and exit of the human resources of an organisation. It is executed through the mechanisms of recruitment, selection, compensation, performance appraisal, career planning, and training and development of personnel.

The efficiency of an organisation depends to a great extent on the proper utilization of its human resources. Efficient and effective HRM becomes the key to the excellent performance of an organisation. An organisation cannot pros-

# ABSTRACT OF Ph.D THESIS

per, grow or even survive without adequate human resources. This aspect is often neglected in the management of the co-operatives in Kerala. Today, the most important need of our co-operative organisations is to improve the operational efficiency of their staff at all levels so as to raise the overall managerial competence. Moreover, the efficient functioning of a co-operative organisation mainly depends upon the commitment and competence of the employees. But the co-operative organisations in the state have neglected manpower planning in the recruitment of human resources to various categories of their personnel. Unscientific methods of selection are followed in the co-operatives.

**Objectives of the Study**

1. To study the policies and practices pertaining to the recruitment and selection, compensation, performance appraisal, career planning and training and development of managers working in selected co-operatives in the state.

2. To compare and contrast the motivations of managers working in selected co-operatives.

3. To examine the expectations of managers in selected co-operatives in respect of job characteristics.

4. To examine and measure how the job satisfaction function leads to the organisational commitment of managers working in selected co-operatives.

5. To analyse the relationship between the socio-economic background and attitudes of the managers with their organisational commitment in selected co-operatives.

6. To make recommendations based on the findings of the study.

**Methodology**

The study is designed as an analytical one based on the survey method. Both primary and secondary data have been used for the study.

**Sample Design**

The study was restricted to apex co-operative societies in Kerala. For the purpose of the study ten apex co-operative societies were selected from the different regions of the state, on the basis of Judgement Sampling.

The data collected for the study have been processed and analysed with the help of Computer Software -SPSS. Statistical techniques viz. ANOVA, Chi-square test, Multiple Regression, and Factor Analysis were used for the purpose of analysis.

**Major Findings of the Study**

1. A scientific manpower planning is not being followed in the co-operatives.

2. The majority of key positions in the co-operatives are occupied by deputationists.

3. A uniform pattern of selection process is not followed in the co-operatives.

4. Credit societies are having better pay structure than non-credit socieities.

5. All the co-operatives provide appropriate institutional and on the job training to their employees.

6. Credit socities provide more training facilities-to their employees than non-credit societies.

7. Managers are not interested in attending training programmes due to lack of incentives.

8. Majority of the co-operatives have not implemented the performance appraisal system either for promotion or for other benefits.

9. Managers of credit societies are more motivated than the managers of non-credit societies due to the better image of their organisation, salary and other benefits, and job security.

10. Managers of credit societies are more satisfied than their counterparts in non-credit societies.

11. The three major factors identified as important in measuring the commitment of managers in co-operative societies are Emotional Attachment and Loyalty of managers towards the organisation and Working Environment. ●

SPORTS LINE

# Are we Night eaters or Light eaters

M.J. Manoj

SN College Chempazhanthy

Work is worship- Our teacher taught us to do hardwork- for hardwork pays. But they never told us what next, after work. Unfortunatly this simple behavioral technique of what to do and what not to do after work is never taught.

At the end of a tough day most of us let our gaurd down and indulge in over eating. We actually eat half or more of our daily calories at night. This condition can be put to as "night eating syndrome". The root cause of our problem -chronic day time;stress and tension that last into the evening are similar. And when the days grow short and the weather segues from mild to wild, matters can even get worse.

On an average 80% of us are 10-15 kg above our optimum bodyweight level for the age we are in. There is absolutly no exercise or less excercise for that matter, with our mind working harder than our body, which makes matter worse. While it is untrue that calories consumed at night are more likely to turn to fat rather than muscle teachers who over eat at night are more likely to consume too much food overall - and that makes you fat. Thus we help overselves in increasing our total cholesterol, trighyceride, HDC cholesteol, LDL cholesterol etc, in our blood leading to the "elite class" diseases.

It is high time to make a proper eating and exercise program so as to get over this 'nighteating syndrome.'

## DO SOMETHING FUN AT NIGHT

The curse of the eight hour workday is that you don't have to let loose until the evening but when happy hour rolls around you are often too tired to enjoy it. And stress and tension can translate directly into over-eating. When we are tensed, bored or our mood is down, we are likely to use food to comfort ourselves to change the state of mind. Mostly, use of late night drinks, 'hot drinks' as we put it, to relieve pressure will help to increase the cousumption of food, thus `night- eating syndrone' set in The way out of this is to lift our mood through enjoyable activities. Play on your favourite CD, go to movie, anything that engages you and is creative is advised, schedule a hot date instead of hot drinks, or go out with friends in the evenings.

## TRY A HOT BEVERAGE

Often, what you are really craving on a chill autumn night isn't food at all but just the comfort of something warm in your stomach. A cup of high quality decat coffee, herbal tea, hot cider or low suger coca- preferably sipped along side a loved one by a blazing fire -place, can satisty this need nicely.

## DON'T LET THE SEASON GET YOU DOWN

By the fall of winter our night time over-eating can be related to 'seasonal affective disorder', a condition in which lack of sunlight affects your brain chemistry causing feelings of listlessness, lethargy and possibly even depression. To counter these feelings, our body generates cravings for sweet food or fast burning crabs that are high on the glycemic index. Even a very mild onset of this phenomenon can contribute to unrestrained snaking. "This seasonal affective disorder syndrome" affects our female col-

leagues more becauses they shield themselves under the shade of umbrella to avoid sunlight. This time we must try to eat meals that are higher in either protein or complex crabs.

### DON'T LIMIT YOUR DAYTIME EATING OR SKIP MEALS

In an attempt to reduce body weight or because there is no time to eat a proper meal during the day, you might end up skipping on breakfast and lunch. Problem is, if we cut too far back during the day we are likely to be frantically hungry by dinner time. If we stuff ourselves at night we will be less hungry in the morning, which means the whole destructive food cycle will start. It is always advised to have a proper meal during the day.

### CUT DOWN ON ADULT BEVERAGES

Alcohol lowers our inhibitions and raises our appettite further encouraging us to over-eat at night. "It is right? Better ask a colleague, who uses AB". It also adds to the overall number of empty calories we are getting. So cutting down or stopping entirely the use of AB will go a long way towards helping you lose excess body fat. Drinking at night can interfere with your sleep too. So even if we aren't trying to loose body fat, a glass or two of wine or beer with dinner should be the limit.

### GIVE A CUT OFF TIME

This is a simple behavioural technique, we most not eat anything after a certain time in the evening. This will help us to sleep better and have less heartburn, if we give ourselves a few hours to digest our food before going to bed. Before we know this - it will be time for the morning walk.

### EAT A HEALTHFUL, FILLING DINNER

Working late or going out at night is no excuse to make a heaping bowl of cap'n cruch evening meal. Low fat protein, complex crabs and fiber are as important at night as they are during the day, and satistying food will make us a lot less likely to want to snack later. Frozen dinners angmented with a serious salad should not be a daily menu. Keep in touch with time during dinner. Remember to leave at least an hour between sleep and dinner to ensure a good night's sleep.

### ALSO ENSURE TO KILL YOUR TV TIME

Studies show that, the more TV we watch the more likely we are to be obese. Watching TV while we eat leads to the kind of oblivious snacking that can go on for hours. There is more chance to getting the "elite class" diseases by this habit. To break this habit simply set a rule that we won't eat and watch TV at the same time.

All these habits when put to practice can get us back to becoming a fit and fair teacher, above all the standard world can set for we- "the teachers".

# Mr. University College' n back-pain

We started for the hospital to visit a collegue. I had been riding slowly in the city traffic. As we approached the hospital I heard a loud cry, It felt like my pilloni rider had been hit on the back by someone else. It was a desperate painful cry. My pillion rider a healthy, good looking teacher A socialist and a moderate person. Incidently he was "Mr University college", during his studentship.

It is backpain, on enquiring he said. Surprisingly my motorbike had a good shock absorber, so I wondered what went wrong. Finally answer came from him - "pain due to excessive excercise or wrong way of doing it." It

was 'sit -ups', exercise for strengthening and flattening the belly, that might have put him in pain.

We are not greedy, We would settle for a slightly flatter look and a bit more muscle tone. But no matter how many crunches you do , it seems impossible to firm and define those elusive middle muscles, the muscles of 'the stomach'

Given our obsession to belly, after a particular age we just give up trimming it , thinking that 'pot belly' is an occurance of age and that our physical outlook has to change with time . All these are misconception . If we really excercise no matter the age, we can flatten and tone our abdomen muscles.

Great care and excellent technique are required to strengthen the abdominal muscles with sit ups. To do a sit -up lie on your back with your knee bent about $90^0$ and feet flat on the floor, raise your torso, shoulders and head to 12 inches Tense your abdominal muscles and hold this position for a few seconds . Return slowly to the floor and repeat . To aviod neck injury, hold your hands at both sides across your chest and feel the push of the upper body on the abdominal muscles. Do not interlace your fingers behind your head or neck.Do not pull your torso upwards from lying position towards the knee. This will involve more powerful group of muscles like the hip and knee flexors . It can be a waste of time and possibly even harmful. Due to twisting of elbow to knee tremendous rotational stress on the lower back took place leading to injury to lower back.

Stengthening the 'abs' will not remove fat from the waistline . There is no such thing as 'spot reduction', because muscle do not fuel exercise by using the fat that surround them, instead during exeruse the body tends to mobilise fat from storage depots throughout the body , so that the fact used as fuel during sit ups may come from the legs, back, face or other area.

To remove body fat you must burn calories and lots of them. The abdominal muscle group is relatively small and the number of calories expended during a bout of sit ups is minimal. A brisk walk or jog will expend more calories than hundreds of 'sit -ups'.

# The fatigued college life

Here we go after the days work, stooping body, pale face stiff back and at a snaling pace we prepare for our journey back home . The picture of a fatigued teacher . There are many reasons for fatigue - symptom of blood sugar disturbance , low thyroid function or virtually any chronic illness. These are all physiological basis of fatigue which are less common.

The common basis of a fatigued college teacher is his ``mental and physical tension'' due to work, a nutrient poor diet, lack of sleep, not enough exercise and improper breathing habits.

To reduce fatigue.-

**CLEAN UP YOUR DIET**

Eliminate caffeine, alcohol and any concentrated sugars. Eat a balanced whole foods diet . Take a high potency multivitamin and mineral supplement.

**GET ENOUGH REST**

The amount of sleep we need depends on many things , including our age and our levels of stress and activity.

**EXERCISE DAILY**

Even if you feel tired, walking will relieve tension , oxygenate your cells and build endurance. Flowing types of excercise such as yoga enhance organ and gland function as well as build energy.

All these practies can help us to get back on track and at home-stretch it will make us look the same way as we reached the college by the morning bell -*"Fatigue - far and fought"* •

**KERALA GAZETTE**
**Vol XLVII, 10th April 2002, No: 448**

**GOVERNMENT OF KERALA**
**Finance (Rules) Department**

**NOTIFICATION**

G.O(P)No.192/02/Fin-Dated, Thiruvananthapuram, 1st April, 2002.

S.R.O.No 255/2002- In exercise of the powers conferred by sub-section (1) of section 2 of the Kerala Public Services Act, 1968 (19 of 1968), read with Section 3 thereof, the Government of Kerala hereby make the following Rules further to amend the Kerala Service Rules, namely:-

**RULES**

(C.S.No 9/2002)

1. Short title and commencement - (1) These Rules may be called the Kerala Service (Amendment) Rules, 2002.

(2) They shall come into force at once.

2. Amendment of the Rule - In Part I of the Kerala Service Rules, in Rule 156, for the first sentence of the 'Note' the following sentence shall be substituted, namely:-

"The term 'gross sanctioned cost of service' shall also include Dearness Allowance and other Compensatory Allowances, Bonus/Special Festival Allowance, Interim Relief, Conveyance Allowance and all other allowances that the employee would have drawn had he been working in the Government Service at the same place".

By Order of the Governor
Sudha Pillai, Principal Secretary (Finance)

*Explanatory Note*

(This does not form part of the notification, but is intended to indicate its general purport).

In Rule 156, Part I Kerala Service Rules, the term 'gross sanctioned cost of the service' does not include Interim Relief and Conveyance Allowance. Since Interim Relief and Conveyance Allowance are regular part of payment to the employees, it has become necessary to recover the Interim Relief and Conveyance Allowance also from the concerned foreign employer from whom the recovery under Rule 156, Part I, Kerala Service Rules is to be made.

This notification is intended to achieve the above object.

**GOVERNMENT OF KERALA**
**Finance (Pension-B) Department**

**CIRCULAR**

No.30/2002/Fin-Dated, Thiruvananthapuram, 16th May, 2002.

Sub:- Grant of compassionate allowance to dismissed/removed-employees—Clarification—Reg.
Ref:- Lr. No P1/G1/6-44/2001/2002/303 dated 21-12-2001 from the Accountant General (A&E), Kerala, Thiruvananthapuram.

As per Government Decision under Rule 5 (a) Part III, KSRs, the authority competent to dismiss the Government employee will be the authority competent to sanction compassionate allowance in deserving cases.

As per the letter cited, Accountant General has informed that compassionate allowance is being

sanctioned in so many cases with retrospective effect from several years back, as a result of which a huge amounts of arrears is to be disbursed. Hence the Accountant General suggests that compassionate allowance may be sanctioned with prospective effect.

Government have examined the matter in detail and accept the suggestion of the Accountant General. Accordingly, all Heads of Departments are directed that here after compassionate allowance will be sanctioned in deserving cases with prospective effect only.

V.M.Venugopalan
Additional Secretary (Finance Department)

## GOVERNMENT OF KERALA

ABSTRACT

Advance Salary To State Government And Teachers - Recovery - Modified - Orders Issued.

### FINANCE (SS) DEPARTMENT

G.O(P) No 471/2002/Fin Dated, Thiruvananthapuram, 18th July, 2002.

Read:- G.O(P) No. 144/2002/Fin dated 18-3-2002.

### ORDER

As per the G.O read above Government had sanctioned advance salary to employees and teachers in the wake of the general strike during February - March 2002. It was ordered that the advance should be recovered in three consecutive equal instalments starting from the salary for July 2002.

Many service organisations have requested Government to reconsider the mode of recovery of the advance salary in view of the impending Onam Festival.

Government have examined the matter in detail and are pleased to modify the recovery schedule ordered in the Government Order read above on the following lines.

1. No recovery on account of advance salary sanctioned in the G.O read above shall be effected from the salaries for the months of July 2002, August 2002 and December 2002.

2. The recovery shall be effected in five equal instalments from the salary for September 2002, October 2002, November 2002, January 2003 and February 2003.

By Order of the Governor,
V.S.Senthil, Secretary(Finance Expenditure)

## GOVERNMENT OF KERALA

**Abstract**

UGC - Implementation of UGC scheme - work load of teachers - further orders issued.

### HIGHER EDUCATION (C) DEPARTMENT

G.O(P) No 84/2002/H.Edn Dated, Thiruvananthapuram, 20-7-2002.

Read:- G.O(P) No 171/99/H.Edn dated 21-12-99.

### ORDER

As per the G.O read above Govt. issued orders on the implementation of UGC scheme including revision of pay scales of teachers to Universities and Colleges in Kerala. The order was issued as a package covering emoluments, work load, method of recruitment, accountability etc.

2. The work load in terms of direct teaching hours is fixed as 16 hours for a Lecturer/Senior Lecturer/Lecturer (Sel.Grade) and 14 hours for Readers and Professors. The University statutes provide for a lesser number of teaching hours and the same have not yet been amended.

3. It is brought to notice of Govt. that many teachers are reluctant to accept the work load stipulated in the G.O read above. Since the UGC scheme has been introduced as a package, teachers cannot be allowed to opt out of the higher work load alone.

4. In the circumstances Govt. Order that the pay revision and other benefits of UGC scheme will be admissible only to teachers who are willing to work as per the revised norms of work load. In case, any teacher is unwilling to adopt the work load in the UGC scheme on the ground that the statutes provide a lesser work load, he will be given the choice to opt for the same, on the basis of a written statement to this effect, to the Principal of the College. They will be allowed only the pre-revised state scale of pay and the excess amount paid with effect from 1-1-96 on the basis of the UGC scale will be recouped from such teacheres in lump. Such teachers shall continue in the pre-revised scale and the revision of pay with effect from 1-1-96 shall not apply to them.

By Order of the Governor
K.Mohan Das, Principal Secretary to Govt.

---

**GOVERNMENT OF KERALA**

No.17796/D2/02/H.Edn
Higher Education (D) Department Thiruvananthapuram, dated 24-7-2002.

From

The Principal Secretary to Government.

To,

Prathapachandran Nair
General Secretary, AKPCTA
MG College, Thiruvananthapuram

Sir,

Sub:- Private College - Identifying surplus teachers norms for calculation of work load and determining surplus teachers modified order forwarding of - regarding.

Ref:- 1.G.O(MS) No 61/02/H.Edn dated 17-6-2002.
2.G.O(MS) No 90/02/H.Edn dated 23-7-2002.

I am directed to forward herewith a copy of the reference 2nd cited for your information.

Yours faithfully,
Jolly George, Under Secretary
for Prl.Secretary to Government

---

**GOVERNMENT OF KERALA**

**Abstract**

Private Colleges - Identifying surplus teachers - norms for calculation of work-load and determining surplus teachers - Modified - Orders Issued.

**HIGHER EDUCATION (D) DEPARTMENT**

G.O(MS)No 90/2002/H.Edn Dated, Thiruvananthapuram, 23-7-2002.

Read:- 1.G.O(MS) No 61/2002/H.Edn dated 17-6-2002.
2.Minutes of meeting of the representatives of K.P.C.T.A held by Minister (Education) on 3-7-2002.

**ORDER**

In modification of the G.O read above, Government are pleased to order as follows:

1) Practicals for P.G Courses will also be taken into account for fixing the weightage for P.G.

teaching.

2) A relaxation of two hours will be allowed for the Heads of departments and 3 hours in case the department has P.G. programme.

3) Surplus teachers will be accomodated against even, when there is and excess of one hour.

4) The above conditions will be applicable only for the temporary retention of surplus hands in the concerned institutions. No post will be permanently allowed for the same.

By Order of the Governor
Jolly George
Under Secretary to Government.

---

## GOVERNMENT OF KERALA

### Abstract

Higher Education - Technical - Conferring of autonomy to Govt. Engineering College, Thiruvananthapuram - Steps taken - Orders issued.

### Higher Education (G) Department

G.O.(MS) No.111/2002/H.Edn. Dated, Thiruvananthapuram, 26-8-2002.

Read: G.O(MS) No 62/2002/H.Edn dated 20-6-2002.

### ORDER

Govt. have been considering various measures for the improvement of the quality of Technical Education in the State. As part of the measures, it has been decided that a few technical educational institutions should be developed as centre of excellence. Institutions of excellence cannot function under rigid supervision by the authorities, whether it is Govt. or the Universities. Govt. resources are limited and inadequate, and the procedures are not fully suitable for institutional development. There is no incentive for initiative, and there is hardly any source of belonging or ownership for the teacher who are the backbone of any academic activity. There has to be a dynamic administrative system, with the power to take the relevant decisions within the institution itself.

2. The Govt. of India has prepared a project for World Bank assistance for the quality improvement in technical education. The project is aimed to support production of high quality technical professional by reforming the engineering education system for achieving and propagating excellence. Kerala is one of the six States identified for the first phase of the programme by Govt. of India for the World Bank assistance to improve the quality of Engineering Education. The project idea involves the identification of a few lead institutions to which the other selected institutions will be net worked. The programme will cover the development of the lead and the networked institutions.

3. Govt. have considered the proposal for giving administrative, financial and academic autonomy to four Engineering Colleges under the Dept. of Technical Education, namely (i) College of Engineering, Thiruvananthapuram, (ii) Govt. Engineering College, Thrissur (iii) RIT, Kottayam and (iv) Govt. Engineering College, Kannur. Conferring of administrative autonomy involves the conversion of the institution as a separate autonomous legal entity, registered as a Society. Financial autonomy would imply the introduction of a Block Grant system. Regarding academic autonomy, Govt. have already given its concurrence as per the G.O cited.

4. Govt. are pleased to agree to the proposal in principle. Steps will be initiated to confer autonomy on the College of Engineering, Thiruvananthapuram alone at present. Detailed orders in the matter will be issued separately.

By Order of the Governor
K.Mohandas
Principal Secretary to Govt.

# ഓർമയിൽ തെളിയുന്ന ഇ.കെ.എൻ.

കാവുമ്പായി ബാലകൃഷ്ണൻ



ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ അധ്യാപകനായ പ്രൊഫ. ഇ.കെ.നാരായണനും ഭാര്യ നളിനിയും ആഗസ്റ്റ് 24ന് തൃശൂരിലെ കുതിരാനിൽ ഉണ്ടായ വാഹനാപകടത്തിൽ മരിച്ചു. കേരളത്തിലെ പുരോഗമനപ്രസ്ഥാനങ്ങളുടെ പ്രവർത്തകർക്ക് ഇപ്പോഴും പൊരുത്തപ്പെടാനാവാത്ത യാഥാർത്ഥ്യമായി നിലനിൽക്കുകയാണ് അവരുടെ അകാലികവും അപ്രതീക്ഷിതവും ആകസ്മികവുമായ ദാരുണാന്ത്യം.

പരിചയപ്പെടുന്നവരെയെല്ലാം തന്റെ സ്നേഹവലയത്തിലേക്കാകർഷിക്കാൻ അസാമാന്യമായ കഴിവുണ്ടായിരുന്നു അദ്ദേഹത്തിന്. അതുല്യനായ സംഘാടകൻ ഉജ്വലനായ പ്രഭാഷകൻ, പ്രഗത്ഭനായ അധ്യാപകൻ ഇങ്ങനെ ഒട്ടേറെ വൈശിഷ്ട്യമാർന്ന വ്യക്തിത്വമായിരുന്നു ഇ.കെ.എന്റേത്.

പഠിക്കുന്ന കാലത്ത് വിദ്യാർത്ഥി പ്രസ്ഥാനത്തിലും പിന്നീട് യുവജനപ്രസ്ഥാനത്തിലും ഇ.കെ.എൻ. സജീവമായി പ്രവർത്തിച്ചു. 1979-ൽ ക്രൈസ്റ്റ് കോളജിലെ ഫിസിക്സ് വിഭാഗത്തിൽ അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. കോളജധ്യാപകനായതിനുശേഷവും രാഷ്ട്രീയപ്രവർത്തനം തുടർന്നു. സി.പി.ഐ.(എം) കൊടകര ലോക്കൽ കമ്മിറ്റി സെക്രട്ടറിയായും ഹെഡ്ലോഡ് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയന്റെ പഞ്ചായത്ത് സെക്രട്ടറിയായും അദ്ദേഹം നീണ്ടകാലം പ്രവർത്തിച്ചിട്ടുണ്ട്.

എൺപതുകളുടെ ആദ്യത്തിലാണ് ശാസ്ത്രസാഹിത്യപരിഷത്തുമായി ബന്ധപ്പെടുന്നത്. പരിഷത്തിന്റെ യൂണിറ്റ് മേഖലാ ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ച ഇ.കെ.എൻ. രണ്ടുവർഷം സംസ്ഥാന ട്രഷററായും രണ്ടുവർഷം ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. രണ്ടുവർഷം പരിഷത്തിന്റെ പ്രസിദ്ധീകരണ സമിതി കൺവീനറായിരുന്നു. മരിക്കുന്ന സമയത്ത് പരിഷത്തിന്റെ ഉന്നതവിദ്യാഭ്യാസ സബ്കമ്മിറ്റി കൺവീനറായിരുന്നു.

AKPCTA ക്രൈസ്റ്റ് കോളജ് ബ്രാഞ്ചിന്റെ പ്രസിഡന്റായും സെക്രട്ടറിയായും ഇ.കെ.എൻ. പ്രവർത്തിച്ചിട്ടുണ്ട്. സംഘടനയുടെ പ്രതിനിധിയായി സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസിലും ഫാക്കൽറ്റിയിലും അംഗമായിട്ടുണ്ട്. സംഘടനാ പ്രവർത്തനങ്ങളെയും പഠന-പഠനേതരമേഖലകളിലെ പ്രവർത്തനങ്ങളെയും അദ്ദേഹം കൂട്ടിയിണക്കി. നന്നായി പഠിക്കലും നന്നായി പഠിപ്പിക്കലും സംഘടനാ പ്രവർത്തനത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. പോരാളിയുടെ വീറും വാശിയും ഈ മേഖലകളിലും അദ്ദേഹം പ്രദർശിപ്പിച്ചു.

ഇ.കെ.എൻ.ക്രൈസ്റ്റ് കോളജിലെ അധ്യാപകൻ മാത്രമായിരുന്നില്ല. ഇടതുപക്ഷ പുരോഗമനപ്രസ്ഥാനങ്ങളുടെ പഠനക്യാമ്പുകളിലെ സ്ഥിരം അധ്യാപകനുമായിരുന്നു. അധ്യാപനവൈഭവം അവിടെയും അദ്ദേഹത്തെ പ്രിയങ്കരനാക്കി.

പ്രഭാഷകൻ എന്ന നിലയ്ക്ക് ഏതൊരു സദസ്സിനെയും ആവേശം കൊള്ളിക്കാനും പ്രചോദിപ്പിക്കാനും അദ്ദേഹത്തിന് അനിതരസാധാരണമായ കഴിവുണ്ടായിരുന്നു.

46 വർഷം മാത്രം ദൈർഘ്യമുള്ള ജീവിതയാത്രയുടെ ഒടുവിൽ ഏകമകൻ അപ്പുവിനെ നമ്മുടെ കൂടെ നിർത്തിക്കൊണ്ട് അദ്ദേഹവും ഭാര്യയും യാത്ര പറഞ്ഞു. എങ്കിലും ഇ.കെ.എൻ. തന്റെ സ്മരണകളിലൂടെ കൂടുതൽ സജീവമായിക്കൊണ്ടിരിക്കുന്നു.

R.No. 36025/81
No. 172

KERALA PRIVATE COLLEGE TEACHER

Registered. No. KL/TV (N) 35/2002
September 2002

# എ. കെ. പി. സി. ററി. എ
# സംസ്ഥാന പ്രവർത്തക ക്യാമ്പ്
## 2002 സെപ്തംബർ 28 – 29 തീയതികളിൽ

## ക്രിസ്തുരാജാ അനിമേഷൻ സെൻറർ

## കൊട്ടിയം, കൊല്ലം ജില്ല

**ഡോ. പി.കെ. രാജൻ**
വി.സി. കണ്ണൂർ യൂണിവേഴ്സിററി,
**സ. കെ.എൻ. രവീന്ദ്രനാഥ്**
സി.ഐ.ടി.യു,
**സ. കെ. വരദരാജൻ**
പ്രസിഡൻറ്, എൻ.ജി.ഒ യൂണിയൻ,
**ജസ്റ്റീസ് ഡി. ശ്രീദേവി**
വനിതാ കമ്മീഷൻ മുൻ അദ്ധ്യക്ഷ,
**ശ്രീമതി. സോണി കോമത്ത്**
വൈസ് പ്രസിഡൻറ് കെ.എസ്.ടി.എ.

എന്നിവർ പങ്കെടുക്കുന്നു

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 463494, Fax: 0471-468984, e-mail:akpcta@eth.net, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 471904, Fax: 478013, Fax: 471904, Typeset: Genial, T-vpm. Phone: 325789, Chief Editor: K. Jaganathan Nair